വചനത്താൽ ഉളവായ നിന്ദ

നന്ദി, നെവിൽ സഹോദരാ. [നെവിൽ സഹോദരൻ പറയുന്നു, "ആമേൻ."—Ed.]

ഞാൻ നെവിൽ സഹോദരനോട് ചോദിച്ചു, "നിങ്ങൾക്ക് ഇന്ന് രാവിലെ ഒരല്പം അഭിഷേകം ലഭിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് ഉറപ്പാണോ?"

2 രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ താഴേക്ക് വന്നിരിക്കുന്നു. ഞായറാഴ്ച അതിരാവിലെ ഞങ്ങൾക്ക്...അവിടെ ചിലർ ഒത്തുകൂടിയിരുന്നു. ഞാൻ അവിടെ വെച്ച് എന്താണ് മനസ്സിലാക്കിയതെന്നാൽ, എനിക്ക് അവരെ ഇവിടെ ആലയത്തിൽ കിട്ടിയിരിക്കണം. ആലയത്തിനു ചുറ്റുമുള്ള രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ് നല്ലതെന്ന് ഞാൻ—ഞാൻ എപ്പോഴും കരുതിയിരുന്നു. എനിക്കറിയില്ല. ഞാൻ ആലയം ഇഷ്ടമാണ്, എവിടെയാണോ കൂടിവരവ് ഉള്ളത് അവിടേക്ക് ഇറങ്ങി ചെല്ലുക, ഇവിടെയുള്ള ആളുകൾ പ്രാർത്ഥിക്കുന്നു.

3 അവിടെ പിന്നിൽ ഒരു കൊച്ചു പെൺകുട്ടി ഉണ്ടായിരുന്നു, സുന്ദരി പെൺകുട്ടി, എന്താ, ആ ആളുകൾ വീട്ടിലേക്ക് പോയിട്ടില്ലെങ്കിൽ, അവൾ ഇപ്പോൾ എവിടെയെങ്കിലും ഇരിക്കുന്നുണ്ടാകും എന്നു ഞാൻ കരുതുന്നു. ഓ, ഇപ്പോൾ എനിക്ക് കാണാം. അത് ഏറ്റവും മനോഹരമായ ചെറിയ കാര്യമാണ്. അവൾക്ക് തീരെ സുഖമില്ല. അന്യ ഭാഷകളുടെ സന്ദേശവും വ്യാഖ്യാനവും മുന്നോട്ട് പോകുമ്പോൾ, ഞങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നിട്ട്, ഒരു കൊച്ചു പെൺകുട്ടിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടാകാം എന്നും ഞങ്ങൾ വിചാരിച്ചു. കർത്താവ് ഒരു സന്ദേശം നൽകിയോ, അവിടെ എന്തു പറയണം എന്നറിയാൻ ഞങ്ങൾ കാത്തിരുന്നു. ആ കൊച്ചു പെൺകുട്ടി ഇപ്പോൾ ശരിയായിരിക്കുന്നു എന്നു ഞാൻ കരുതുന്നു, മാത്രമല്ല സുഖമാകാനും പോകുന്നു. അതുകൊണ്ട്...

4 കൂടാതെ, കാഴ്ച നഷ്ടപ്പെട്ട ഒരു മഹിള അവിടെ ഉണ്ടായിരുന്നു, ഞങ്ങൾ അവൾക്കു വേണ്ടിയും പ്രാർത്ഥിച്ചു. ഒരു മനുഷ്യൻ ആംബുലൻസിൽ അവിടെ ഉണ്ടായിരുന്നു, ഒരു ദൈവ ദാസൻ. ആ മനുഷ്യന് മുപ്പത്തി-അഞ്ചോ അതല്ല, നാല്പതോ പൌണ്ട് ഭാരം വരും എന്നു ഞാൻ നിരൂപിക്കുന്നില്ല. വെറും—വെറും വളരെ, വളരെ... അങ്ങനെ ഞാൻ അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ ഇറങ്ങിവന്നു.

5 ഞാൻ ഒരു വിധം അറച്ചു നിന്നത് എന്തെന്നാൽ, ഒരു ദ്വാരം, എന്റെ പല്ലിൽ അടച്ചിരുന്നു, അതിൽ നിന്നും അത് ഇളകി പോയിരുന്നു. ഇന്ന് രാവിലെ നേരം, എന്റെ ആ പല്ല് ഇരിക്കുന്നിടത്തു, അതിന്റെ മുൻ ഭാഗത്തു കൂടെ, ഞാൻ സ്വയം വിസിലൂതി നടക്കുകയായിരുന്നു. അവർ ഇപ്പോൾ എന്നോടു പറയുന്നത് ഞാൻ അവയെ എല്ലാം ഇളക്കിക്കളഞ്ഞ്, അവയുടെ മേൽ തൊപ്പികൾ വെയ്ക്കണം എന്നാണ്. അങ്ങനെ ഈ വാർദ്ധക്യം ഇഴഞ്ഞു നീങ്ങുകയാണ്, ഞാൻ അറിയുന്ന ഏക കാര്യം അതാണ്. ഞാൻ അതിൽ ഒരു നിറക്കൽ നടത്തിയിരുന്നു, ഏകദേശം അതിന്റെ പകുതിയും, ഞാൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ തന്നെ, നിങ്ങൾക്ക് അത് മനസ്സിലായിരിക്കും, ചുണ്ടുകൾക്ക് ഇടയിലൂടെ, കാറ്റ് പുറത്തേക്ക് തള്ളിവിടുന്നതു പോലെ, ഞാൻ ഉദ്ദേശിക്കുന്നത് എന്താണെന്നു നിങ്ങൾക്ക്—നിങ്ങൾക്കറിയാം. ഇത് ഒരുതരം, നിങ്ങളെ കൊഞ്ഞ പറയുന്നതു പോലെയാകുന്നു.

6 ഇന്ന് രാവിലെ ജീവിച്ചിരിക്കാനും, ആലയത്തിൽ വരാനും കഴിഞ്ഞതിൽ നാം തീർച്ചയായും ഒരു വിശേഷാവകാശമുള്ള ജനമാണ്. ക്രിസ്തുമസിന്റെ ഈ തലേദിവസം, അവർക്ക് ഉണ്ടാകാറുള്ള ആഘോഷത്തിനായി കാത്തിരിക്കുന്നു, അത്, ഞാൻ—ഞാൻ പ്രതീക്ഷിക്കുന്നത് ഞാൻ...ഇന്ന് രാവിലെ ഇവിടെ ധാരാളം കുട്ടികളുണ്ട്, അതിനാൽ ഞാൻ നിശബ്ദമായി നിൽക്കണം. കണ്ടോ? മുതിർന്നവരായ നാം, ചിലപ്പോൾ കുട്ടികൾ കേൾക്കാൻ പോലും പാടില്ലാത്ത കാര്യങ്ങൾ സംസാരിക്കും, നിങ്ങൾക്കറിയാം.

7 പക്ഷേ, കുറച്ചു കഴിയുമ്പോൾ, കുട്ടികൾക്ക് ഇവിടെ ആലയത്തിൽ നിന്നും ഒരു ചെറിയ സമ്മാനം കിട്ടാൻ പോകുന്നു എന്നു ഞാൻ കരുതുന്നു. അവിടെ പിന്നിലായി, ഞാൻ അതിലേക്ക് വീണ്ടും നോക്കുകയായിരുന്നു. ഓ, നിങ്ങൾ തങ്ങാൻ ആഗ്രഹിക്കുന്നു. സണ്ടേ സ്കൂളിന് ശേഷം, നിങ്ങൾ നീട്ടിവയ്ക്കു, നോക്കു, കാരണം ഇന്ന് രാവിലെ അവർക്ക്, ചെറിയ കൂട്ടുകാർക്ക് നൽകാനായി കുറച്ച് സമ്മാനങ്ങൾ കിട്ടിയിട്ടുണ്ടെന്ന് ഞാൻ—ഞാൻ കരുതുന്നു. ഞാൻ...നിങ്ങൾ ചെറിയ കൂട്ടരേ, ഓർത്തിരിക്കു, ഞങ്ങൾ ഇത് ചെയ്യുമ്പോൾ, ഞാൻ ഇത് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, ഇത് സാന്താ ക്ലോസ് അല്ല, കാരണം അതൊരു കഥയായിരുന്നു എന്നും അതിൽ ഒന്നും ഇല്ലെന്നും ഒരു ദിവസം നിങ്ങൾ മനസ്സിലാക്കും. എന്നാൽ ഇത് യേശു ക്രിസ്തുവിൽ നിന്നാണ്, എല്ലാ സത്യങ്ങളുടെയും സത്യം, നിങ്ങൾ നോക്കു, ദൈവപുത്രൻ. ഇന്ന് രാവിലെ, ഞങ്ങൾ ഈ ചെറിയ സമ്മാനം നിങ്ങൾക്ക് തരുന്നു, കാരണം ദൈവം

മനുഷ്യർക്കു നൽകാമായിരുന്ന ഏറ്റവും വലിയ സമ്മാനം നൽകിയ ഒരു സമയം ഉണ്ടായിരുന്നു അത് നിങ്ങളെ അറിയിക്കുന്നു: അവന്റെ പുത്രൻ. അത് പ്രകടിപ്പിക്കുന്നതിനു, ഞങ്ങൾക്ക് മോശമായ ഒരു വഴിയുണ്ട്. അതുമായി താരതമ്യപ്പെടുത്തിയാൽ ഞങ്ങൾക്ക് ഒന്നും നൽകാനാവില്ല. എന്നാൽ മനുഷ്യരെപ്പോലെ, ഒരാൾ മറ്റെയാളിനോട് എന്നപോലെ, ഞങ്ങൾ ഇത് ചെയ്യുന്നു.

8 ഇപ്പോൾ, അടുത്ത ഞായറാഴ്ച വരെ ഞാൻ കാത്തിരിക്കാൻ പോവുകയായിരുന്നു. എങ്ങനെയും, സാധ്യമായിരുന്നെങ്കിൽ, എന്തിന്റെയെങ്കിലും മേൽ ഞാൻ അതു പറയാൻ ആഗ്രഹിച്ചിരുന്നു. വീട്ടിൽ വെച്ചുണ്ടായ, ഒരു ദർശനത്താൽ, എന്തോ ചിലത് നമ്മെ—അറിയിച്ചിരിക്കുന്നു, എനിക്ക് അതിനെ തീർച്ചയായും പിന്തുടരണം. ഇത് ഒരു തരത്തിലുള്ളതായി...അതു ഒരുതരം, കാഴ്ചയിൽ, കഠിനമായിരിക്കുന്ന വിധം, എന്നാൽ ദൈവം കഠിനനാണ് എന്നു പറയുന്നത് നാം ഒരിക്കലും ചിന്തിക്കാൻ ആഗ്രഹിക്കുന്നില്ല. അവന്റെ—അവന്റെ ഭാരങ്ങൾ ലഘുവാണ്.

9 അത് അടുത്ത ഞായറാഴ്ച, ദൈവം ആഗ്രഹിക്കുന്നെങ്കിൽ, പുതുവത്സരാഘോഷത്തിന് തൊട്ടു മുമ്പ് നമുക്ക് ഇവിടെ ഒരു—ഒരു ശുശ്രൂഷ ഉണ്ടായിരിക്കും, ഈ ശുശ്രൂഷ കർത്താവ് നമ്മിൽ പ്രസാദിച്ചിട്ട് നൽകുന്നെങ്കിൽ ആകുന്നു. ഒരു പ്രഭാത ശുശ്രൂഷ ഉണ്ടായിട്ട്, രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥനയും, ഒരുപക്ഷേ സ്നാന ശുശ്രൂഷയും നടത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്പോൾ ഞാൻ വിചാരിച്ചു, നമ്മുടെ സുഹൃത്തുക്കൾ കടന്നു വരാനായി, ഇത് പരസ്യം ചെയ്യാം. തുടർന്ന് നമുക്ക് ഞായറാഴ്ച രാവിലെയും ഞായറാഴ്ച രാത്രിയും ഉണ്ടായിരിക്കും. പിന്നെയും ജനങ്ങൾ പുതുവർഷത്തിനായി തുടരാൻ ആഗ്രഹിക്കുന്നെങ്കിൽ, തുടർന്ന് നമുക്ക് ഒരു...ഈ സമയം, വാച്ച് വാങ്ങാൻ പോകുന്നുണ്ടോ? [നെവിൽ സഹോദരൻ പറയുന്നു, "അതെ"—Ed.]

10 പുതുവത്സര രാത്രി സംസാരിക്കാനായി, ഇവിടെ നിരവധി ദൈവ ദാസന്മാർ ഉണ്ടായിരിക്കും, അർദ്ധ രാത്രി വരെയും സംസാരിക്കും. കൂടാതെ—മാത്രമല്ല അത്തരം ദൈവ ദാസന്മാർ വന്ന് സംസാരിക്കാൻ ഞങ്ങൾ ക്ഷണിക്കുകയാണ്. കർത്താവിന്റെ ഇഷ്ടമെങ്കിൽ, പുതുവത്സര രാത്രിയിൽ എന്തെങ്കിലും പറയാനുള്ളവരിൽ ഒരാളാകാൻ ഞാനും ആഗ്രഹിക്കുന്നു.

11 അടുത്ത ഞായറാഴ്ച, ചെയ്തു കഴിഞ്ഞിരിക്കുന്നത്, ചെയ്തുകഴിഞ്ഞ കാര്യങ്ങളുടെ ഒരു നിര തന്നെ കൊണ്ടുവരാമെന്നു ഞാൻ വിചാരിക്കുന്നു, ദൈവം തന്റെ ജനവുമായി എങ്ങനെ പെരുമാറുന്നു

എന്ന് കാണിക്കുകയും, അതിനെ സഭയിൽ അതിന്റെ ഒരു—ഒരു ഉച്ചസ്ഥിതിയിൽ എത്തിക്കുകയും വേണം.

12 ഞങ്ങൾക്ക് കടന്നു പോയിരുന്ന ഈ ആദായ നികുതിയുടെ കാര്യത്തെക്കുറിച്ച് നിങ്ങളിൽ പലരും ആശ്ചര്യപ്പെടുന്നുണ്ടാകും. അത് തീർപ്പാക്കിയിരിക്കുന്നു. അതിനാൽ അത് എങ്ങനെ സംഭവിച്ചു എന്നും, കൂടെ ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അടുത്ത ഞായറാഴ്ച, ഇത് വീണ്ടും പറയേണ്ടിവരുമെന്ന് ഞാൻ കരുതുന്നു, അതു ചെയ്യേണ്ടി വരും, എന്നു ഞാൻ കരുതുന്നു, അതിനാൽ അടുത്ത ഞായറാഴ്ച വരെ ഞാൻ കാത്തിരിക്കും. ഇന്ന് രാവിലെ നേരം, വചനത്തിൽ നിന്നും, നിങ്ങളോട് അല്പം സംസാരിക്കാൻ ശ്രമിക്കുന്നു. കാണുന്നോ? അടുത്ത ഞായറാഴ്ച, ഞാൻ—ഞാൻ ശ്രമിച്ചിട്ട്, ദൈവേഷ്ടമെങ്കിൽ, ഇതെല്ലാം എങ്ങനെ സംഭവിച്ചെന്ന് നിങ്ങളോട് പറയാം, കർത്താവ് പറഞ്ഞ ഓരോ കാര്യവും നിങ്ങളുടെ അടുക്കലേക്ക് കൊണ്ടു വരികയും, അത് കൃത്യമായി അതിന്റെ സ്ഥാനത്തു തന്നെ അടിക്കുന്നത് കാണ്വ, കൃത്യമായി ആ സ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു. കാണുന്നോ? അവൻ തെറ്റായിട്ട് ഒന്നും തന്നെ പറയുന്നില്ല.

13 എന്നാൽ, ഇപ്പോൾ, ഇന്ന് രാവിലെ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, അത് അടുത്ത ഞായറാഴ്ചയ്ക്ക് മാറ്റി വെയ്ക്കാതെ, ഞാൻ പറയാൻ വിചാരിച്ചതല്ല, അത് ഇന്നലെ നടന്ന ഒരു കാര്യത്തെക്കുറിച്ചാണ്. ഇന്ന് രാവിലെ വരുന്നതിൽ എനിക്ക് അല്പം മടിയായിരുന്നു, കാരണം ഞാൻ ശരിക്കും ഒരു കീറിപ്പോയ അവസ്ഥയിലായിരുന്നു, അതിനാൽ എനിക്ക്—എനിക്ക് അത് അത്ര നന്നായി തോന്നിയില്ല. ഞാൻ ഇവിടെ ഉള്ളതിനാൽ, അതെ, എനിക്ക് കഴിയുന്നത്ര നന്നായി ഞാൻ ശ്രമിക്കാം.

14 കഴിഞ്ഞ രാത്രിക്ക് മുമ്പത്തേതിൽ, നാം ഇവിടെ അറിയുന്നതു പോലെ, സഹോദരനും സഹോദരി സോത്മാനും, എനിക്ക് കൂട്ടുണ്ടായിരുന്നു, സഭയിലെ ട്രസ്റ്റികളിൽപ്പെട്ട ഒരാളും, അദ്ദേഹത്തിന്റെ ഭാര്യയും, എന്നെയും ഭാര്യയെയും കാണാൻ വന്നിരുന്നു. കർത്താവിന്റെ ഹിതമെങ്കിൽ എന്ന്, ഫീനിക്സിലും പരിസരത്തും നടക്കാനിരിക്കുന്ന യോഗങ്ങളെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു. ഞാൻ ഊഹിക്കുന്നത്, ഞങ്ങൾ ഏകദേശം പത്ത്-മുപ്പത് വരെ ഉണ്ടായിരുന്നു, ഞാൻ ഏകദേശം പതിനൊന്ന് മണിയോടെ കിടക്കയിലേക്ക് പോയി.

15 രാത്രിയിൽ എപ്പോഴോ, ഞാൻ ഒരു സ്വപ്നം കണ്ടു. ഈ സ്വപ്നത്തിൽ ഞാൻ എന്റെ പിതാവായിരിക്കേണ്ട ഒരാളെ കണ്ടു; ഒരു വലിയ, വലിയ മനുഷ്യൻ, പ്രതിനിധീകരിക്കുന്നവൻ, ഔപചാരികമായി

പറഞ്ഞാൽ, എന്റെ പിതാവായിരുന്നു. ഞാൻ ഒരു സ്ത്രീയെ കണ്ടു, കാഴ്ചയിൽ എന്റെ അമ്മയെപ്പോലെ ആയിരുന്നില്ല; പക്ഷേ, അപ്പോഴും, അവൾ എന്റെ അമ്മയായിരിക്കണം. ഈ മനുഷ്യൻ (പിതാവിനെപ്പോലെ ആയിരുന്ന ഈ വ്യക്തി, ഈ സ്ത്രീയുടെ ഭർത്താവിനെപ്പോലെ കാണപ്പെട്ടിരുന്നു) ക്രൂരമായി അവളോട് തെറ്റായി പെരുമാറിയിരുന്നു, അതു അത്രയുമായിട്ട് അയാൾക്ക് ഒരു വലിയ കഷ്ണം വിറകുണ്ടായിരുന്നു, അവൻ അവളെ *ഇതുപോലെ* ഉയർത്തിപ്പിടിച്ച് ഈ വിറകിന്റെ വലിയ കഷ്ണംകൊണ്ട് അടിച്ചു വീഴ്ത്തും, അവൾ വീഴുകയും ബലഹീനപ്പെടുകയും ചെയ്തിരുന്നു. എന്നിട്ട്—അതിനുശേഷം, കുറച്ച് സമയത്തിനുശേഷം, അവൾ വീണ്ടും തിരികെ എഴുന്നേൽക്കും. അവൻ ചുറ്റിനും നടന്നിട്ട്, അവളെ വീണ്ടും അടിക്കാൻ ഒരു ആശയം എടുക്കും, അവൻ അവളെ വീണ്ടും അടിച്ചു വീഴ്ത്തും. ഞാൻ ഒരു പ്രത്യേക ദൂരത്തു നിന്നു, അത് കാണുന്നുണ്ടായിരുന്നു.

16 അവസാനം, ഞാൻ അതിൽ മടുത്തുപോയി. ഞാൻ ഈ മനുഷ്യനെക്കാൾ വളരെ ചെറുതായിരുന്നു, എന്റെ പിതാവിനെപ്പോലെ ആയിരിക്കേണ്ടയാളാണ്. അതിനാൽ ഞാൻ അവന്റെ അടുത്തേക്ക് നടന്നു അവന്റെ മുഖത്ത് എന്റെ വിരൽ വച്ചു. ഞാൻ പറഞ്ഞു, "അവളെ വീണ്ടും അടിക്കരുത്." കാണുന്നോ? ഞാൻ അങ്ങനെ ചെയ്തപ്പോൾ, എന്തോ സംഭവിക്കാൻ തുടങ്ങി. എന്റെ കരങ്ങൾ സ്പന്ദിക്കാൻ തുടങ്ങി, എനിക്ക് മികച്ചതും, വലുതുമായ പേശികൾ ലഭിച്ചു. അത്തരത്തിലെ പേശികൾ ഞാൻ കണ്ടിട്ടില്ല. ഞാൻ ആ മനുഷ്യനെ കോളറിൽ എടുത്തിട്ടു, ഞാൻ പറഞ്ഞു, "അവളെ ഇനിയും അടിക്കരുത്. നീ അങ്ങനെ ചെയ്താൽ, നീ അവളെ വീണ്ടും അടിച്ചാൽ നിനക്ക് എന്നോട് ഇടപെടേണ്ടിവരും." ആ മനുഷ്യൻ എന്നെ ഭയന്നിട്ട് അവളെ ഒറ്റയ്ക്ക് വിട്ടുപോയി. ഞാൻ ഉണർന്നെഴുന്നേറ്റു.

17 അതെ, അവിടെ കിടക്കുമ്പോൾ തന്നെ, ഒരു നിമിഷത്തിൽ, ശരിക്കും, അതിന്റെ ആ വ്യാഖ്യാനവും വന്നു. അത് ആയിരുന്നിട്ട്, തീർച്ചയായും, ആ സ്ത്രീ, ആലങ്കാരികമായി പറഞ്ഞാൽ, സഭയായി, അത് ഒരു വിധത്തിൽ അമ്മയാണ്. പിതാവ് അവളുടെ മേലുള്ള വിഭാഗീയ സഭയാണ്, അതാണ് സഭയെ കീഴടക്കുന്നത്, ഭർത്താവ് ഭാര്യയുടെ മേൽ ആയിരിക്കുന്നതു പോലെ. ഈ വിഭാഗീയ സഭകളാണ് ആ സഭയെ അടിച്ചു വീഴ്ത്തുന്നത്, മാത്രമല്ല അവളെ അവളുടെ കാലിൽ നിൽക്കാൻ അനുവദിക്കുന്നുമില്ല. ഇങ്ങനെ, അവർ, അവിടത്തെ ആളുകൾ, അവൾ എഴുന്നേൽക്കാനോ അതല്ല എന്തെങ്കിലും ചെയ്യാനോ ശ്രമിക്കുമ്പോഴെല്ലാം, വിഭാഗീയ സഭ അവളെ അടിച്ചു വീഴ്ത്തിയിരുന്നു. തുടർന്നും അടിച്ചു കൊണ്ടിരിക്കുമ്പോൾ

ഇതിന് ഉപാധിയായി കുറച്ച്—കുറച്ച് വിശ്വാസ പേശികളുടെ വിരൽ ഞാൻ അവിടെ പുറത്തെടുക്കുന്നു, എന്നിട്ട് പറഞ്ഞു, "നീ എന്നോടാണ് ഇടപെടുന്നത്. കണ്ടോ?" എന്തെന്നാൽ, ദൈവത്തിന്റെ കൂട്ടത്തിൽപ്പെട്ട ചിലർ അവിടെയുണ്ട്. മാത്രമല്ല അതല്ലാം ശരിയും ആയിരുന്നു. ഏകദേശം...

18 ഞങ്ങൾ ഏകദേശം രണ്ടു മണിക്കൂറോ, അതോ മൂന്നോ ഉണ്ടായിരുന്നു എന്നു, ഞാൻ ഊഹിക്കുന്നു. എന്റെ മകൾ, അവരിൽ ഒരാൾ, റബേക്ക, അവിടെ പിന്നലുണ്ട്, അവൾ ലൂയിസ്‌വില്ലെ മെഥഡിസ്റ്റ് ആശുപത്രിയിൽ ജോലി ചെയ്യുന്നു. അത്, ഓ, ആ നഴ്സ് പരിശീലനത്തിന്റെ തൊഴിൽ ഒരു വിനോദമായി കാണുന്നതാണ്. അത് "ക്യാൻഡി സ്ട്രൈപ്പേഴ്സ്," അവർ അവരെ അങ്ങനെ, അല്ലെങ്കിൽ അതുപോലെയുള്ള ഒന്നായി വിളിക്കുന്നു. അവൾ ആയിരുന്നിട്ട്, അവൾ...അന്ന് രാവിലെ വരാൻ അവർ അവളെ വിളിച്ചിരുന്നു, അതാണ് എന്നെ എഴുന്നേല്പിച്ചത്. അത് പിന്നെ പുലർച്ചെ, അവൾ, ഇവിടെയുള്ള മറ്റു ചില സ്കൂളിലെ സഹപ്രവർത്തരോടൊപ്പം, അവർ—അവർ അവിടെ ഒരുമിച്ച് ജോലി ചെയ്തിരുന്നിട്ട്, അവരെ ലൂയിസ്‌വില്ലെയിലേക്ക് കൊണ്ടുപോകാൻ പോവുകയായിരുന്നു. അവർക്ക് അവിടെ പത്ത് മണിക്ക് ഉണ്ടായിരിക്കണമായിരുന്നു. എന്തുകൊണ്ടാണ് അവൾക്ക് കിടപ്പ മുറിയിൽ കയറാൻ കഴിയാത്തത് എന്ന് ഭാര്യ ചിന്തിച്ചു. ഞാൻ അത് പൂട്ടിയിരുന്നു.

19 ഇപ്പോൾ, എന്റെ ജീവിതത്തിൽ എനിക്ക് വളരെ കാര്യങ്ങൾ സംഭവിച്ചിട്ടുണ്ട്, പക്ഷേ എനിക്ക് ഇതുപോലൊന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. ഞാൻ ഒരു മോഹാലസ്യത്തിലേക്ക് പോയി. എനിക്ക് വ്യാഖ്യാനം അറിയില്ല. എന്റെ ജീവിതത്തിൽ ഇതുപോലുള്ള എന്തെങ്കിലും ഒരിക്കലും എനിക്ക് ഉണ്ടായിട്ടില്ല. എന്നാൽ, എന്റെ മുന്നിൽ, ഇത് കാഴ്ചയിൽ ഒരു ദർശനമാണെന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു, ഞാൻ ദർശനത്തിലായിരുന്നു. എന്റെ മകൻ, ജോസഫുമായി ഞാൻ സംസാരിക്കുകയായിരുന്നു. അത്, അവൻ ആ സമയത്ത് മുറിയിൽ ഉണ്ടായിരുന്നില്ല. എന്നാൽ എങ്ങനെയോ, അത് എന്നെ പ്രഹരിച്ചതുപോലെ, ഞാൻ ജോസഫുമായി സംസാരിക്കുകയായിരുന്നു.

20 ഞാൻ—ഞാൻ മുകളിലേക്ക് നോക്കി. ചെറിയ, ചെറിയ പക്ഷികൾ, ഏകദേശം അര-ഇഞ്ച് നീളമുള്ളത്, ഒരു പിരമിഡിന്റെ ആകൃതിയിൽ, എന്റെ മുമ്പിൽ നിന്നിരുന്നു. അവ, ഏറ്റവും മുകളിലായി, ചിറകു വിടർത്തിയിട്ട്, അവിടെ ആയിട്ട്...മൂന്നോ നാലോ, ഉണ്ടായിരുന്നു

എന്ന് പറയാം. പിന്നെ, അടുത്ത്, അടുത്ത് കൂട്ടത്തിൽ എട്ടോ പത്തോ ഉണ്ടായിരിക്കാം. താഴെ ഏറ്റവും കീഴ്ഭാഗത്ത്, പതിനഞ്ചോ ഇരുപതോ ഉണ്ടായിരുന്നു.

21 അവർ ചെറിയ യോദ്ധാക്കളായിരുന്നു, കാരണം അവരുടെ തൂവലുകൾ അടിച്ചു കൊണ്ടിരുന്നു, അവർ എന്നോട് എന്തോ സംസാരിക്കാൻ, ശ്രമിക്കുന്നതുപോലെ തോന്നിച്ചിരുന്നു. ഞാൻ പടിഞ്ഞാറ്, അരിസോണയിലെ ട്യൂസണിന് ചുറ്റും ആയിരുന്നതുപോലെ കാണപ്പെട്ടിരുന്നു. പക്ഷികൾ കിഴക്കോട്ട് നോക്കിയിരുന്നു. ഞാൻ ശ്രദ്ധയോടെ കേൾക്കുകയായിരുന്നു. പറയാൻ ശ്രമിക്കുകയായിരുന്നു, അവർ എന്നോട് എന്തോ പറയാൻ ശ്രമിക്കുന്നതുപോലെ തോന്നിയിരുന്നു. അവർക്ക് ചെറിയ തൂവലുകൾ ഉണ്ടായിരുന്നു, എല്ലാം അടിക്കുകയും, മറ്റും ചെയ്തുകൊണ്ടിരുന്നു. അവർ നന്നേ യുദ്ധം ചെയ്തു-വ്രണങ്കിതരായിരുന്നു. അപ്പോൾ, പെട്ടെന്ന്, ഒരു പക്ഷി മറ്റൊന്നിന്റെ സ്ഥാനം എടുക്കാൻ തുടങ്ങിയിട്ട്, *അത്* പോലെ ചാടും. അവർ, ആ ചെറിയ പക്ഷികൾ അതിവേഗം ഇടത്തേക്ക് തിരിഞ്ഞ്, കിഴക്കോട്ട് പറന്നു പോയി.

22 അവർ അങ്ങനെ ചെയ്തപ്പോൾ, പ്രാവുകളെപ്പോലെ തോന്നിക്കുന്ന, ഒരു കൂർത്ത ചിറകുകളുമായി, ആ വലിയ പക്ഷി വന്നു. പിന്നെ—പിന്നെ—പിന്നെ അവർ കൂട്ടത്തോടെ വന്നിരുന്നു, തിടുക്കത്തിൽ, ചെറിയ പക്ഷികളെക്കാൾ തിടുക്കത്തിൽ, വന്നിട്ട്, വേഗത്തിൽ കിഴക്കോട്ട് പറന്നു പോയി.

23 അപ്പോഴും ഞാൻ എന്റെ...രണ്ട് അന്തഃകരണവും ഒരുമിച്ചാക്കി, ഞാൻ ഇവിടെ നിൽക്കുന്നു എന്ന് എനിക്കറിയാം, ഞാൻ മറ്റ് എവിടെയോ ആയിരുന്നെന്ന് എനിക്ക് അറിയാമായിരുന്നു. കണ്ടോ? അപ്പോൾ ഞാൻ വിചാരിച്ചു, "ഇപ്പോൾ ഇത് ദർശനമാണ്, ഇത് എന്തു അർത്ഥമാക്കുന്നു എന്നു ഞാൻ ശരിക്കും പഠിക്കണം."

24 രണ്ടാമത്തെ കൂട്ടം പക്ഷികൾ വന്നു കഴിഞ്ഞപ്പോൾ തന്നെ, ഞാൻ പടിഞ്ഞാറേക്ക് നോക്കി. കാഴ്ചയ്ക്ക് ഒരു പിരമിഡിന്റെ ആകൃതിയിൽ, ഓരോ വശത്തും രണ്ടു വീതവും, മുകളിൽ ഒന്നും ഉണ്ടായിരുന്നു, എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ശക്തരായ അഞ്ച് ദൂതന്മാർ വന്നു. അത്തരമൊരു ഭയങ്കരമായ വേഗത, ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവരുടെ തലകൾക്കു പിന്നിൽ, അവരുടെ കൂർത്ത ചിറകുകളുമായി, അതിവേഗത്തിൽ സഞ്ചരിച്ചിരുന്നു! അങ്ങനെ ഒരു വിധത്തിൽ, സർവശക്തനായ ദൈവത്തിന്റെ ശക്തി എന്റെ മേൽ പതിച്ചു, അതെന്നെ നിലത്തു

നിന്ന് പൊക്കിയെടുക്കുവോളം ആയിരുന്നു, നിലത്തു നിന്നും ഏറ്റവും മുകളിലേയ്ക്ക്, ഉയർത്തി.

അപ്പോഴും ജോസഫ് സംസാരിക്കുന്നത് എനിക്ക് കേൾക്കാമായിരുന്നു.

25 ശബ്ദത്തിന്റെ അതിര് തകർക്കുന്നതു പോലെയുള്ള ശബ്ദവുമായി, അത്—അത് വലിയൊരു അലർച്ച ഉണ്ടായിട്ട്, വളരെ ദൂരെ നിന്നു തന്നെ ഉണ്ടാക്കിയിട്ട്, തെക്കോട്ട് പോയി. എന്നെ മുകളിലേക്ക് ഉയർത്തിയപ്പോൾ...ദൂതന്മാരുടെ വേഗത അതിഗംഭീരമായിരുന്നു! നോക്കു, *ആ* ആകൃതിയിൽ, എന്നിലേക്ക് അടിച്ചു വാരുന്നതു പോലെ, അവർ അങ്ങനെ—അങ്ങനെ വന്നിരുന്നു, എനിക്ക്—എനിക്ക് അവരെ ഇപ്പോഴും കാണാൻ കഴിയുന്നു.

26 ഇപ്പോൾ, ഇപ്പോൾ, സ്വപ്നം കാണുന്നതല്ല. അല്ല. ഞാൻ അവിടെത്തന്നെ ആയിരുന്നു, ഞാൻ ഇപ്പോൾ ഉണർന്നിരിക്കുന്നതു പോലെ തന്നെയായിരുന്നു. കാണുന്നോ?

27 എന്നാൽ ഇവിടെ ഇത് വരുന്നു. അവർ വളരെ വേഗതയുള്ളവർ ആയിരുന്ന്, ഞാൻ ഇങ്ങനെ ചിന്തിക്കുമ്പോൾ തന്നെ, അത് എന്നെ ഉയർത്തിയിട്ട്...ഇങ്ങനെ, ശബ്ദത്തിന്റെ അതിർ ഭേദിക്കുന്നതുപോലെ, അങ്ങനെയോ മറ്റോ ഉള്ള ഒരു സ്ഫോടനം, അല്ലെങ്കിൽ ഒരു സ്ഫോടനത്തെപ്പോലുള്ള ഒരു ശബ്ദം ഞാൻ കേട്ടു. അത് അങ്ങനെ ഉണ്ടായപ്പോൾ, ഞാൻ ചിന്തിച്ചു, "അതെ, ഞാൻ കൊല്ലപ്പെടാൻ പോകുന്നു എന്നാണ് ഇത് അർത്ഥമക്കുന്നത്, നോക്കു, ഏതോ തരത്തിലുള്ള സ്ഫോടനത്താൽ." കൂടാതെ—മാത്രമല്ല ഞാൻ ഇങ്ങനെ... ഞാൻ ആ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഞാൻ ചിന്തിച്ചു, "അല്ല, അത് അതായിരിക്കില്ല. കാരണം, അത് ഒരു സ്ഫോടനം ആയിരുന്നെങ്കിൽ, അത് ജോസഫിനെയും, കൂടെ പിടിക്കുമായിരുന്നു. കാരണം, ഞാൻ അവിടെ ഉണ്ടെന്ന് കരുതി, അവൻ, ഇപ്പോഴും സംസാരിക്കുകയാണ്. എനിക്ക് അവനെ കേൾക്കാൻ കഴിയുന്നു. അത് അതായിരുന്നില്ല."

28 ഇപ്പോൾ, ഇതെല്ലാം ഇപ്പോഴും ദർശനത്തിൽ ഉണ്ട്. അത് ആയിരുന്നില്ല...കണ്ടോ? അത് ദർശനത്തിൽ ആയിരുന്നു.

29 എന്നിട്ട്, ഒറ്റയടിക്ക്, ഞാൻ ആയിരുന്നതുപോലെ തന്നെ എന്നു ഞാൻ തിരിച്ചറിഞ്ഞപ്പോൾ...അവർ എനിക്ക് ചുറ്റമുണ്ടായിരുന്നു. എനിക്ക് അവരെ കാണാൻ കഴിഞ്ഞിരുന്നില്ല, എന്നാൽ ഞാൻ അവരുടെ പിരമിഡിന്റെ ഈ നക്ഷത്ര സമൂഹത്തിലേക്ക് കൊണ്ടുവരപ്പെട്ടിരുന്നു, അഞ്ച്, ദൂതന്മാരുടെ ഈ നക്ഷത്ര

സമൂഹത്തിനുള്ളിലായിരുന്നു. ഞാൻ വിചാരിച്ചു, “ഇപ്പോൾ, മരണ ദൂതൻ ഒരാൾ ആയിരിക്കും. അഞ്ച് കൃപയായിരിക്കും.” ഞാൻ അത് ചിന്തിക്കുകയായിരുന്നു. ഞാൻ വിചാരിച്ചു, “ഓ! ഇത്—ഇത് എന്റെ സന്ദേശവുമായി വരുന്നതാണ്. അത് എന്റെ രണ്ടാമത്തെ ഉച്ചസ്ഥിതിയാണ്. കർത്താവിൽ നിന്നുള്ള സന്ദേശം എനിക്ക് കൊണ്ടുവരാൻ അവർ വരികയാണ്.” എന്റെ സർവ്വ ശക്തിയിലും, എനിക്ക് കഴിയാവുന്നതിലും ഏറ്റവും ഉച്ചത്തിൽ ഞാൻ നിലവിളിച്ചു, “ഓ യേശുവേ, നിനക്കായി ഞാൻ എന്തു ചെയ്യേണം?” ഞാൻ അങ്ങനെ ചെയ്തപ്പോൾ, അത് അങ്ങനെ—അങ്ങനെ എന്നിൽ നിന്ന് വിട്ടുപോയി.

30 അപ്പോൾ മുതൽ, എനിക്ക്—എനിക്ക്—എനിക്ക് നന്നായി തോന്നുന്നില്ല. കാണുന്നോ? ഞാൻ, ഇന്നലെ മുഴുവൻ, എനിക്ക് വീട്ടിൽ തന്നെ കഴിയേണ്ടിവന്നു, ഞാൻ അല്ലാതെ എന്റെ അരുകിൽ ആരോ ഉണ്ടെന്നു തോന്നൽ. എന്റെ മനസ്സിൽ നിന്നും എടുത്തു മാറ്റാൻ എനിക്ക് കഴിഞ്ഞില്ല. കർത്താവിന്റെ മഹത്വവും ശക്തിയും! അത് എന്നെ വിട്ടുപോകുമ്പോൾ, ഞാൻ മുഴവനായി മരവിച്ചിരുന്നു. ഞാൻ എന്റെ കൈകൾ തിരുമ്മാൻ ശ്രമിച്ചിരുന്നു. ഞാൻ വിചാരിച്ചു, “എനിക്ക് എന്റെ ശ്വാസം എടുക്കാൻ കഴിയില്ല.” ഞാൻ നിലത്തു കൂടെ, അങ്ങോട്ടും ഇങ്ങോട്ടും, മുന്നിലേക്കും പിന്നിലേക്കും ചുറ്റിനും നടന്നു. ഞാൻ ചിന്തിച്ചു, “കർത്താവേ, ഇതിന്റെ അർത്ഥം എന്താണ്? ഇത് എന്താണ് അർത്ഥമാക്കുന്നത്?” പിന്നെ, ഞാൻ നിന്നു. ഞാൻ പറഞ്ഞു, “കർത്താവായ ദൈവമേ, നിന്റെ ദാസൻ...എനിക്ക്—എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. എന്താണ്? അത് എന്താണ്? കർത്താവേ, അത് അറിയിച്ചാലും.” അതെ, അപ്പോൾ...

31 “കർത്താവിന്റെ ശക്തി,” എന്ന് ഞാൻ പറയുമ്പോൾ, എനിക്ക് നിങ്ങളോട് പറയാൻ കഴിയില്ല. അത് വിശദീകരിക്കാൻ ഒരു വഴിയുമില്ല. അനുഗ്രഹങ്ങളിൽ, നിങ്ങൾക്ക് ഇവിടെ അനുഭവപ്പെടുന്നത് അതല്ല. അതു കർത്താവിന്റെ അനുഗ്രഹങ്ങളാണ്. ഇതൊരു പരിശുദ്ധമായതാണ്! ഓ, എന്റെ! ഇത്—ഇത് ഒരു മർത്ത്യന് സങ്കല്പിക്കാൻ കഴിയാത്ത എന്തിലും അപ്പുറമാണ്. കണ്ടോ? അത്—അത്, വളരെ മോശമായി, എന്നെ ശല്യപ്പെടുത്തുന്നു. ഇത് ചെയ്യുന്നില്ല...ഇത് ഒരു അനുഗ്രഹമല്ല. ഇത് ഒരു ശല്യമാണ്. നിങ്ങളെ അസ്വസ്ഥനാകുന്നു. കണ്ടോ? അതാണ് അത്. നിങ്ങൾക്ക് കഴിഞ്ഞാൽ മാത്രം...

32 അത് എന്തായിരുന്നു എന്നോ, അതല്ല എന്താണെന്നോ എനിക്ക് ജനങ്ങളോട് പറയാൻ കഴിയുന്ന ഏതെങ്കിലും വഴി മാത്രം എനിക്ക്

കിട്ടിയെങ്കിൽ...അതിന്റെ സംവേദനക്ഷമത എന്തായിരുന്നു! ഇത്, സന്തോഷിക്കാൻ ആഗ്രഹിച്ച്, ഇവിടെ ഇരിക്കുന്നതു പോലെയല്ല. അത്—അത് നിങ്ങളിൽ ഓരോ നാഡിയിലും ഉള്ള കാര്യമായി... അത് ഭയത്തിന്റെ അപ്പുറത്തുള്ളതാണ്. അത് ഭയപ്പെടുത്തുന്നതിലും അപ്പുറമാണ്. അത് ഒരു വിശുദ്ധ ബഹുമാനമാണ്. ആയ...ഞാൻ... അത് വിശദീകരിക്കാൻ ഒരു വഴിയുമില്ല. പോലും, അത്രയുമായി, എന്റെ പുറം മുഴുവനും, എന്റെ നട്ടെല്ലിൽ മുകളിലേക്കും-താഴേക്കും, വിരലുകളിലൂടെ, കാലുകളിലും കാൽവിരലുകളിലും മുകളിലേക്കും-താഴേക്കും, അതുവരെയുമായി, എന്റെ അസ്തിത്വം മുഴുവനും മരവിച്ചുപോയി, നോക്കൂ, നിങ്ങൾ—നിങ്ങൾ ലോകത്തിന് പുറത്തേക്ക്, എവിടെയെങ്കിലും പോയതു പോലെ ആകുന്നു. പിന്നെ—പിന്നെ അത് എന്നെ, ക്രമേണ എന്നെ വിട്ടുപോകുമ്പോൾ, ഞാൻ—കർത്താവിനോടു ചോദിച്ചു, "ഓ ദൈവമേ, നീ എന്നെ അറിയാൻ ഇടയാക്കുമോ?"

33 ഞാൻ ഊഹിക്കുന്നത്, അത്, ഞാൻ സ്വിറ്റ്സർലൻഡിലെ, സൂറിച്ചിൽ ആയിരുന്ന്, എന്റെ അസ്തിത്വം ഏറ്റവും തണുത്തിരുന്നിട്ട് വീണ്ടും ശക്തനായി തീർന്നതു പോലെ ആയിരുന്നു, ആ സമയം ഇംഗ്ലീഷ് കുതിര-സവാരിക്കാരൻ ആഫ്രിക്കയിലൂടെ ഇറങ്ങി വരുമ്പോൾ ജർമ്മനിയുടെ കഴുകൻ ശ്രദ്ധിക്കുന്നത് അവൻ എനിക്ക് കാണിച്ചു തന്നത് ആ സമയത്തായിരുന്നു. അവൻ പറഞ്ഞു, "എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായി തീർന്നു."

34 എന്നെ സഹായിക്കാനായി, ഞാൻ കർത്താവിനോട് കരയുകയായിരുന്നു. അവൻ എനിക്ക്—എനിക്ക് വ്യാഖ്യാനം നൽകണമെന്ന് ഞാൻ ആഗ്രഹിച്ചു, എന്തെന്നാൽ ഇതിന്റെ അർത്ഥം—ഞാൻ പോകാൻ പോകുന്നു എന്നാണോ എന്ന് ഞാൻ ചിന്തിച്ചു, ഞാൻ കൊല്ലപ്പെടാൻ പോകുകയാണോ. അങ്ങനെയാണെങ്കിൽ, ഞാൻ ഇതിനെക്കുറിച്ച് കുടുംബത്തോട് ഒന്നും പറയാൻ പോകുന്നില്ല. ഇത് എന്റെ വീട്ടിലേക്ക് പോകാനുള്ള സമയമാണ്, എന്താ, ഞാൻ വീട്ടിലേക്ക് പോകും, എല്ലാമായിട്ട് അതു മാത്രമാണ്. പക്ഷേ എങ്കിൽ—അതിന്റെ അർത്ഥം അതാണെങ്കിൽ, കുടുംബത്തോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, അവർ അതിനെക്കുറിച്ച് ഒന്നും അറിയാൻ ഞാൻ ആഗ്രഹിച്ചില്ല. അത് പൂർത്തിയാക്കട്ടെ, അതാണ്—അതിനെപ്പറ്റിയുള്ളതെല്ലാം അതു തന്നെ.

35 ഞാൻ പറഞ്ഞു, "കർത്താവേ, എന്നെ സഹായിക്കു. കുടുംബത്തോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, എങ്കിൽ—നീ എങ്കിൽ...ഇതാണ്, എന്റെ വീട്ടിലേക്കുള്ള വിളി എങ്കിൽ, ഞാൻ—

ഞാൻ പോകുന്നതായിരിക്കും." നിങ്ങൾ നോക്കൂ. ഞാൻ പറഞ്ഞു... കൂടാതെ, നിങ്ങൾക്കറിയാം, നിങ്ങൾ...

36 നിങ്ങൾ ചോദിക്കും, "അതെ, നിങ്ങൾ ദർശനത്തിൽ എന്തു പറഞ്ഞെന്നും, ദർശനം എന്താണ് പറഞ്ഞതെന്നും ചിന്തിക്കാത്തത് എന്താണ്?"

37 എന്നാൽ അപ്പോൾ നിങ്ങൾക്ക് അത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ല. നിങ്ങൾക്ക്...എങ്ങനെയും, എനിക്ക് കഴിയില്ല. അങ്ങനെ ഞാൻ വിചാരിച്ചു...ഞാൻ അസ്വസ്ഥനായി, താറുമാറാക്കപ്പെട്ടിരുന്നു. നിങ്ങൾക്ക് എങ്ങനെ ചിന്തിക്കണമെന്ന് അറിയില്ല. നിങ്ങൾക്ക് ചിന്തിക്കാൻ കഴിയില്ല.

38 ഞാൻ പറഞ്ഞു, "സ്വർഗ്ഗീയ പിതാവേ, അതിന്റെ അർത്ഥം അത്—അത് ഒരു സ്ഫോടനത്താൽ എന്നെ എടുക്കാൻ പോകുന്നതായി, ശരി, ഇപ്പോൾ എന്നെ അറിയിക്കു, അങ്ങനെ ഞാൻ ഇതിനെക്കുറിച്ച് ഒന്നും പറയില്ല. നിന്റെ മഹത്വവും ശക്തിയും വീണ്ടും എന്റെ മേൽ വന്ന്, എന്നെ വീണ്ടും ഉയർത്തിയാലും. അതല്ലെങ്കിൽ, നിന്റെ മഹത്വം എന്റെ മേൽ വന്നാൽ, അപ്പോൾ അത്—അതാണ് അർത്ഥമാക്കുന്നത്—അത് അർത്ഥമാക്കുന്നു എന്ന് ഞാൻ മനസ്സിലാക്കും, അങ്ങനെ എനിക്കത് അത് സ്വയം സൂക്ഷിക്കാൻ കഴിയും." ഒന്നും സംഭവിച്ചില്ല.

39 അതുകൊണ്ട് ഞാൻ പറഞ്ഞു, "അപ്പോൾ കർത്താവേ, എന്റെ നിയോഗത്തിനായി നീ നിന്റെ ദൂതന്മാരെ അയയ്ക്കാൻ പോകുന്നു എന്നാണ് അത് അർത്ഥമാക്കുന്നതെങ്കിൽ, നിന്റെ ശക്തി വീണ്ടും വരട്ടെ." അത് എന്നെ മുറിയിൽ നിന്ന് പുറത്തേക്ക് എടുത്തതുപോലെ ആയിരുന്നു!

40 എന്നിരുന്നാലും, നോക്കൂ, പിന്നെയും, ഞാൻ എന്റെ ബൈബിളും കയ്യിലേന്തി, എന്നെ സഹായിക്കാൻ ദൈവത്തോട് ചോദിച്ചുകൊണ്ട്, ഞാൻ—ഞാൻ സ്വയം വന്നിരിക്കുന്നു. ഞാൻ അങ്ങനെ ചെയ്തപ്പോൾ, അവൻ—അവൻ തിരുവെഴുത്തിൽ നിന്നും, നേരെ അവിടെത്തന്നെ ഉണ്ടായിരുന്ന, അതിനെ സംബന്ധിക്കുന്ന ചിലതു എനിക്ക് കാണിച്ചു തന്നു. ഞാൻ വിചാരിച്ചു, "യഥാർത്ഥത്തിൽ അത് അങ്ങനെ ആയിരിക്കുമോ? ഞാൻ അത് എങ്ങനെയാണ് ചെയ്തത്?" കൂടാതെ, ഓ, സുഹൃത്തുക്കളേ, എനിക്ക്—എനിക്ക് ഈ വക കാര്യങ്ങൾ വിശദീകരിക്കാൻ കഴിയില്ല. അത് എനിക്കറിയാവുന്ന എന്തിനാലും അതീതമാണ്. കണ്ടോ?

41 എന്റെ ഭാര്യ വളരെ വിചിത്രയായ ഒരു സ്ത്രീയാണ്; ലോകത്തിലുള്ള ഏറ്റവും മികച്ചതിൽ ഒന്ന്. പക്ഷേ, കുറച്ചു സമയം കഴിഞ്ഞിട്ടും,

ഞാൻ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഞാൻ മുന്നോട്ട് പോയിക്കൊണ്ടിരുന്നു. അവിടെ എന്തോ സംഭവിച്ചെന്ന് അവൾക്ക് അറിയാമായിരുന്നു. അതിനാൽ ഞാൻ അവളോട് പറഞ്ഞപ്പോൾ, അവൾ പറഞ്ഞു, "നിങ്ങൾക്കറിയാം, ബിൽ, അത്തരം കാര്യങ്ങളിലുള്ള പലതും, ഞാൻ നിങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യുന്നു." പറഞ്ഞു, "ഞാൻ നിങ്ങളെ എന്റെ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എന്ന് നിങ്ങൾക്കറിയാം," അവൾ പറഞ്ഞു. അവൾ പറഞ്ഞു, "പക്ഷേ അതിൽ ശരിക്കും എന്തോ ചിലതുണ്ട്."

42 ആ സ്ഫോടനവും ആ ദൂതന്മാരുടെ വേഗത്തിലുള്ള വരവും, അത് എന്നെ വിറപ്പിക്കുന്നതു പോലെ, തോന്നിക്കുന്നു, അവരിൽ അഞ്ചെണ്ണം ഒരുമിച്ച്, ഒരു—ഒരു സഞ്ചയമായിട്ടായിരുന്നു അവർ. ഇങ്ങനെ, ഇങ്ങനെ—ഈ വിധത്തിലായി ഞാൻ ആ പിരമിഡ് ഇവിടെ വരച്ചതുപോലെ ആയിരുന്നു, നോക്കൂ. അരികിലായി, അവർ അങ്ങനെ കാണപ്പെട്ടിട്ട്, ആദ്യം, അവർ കാണപ്പെട്ട്, അവർ ഒരു തരം...ഒരു അകലത്ത് ആയിരുന്നപ്പോൾ, അവർ പ്രാവുകളുടെ ആ നിറത്തെ പോലെ കാണപ്പെട്ടിരുന്നു. അവർ *ഈ* വഴിയിലൂടെ ഉള്ളിലേക്ക്—അകത്തേക്ക് വരികയായിരുന്നു. അവർ, ഇങ്ങനെ കാണപ്പെട്ടിരുന്നു, ഒന്ന്, രണ്ട്; മൂന്ന്, നാല്; പിന്നെ നേരെ മുകൾ വശത്ത് ഒന്ന്, നോക്കൂ, അഞ്ച് ഉണ്ടാക്കുന്നു. അവർ അത്രയും വേഗതയിൽ വന്നിരുന്നു! ഒന്നിനും കഴിയില്ല, ജെറ്റിനോ, മറ്റൊന്നിനോ *ഇതുമായി* താരതമ്യം ചെയ്യാൻ കഴിയില്ല.

43 എനിക്ക് അവരെ കാണാമായിരുന്നു, അവരുടെ തല ഒരു വശത്തേക്ക് തിരിച്ചു വെച്ചിരുന്നതു പോലെ ആയിരുന്നു. ആ ചിറകുകൾ പിന്നിലേക്ക് കൂർപ്പിച്ചിരുന്നു, പൂർണ്ണ-കവചം ഉള്ളവരായി, അങ്ങനെ "വൂ!" *അത്* പോലെ, ഇവിടെ അവർ വന്നിരുന്നു. ഉടനെ ഇറങ്ങി വന്ന്, എന്നെ അവരുടെ നക്ഷത്ര സമൂഹത്തിലെ ഈ പിരമിഡിലേക്ക് എടുത്തു കൊണ്ടുപോയി. ഞാൻ നിലത്തു നിന്ന്, മുകളിലാണെന്ന് ഞാൻ കണ്ടു. ഞാൻ വിചാരിച്ചു ഒരുപക്ഷേ...അകലെയുള്ള വഴിയിൽ, ആ ആരാവാരം, ഞാൻ കേട്ടു, "ഊം!" ഒരു—ഒരു—ഒരു വിമാനം അത് ശബ്ദത്തിന്റെ അതിർ ഭേദിക്കുമ്പോൾ, അതുപോലെ ദൂരെ അലർച്ച കേൾക്കുന്നതു പോലെ, അത് നിങ്ങൾ കേട്ടിട്ടുണ്ട്.

44 ഞാൻ വിചാരിച്ചു, "ഇപ്പോൾ ഈ ദർശനം എന്നെ വിട്ടുപോകുമ്പോൾ, ഇത് ഇപ്പോൾ അർത്ഥമാക്കുന്നുണ്ടാകാം, ഒരു സ്ഫോടനത്തിലൂടെയോ മറ്റോ ഞാൻ കൊല്ലപ്പെടാൻ പോകുന്നു." ഞാൻ വിചാരിച്ചു, "ഇതാ ഞാൻ. എന്നെ ഉയർത്തിയിരിക്കുന്നു. ഞാൻ...അവർ, അവർ ഇവിടെ എവിടെയോ ഉണ്ട്. ഈ ദൂതന്മാരുടെ

പിരമിഡിൽ, ഞാൻ—ഞാൻ ഇതിലുണ്ട്. പക്ഷേ, എനിക്ക്—എനിക്കറിയില്ല. ഒരുപക്ഷേ എന്നെ വീട്ടിലേക്ക് കൊണ്ടുപോകാൻ കർത്താവ് വരുന്നതാകാം."

അപ്പോൾ ജോസഫ് വിളിക്കുന്നതു ഞാൻ കേട്ടു, വിളിച്ചു, "ഡാഡ്?"

വിചാരിച്ചു, "ഇല്ല, അത് ഇതാണെങ്കിൽ, അത് അവനെയും കൂടെ, എടുക്കുമായിരുന്നു."

45 അപ്പോൾ എന്തോ പറഞ്ഞു, "നീ..." ഓർത്തിരിക്കു, ഞാൻ കാത്തിരിക്കുന്നു, ഏതോ ചില, ഒരു സന്ദേശത്തിനായി ഞാൻ എപ്പോഴും മുന്നിലേക്ക് നോക്കിക്കൊണ്ട് കാത്തിരുന്നിരുന്നു.

46 ദർശനത്തിന്റെ, അടുത്ത ദിവസം, നിങ്ങൾക്കറിയാം, ഞാൻ ഇവിടെ ഉണ്ടായിരുന്നിട്ട് കുറച്ചു മുമ്പ് പറഞ്ഞതുപോലെ, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എന്നോട് പറഞ്ഞിരുന്നു; സൂര്യനിൽ നിന്നുകൊണ്ട്, ഈ സ്ഥലത്തേക്ക്, ഞാൻ പ്രസംഗിച്ചിരുന്നത് എങ്ങനെ. എന്നിട്ട്—പിന്നെയും അവൻ പറഞ്ഞു, "ഇപ്പോൾ ഓർത്തിരിക്കു, രണ്ടാമത്തെ ഉച്ചസ്ഥിതി ഇനിയും വരാനിരിക്കുന്നതേയുള്ളൂ."

ഞാൻ വിചാരിച്ചു, "അവിടെ ഒരു സന്ദേശം ഉണ്ടായിരിക്കും."

47 ഇവിടെയുള്ള എന്റെ സന്ദേശം ഓർക്കുന്നുണ്ടോ? ദൈവ വചനത്തിൽ പോലും എഴുതാത്ത ഏഴ് ശബ്ദങ്ങളും ആ മുദ്രകളുമായി, അത്, ആ മൂടിക്കല്ലിനെ തുറക്കുന്നതാണ്. ഓർക്കുന്നുണ്ടോ? അത് എന്നെ ആ പിരമിഡിലേക്ക് എടുത്തുകൊണ്ടു പോയി.

48 ജൂനി ജാക്സൺ, നിങ്ങൾ ഇവിടെയുണ്ടെങ്കിൽ, വളരെക്കാലം മുമ്പല്ലാതെ നിങ്ങൾ എന്നോട് പറഞ്ഞ സ്വപ്നമാണ്. ഇന്ന് രാവിലെ ഞാൻ അത് പറയുന്നില്ല. നിങ്ങൾ അങ്ങനെ ആയിരുന്നു...ദൈവം അത്രയേറെ പൂർണ്ണനാണ്. നിങ്ങൾക്ക് വ്യാഖ്യാനം നൽകാത്തതിന് എന്നോട് ക്ഷമിക്കു; കാരണം, എന്തോ ചലിക്കുന്നതായി ഞാൻ കണ്ടിരുന്നു.

നോക്കു, ജെ. ടി., അതേ കാര്യം തന്നെ. എനിക്ക്—എനിക്ക്—എനിക്ക് അത് അറിയാമായിരുന്നു.

സഹോദരി കോളിൻസും, കൃത്യമായും അതു തന്നെ. കണ്ടോ?

അവയിൽ ആറെണ്ണവും, നേരെ ഒരേ കാര്യത്തിലേക്ക് തന്നെ നയിക്കുന്നു.

49 വർഷങ്ങൾക്കു മുമ്പ്, ഞാൻ അന്ന് നിങ്ങളോട് പറഞ്ഞ ദർശനം, അത് ഈ അടുത്ത ദിവസമാണ് സംഭവിച്ചത്. കണ്ടോ? അത് സംഭവിക്കും.

50 അത് അവിടെത്തന്നെ, ശരിയായി കിടക്കുന്നു, സകലതും അവിടെത്തന്നെ കിടക്കുന്നു. ഇത് ചലിക്കുന്ന എന്തോ ഒന്നാണ്. അതെന്താണെന്ന് എനിക്കറിയില്ല. ദൈവമേ എന്നെ സഹായിച്ചാലും; എന്നാണ് എന്റെ പ്രാർത്ഥന.

നമുക്ക് പ്രാർത്ഥിക്കാം.

51 സ്വർഗ്ഗീയ പിതാവേ, ഞങ്ങൾ—ഞങ്ങൾ വെറും മർത്യരായിട്ട്, ഞങ്ങൾ ഇവിടെ ഇന്ന് രാവിലെ നേരം നിൽക്കുന്നു. കൂടാതെ, കർത്താവേ, ഞാൻ...ഈ ചെറിയ ആട്ടിൻ കൂട്ടത്തെയും ഈ സഭയെയും നയിക്കാൻ നീ എന്നെ അയച്ചിരിക്കുന്നു. ഞാൻ എന്റെ അവസാനത്തിലാണ്. ഏത് വഴി, വരുന്നു, എന്ത്, എവിടെ, എന്ന് എനിക്കറിയില്ല. എന്നാൽ ഈ ഒരു കാര്യം എനിക്കറിയാം, അത്, നിന്നെ സ്നേഹിക്കുന്നവർക്ക് "സകലവും നന്മക്കായി കൂടിവ്യപരിക്കുന്നു" എന്നു നീ പറഞ്ഞു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ. ദൈവമേ, അങ്ങയുടെ മഹത്തായ കരുണ ഞങ്ങളുടെ മേൽ ഉണ്ടാകേണം, എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

52 അങ്ങ് ദൈവമാണെന്ന് ഞങ്ങൾ വാസ്തവമായും അറിയുന്നു. അങ്ങ് കഴിഞ്ഞ നാളുകളിൽ ജീവിച്ചിരുന്ന ഒരുവനല്ലെന്നും, നീ ഇന്നും ജീവിക്കുന്നു എന്നും ഞങ്ങൾ അറിയുന്നു. നീ എപ്പോഴും ദൈവമായിരുന്നു. നീ എപ്പോഴും ദൈവമായിരിക്കും. സമയത്തിന് മുമ്പ് നീ ദൈവമായിരുന്നു, ഇനി സമയം ഇല്ലാതിരിക്കുമ്പോഴും നീ ദൈവമായിരിക്കും. നീ ഇപ്പോഴും ദൈവമായിരിക്കും.

53 കർത്താവേ, ഞങ്ങൾ നിന്റെ കയ്യിൽ ഇരിക്കുന്നു. ഞങ്ങൾ കളിമണ്ണും, അങ്ങ് മെനയുന്ന, കുശവനും ആകുന്നു. കർത്താവേ, അങ്ങയെ ബഹുമാനിക്കുന്നതിനുള്ള ഏറ്റവും മികച്ച ശുശ്രൂഷ ലഭിക്കുന്ന വിധത്തിൽ, ഞങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തിയാലും. പിതാവേ, ഇത് അനുവദിച്ചാലും. ഇതാ ഞങ്ങൾ നിന്റെ കൈകളിലാണ്.

54 ഞങ്ങളെ സ്വയമായി ഇവിടെ എത്തിക്കാൻ ഒരു വഴിയുമില്ല, അതല്ല ഞങ്ങൾക്ക് എങ്ങനെ പുറത്തു പോകണമെന്നോ ഞങ്ങൾക്കറിയില്ല. കർത്താവേ, നീ ഞങ്ങൾക്ക് ജീവൻ തരുന്നു, നിനക്കുണ്ടായിട്ട്...ഞങ്ങൾ ഞങ്ങളുടെ ജീവിതം നിനക്ക് തിരികെ തരുന്നു, മാത്, അങ്ങനെ, പകരമായി, നിത്യ ജീവൻ, നീ ഞങ്ങൾക്ക് നൽകിയതു പോലെയാകുന്നു. ഞങ്ങളുടെ വിശ്വാസം അത്

ഞങ്ങളുടെ അസ്തിത്വത്തിലേക്ക് ശ്വസിച്ചു കയറ്റുന്നു. ഇതിനായി ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, കാരണം ഒരു ദിവസം ഞങ്ങൾ നിന്നെ കാണുമെന്നും, നീ നിന്റെ മഹത്വത്തിൽ ആയിരിക്കുമെന്നും ഞങ്ങൾ അറിയുന്നു. ഞങ്ങൾ അവനിലേക്ക് നോക്കും. ആ വാക്കുകൾ കേൾക്കാൻ ഞങ്ങൾ അതിയായ ആഗ്രഹിക്കുന്നു, "എന്റെ നല്ലവനും വിശ്വസ്തനുമായ ദാസനേ, അത് നന്നായി ചെയ്തിരിക്കുന്നു. ലോക സ്ഥാപനം മുതൽ നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്ന, കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിച്ചു കൊൾവിൻ." ആ സമയം വരെ, ഓ ദൈവമേ, ഞങ്ങളെല്ലാവരും സന്ധിക്കുവോളം, ഞങ്ങളെ നയിച്ചാലും.

ഞങ്ങൾ നിന്റെ ദാസന്മാരാണ്, ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കാൻ ഞങ്ങൾ ചോദിക്കുന്നു.

55 കർത്താവേ, ഈ മഹത്തായ ദർശനങ്ങൾ, നിന്റെ ദാസന് വളരെ കൂടുതലാണ്. എന്തു ചെയ്യണമെന്ന് എനിക്കറിയില്ല. അവർ വന്നു എന്ന് എനിക്ക്—എനിക്കറിയാം. അത് എന്തു പറഞ്ഞു എന്നും, ഞാൻ കണ്ടതും മാത്രമേ എനിക്ക് പറയാൻ കഴിയൂ. ചില നേരങ്ങളിൽ അത് എന്നെ ഭയപ്പെടുത്തുന്നു, കർത്താവേ. എന്തു ചെയ്യണമെന്ന് ഞാൻ— ഞാൻ ആശ്ചര്യപ്പെടുകയും ചെയ്യുന്നു.

56 പിന്നെ ഞാൻ ബൈബിൾ എടുത്ത് യെശയ്യാവിന് ആ ദിവസം ആലയത്തിൽ എങ്ങനെ തോന്നിയിരിക്കണം എന്ന് വായിച്ചു, തങ്ങളുടെ കാലുകളെ മറച്ചു കൊണ്ടിരുന്ന ചിറകുകളുമായി, അവൻ ആ ദൂതന്മാരെ കണ്ടപ്പോഴായിരുന്നു. അവൻ നിലവിളിച്ചതിൽ ഒരു അത്ഭുതവുമില്ല, "അയ്യോ എനിക്കു കഷ്ടം! എന്റെ കണ്ണുകൾ കർത്താവിന്റെ മഹത്വം കണ്ടുവല്ലോ."

57 ദൈവാലയത്തിൽ വച്ച് അവൻ ശുദ്ധീകരിക്കപ്പെട്ട ശേഷം: പ്രവാചകൻ നിലവിളിച്ച ആ സമയത്ത്, ആ ദൂതൻ കൊടിൽ കൊണ്ട് തീക്കനൽ എടുത്ത് അവന്റെ വായ്ക്ക് തൊടുവിച്ചപ്പോൾ; അവൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ ശുദ്ധിയില്ലാത്ത മനുഷ്യരുടെ ഇടയിൽ വസിക്കുന്നു എന്നു ഏറ്റു പറഞ്ഞു. അപ്പോഴും, അവൻ ഒരു പ്രവാചകൻ ആയിരുന്നു. ദൂതൻ കൊടിൽ എടുത്ത് തീക്കനൽ കൊണ്ട് അവന്റെ അധരങ്ങളിൽ തൊട്ട് അവനെ ശുദ്ധീകരിച്ചു, പിന്നെ പറഞ്ഞു, "ഇപ്പോൾ പോക, പ്രവചിക്ക."

കർത്താവായ ദൈവമേ, യെശയ്യാവ് നിലവിളിച്ചു, "കർത്താവേ, ഇതാ ഞാൻ. എന്നെ അയച്ചാലും."

58 അപ്പോൾ, അവൻ ചോദിച്ചു, “നമുക്ക് വേണ്ടി ആര് പോകും?” ആ ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറയ്ക്കു വേണ്ടി!

59 ഓ ദൈവമേ, അത് വീണ്ടും ആവർത്തിച്ചാലും. ഓ, കർത്താവെ, അതു വീണ്ടും വരാൻ ഇടയാകട്ടെ. ശുദ്ധീകരണ അഗ്നിയുമായി പരിശുദ്ധാത്മാവിനെ അയച്ചാലും. കാരണം, ഞാൻ ശുദ്ധിയില്ലാത്ത അധരമുള്ളവൻ, ഇവിടെ ഈ ഭൂമിയിൽ ശുദ്ധിയില്ലാത്ത ജനങ്ങളോടൊപ്പം വസിക്കുന്നു, എന്നു ഞാൻ ഏറ്റുപറയുന്നു. കർത്താവേ, ഞങ്ങൾ നിന്റെ കാഴ്ചയിൽ ശുദ്ധിയില്ലാത്തവരാണ്. എന്നാൽ, ഓ, ശുദ്ധീകരണ ശക്തിയായ, പരിശുദ്ധാത്മാവിനെ അയച്ചാലും! ഓ കർത്താവെ, ഞങ്ങളെ ശുദ്ധീകരിക്കേണമേ. കർത്താവേ, നിന്റെ ദാസനെ ശുദ്ധീകരിക്കേണമേ.

60 പിന്നെ സംസാരിക്കു, കർത്താവേ. നിന്റെ ദാസൻ കേൾക്കുന്നു. ആ ശബ്ദം കേൾക്കാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഞാൻ നിന്റേതാണ്. കർത്താവേ, ഞാൻ നിന്റെ അൾത്താരയിൽ സ്വയം എന്നെ ഇടുമ്പോൾ, നിനക്ക് അനുയോജ്യമാം വിധം, എന്നെ ഉപയോഗിച്ചാലും. കർത്താവേ, പരിശുദ്ധാത്മാവ് എന്നെ ശുദ്ധീകരിക്കട്ടെ; ആരെങ്കിലും പോകണമെന്ന് നീ ആഗ്രഹിക്കുന്നെങ്കിൽ, ഇതാണ് ആ സമയവും മണിക്കൂറും എങ്കിൽ, അഭിഷേകം ചെയ്ത് അയച്ചാലും, കർത്താവെ.

61 എനിക്ക്—എനിക്കറിയില്ല, കർത്താവേ. ഞാൻ—ഞാൻ ആ ദൂതന്മാരെ കണ്ടു എന്ന് മാത്രം എനിക്കറിയാം. ആ കാര്യങ്ങൾ കൃത്യമായും സത്യമാണെന്നു അങ്ങ് അറിയുന്നു. ഞാൻ പ്രാർത്ഥിക്കുന്നു, കർത്താവേ, “എനിക്കു കഷ്ടം,” ആകയാൽ എന്നെ സഹായിക്കേണം.

62 ഇപ്പോൾ ഈ ജനങ്ങളെ അനുഗ്രഹിക്കേണം. ഞങ്ങളുടെ കർത്താവിന്റെ ജനനാഘോഷവേളയുടെ തലേന്നാൾ, ഇവിടെ ഇന്ന് ഞങ്ങൾ ആയിരിക്കുന്നു. നീ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

63 ഇന്ന് രാവിലെ, നിന്റെ ദാസൻ, ഞങ്ങളുടെ സഹോദരൻ നെവിൽ, ഒരുപക്ഷേ അദ്ദേഹത്തിനു കുറച്ച് നിമിഷങ്ങൾ വിശ്രമിക്കേണ്ട സമയമായിരിക്കുമെന്ന് ഞാൻ കരുതുന്നു, ചിലപ്പോൾ ഞാൻ സംസാരിക്കണമായിരിക്കും. അതിനായി നീ ഇപ്പോൾ എന്നെ സഹായിക്കണമെന്ന് ഞാൻ—ഞാൻ പ്രാർത്ഥിക്കുന്നു.

64 കർത്താവേ, ഇവിടെ ആയിരിക്കുന്ന, ഞങ്ങൾക്ക് എല്ലാവർക്കും, നിന്നെ ആവശ്യമുണ്ട്. അതിനാൽ ഞങ്ങൾ നിന്റെ വചനം വായിക്കുകയും കുറച്ച് നേരം ധ്യാനിക്കുകയും ചെയ്യുമ്പോൾ നീ ഞങ്ങളെ

അനുഗ്രഹിക്കേണം എന്ന് ഇപ്പോൾ ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, അങ്ങയുടെ ആത്മാവു ഞങ്ങളുടെ മേൽ വരാനിടവട്ടെ. ദൈവത്തിന്റെ സന്ദേശവുമായി, അൾത്താരയിൽ നിന്നും ഞങ്ങളെ പുതിയതായി, പരിശുദ്ധാത്മാവിനാൽ, ശുദ്ധീകരിച്ച് ഞങ്ങളിൽ പുതു തീ കത്തിച്ചാലും, മഹാനായ നിത്യ ദൈവത്തിന്റെ ആഗമനത്തിനു മുമ്പ്, മരിച്ചു കൊണ്ടിരിക്കുന്ന ലോകത്തെ കുലുക്കാനായിട്ടാകുന്നു. അവന്റെ പ്രിയ പുത്രനും, ഞങ്ങളുടെ രക്ഷകനുമായ, യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഇത് ചോദിക്കുന്നു. ആമേൻ.

65 ഇപ്പോൾ ഇവിടെ ചില തിരുവെഴുത്തുകളിലേക്കും, ഞാൻ എഴുതിക്കൊണ്ടു വന്ന ചില കുറിമാനങ്ങളിലേക്കും, നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

66 ഡോകോ, അതോ ബില്ലിയോ, അതുമല്ല അവരിൽ ഒരാളോ എന്നോട് പറഞ്ഞെന്നു, ഞാൻ വിശ്വസിക്കുന്നു, കൊച്ചു കുഞ്ഞുങ്ങളുള്ള കാരണത്താൽ, കുറച്ച് നേരത്തെ പുറത്തു പോകാൻ ആഗ്രഹിക്കുന്നു. അവർക്കായി കുറച്ച് സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്.

67 നിങ്ങളുടെ സണ്ടേ സ്കൂളിൽ നിന്നും പുറത്തു കടന്ന ചെറിയ കുട്ടികളെ, അല്പ സമയം, നിങ്ങൾ—നിങ്ങൾ ചുറ്റി നടന്നുകൊൾവിൻ. ഞങ്ങൾ ഇവിടെ നിന്ന് പറയുന്നത് നിങ്ങൾക്ക് അല്പം ആഴത്തിലുള്ളതായിരിക്കാം, പക്ഷേ നിങ്ങൾ—എന്നാൽ നിങ്ങൾ മമ്മയോടും പപ്പയോടും ഒപ്പം, കുറച്ച് നിമിഷം നിശബ്ദമായിട്ടിരിക്കേണം. ഞാൻ അവരോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു.

68 ഇപ്പോൾ, സങ്കീർത്തനങ്ങളിൽ നിന്നും, 89-ാം സങ്കീർത്തനം, 89-ാം സങ്കീർത്തനത്തിലെ, ഒരു വാക്യമോ അതല്ല രണ്ടോ വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സങ്കീർത്തനങ്ങൾ 89-ലെ 50, 51, 52 വാക്യങ്ങൾ വായിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

69 ഇപ്പോൾ, നിങ്ങൾ ഏറ്റവും പിന്നിൽ ഇരിക്കുന്നവർക്ക് കേൾക്കാൻ കഴിയുന്നോ, ശരിയായി കേൾക്കുന്നോ? നിങ്ങൾക്ക് കഴിയുന്നെങ്കിൽ, നിങ്ങളുടെ കൈകൾ ഉയർത്തു. അപ്പോൾ ഞാൻ...ഏതാണ്... ഈ മൈക്കുകളെല്ലാം സജീവമാണോ? [ആരോ പറയുന്നു, "എനിക്കറിയില്ല."—Ed.] *ഈ* ഒന്നാണോ മികച്ചത്, അതോ *ഈ* ഒന്നാണോ? *ഈ* ഒന്നോ? *ഈ* ഒന്നോ? ["ഈ വശത്തുള്ള രണ്ടും സജീവമാണ്."] ഇവിടെ തന്നെ, *ഈ* രണ്ട് വശത്തും ഉള്ളതോ? ["*ഈ* ഒന്ന്, *ഈ* ഒന്ന്, പിന്നെ *ഈ* ഒന്ന്."] അങ്ങനെയാകട്ടെ.

70 അവർ ഇത് ടേപ്പ് ചെയ്യാൻ പോകുന്നോ ഇല്ലേ എന്ന് എനിക്കറിയില്ല. ഇന്ന് രാവിലെ ഇത് ഒരുതരം അപ്രതീക്ഷിത സംഭവമാണ്.

71 എന്നാൽ ഇപ്പോൾ മറക്കരുത്, നിങ്ങളുടെ എല്ലാ ചങ്ങാതിമാരെയും കൂട്ടിക്കൊള്ളുക. ഏകദേശമുള്ള നിങ്ങൾ എല്ലാവരും, അടുത്ത ഞായറാഴ്ചത്തെ യോഗത്തിൽ പങ്കെടുക്കാൻ ശ്രമിക്കണം എന്നു ഞാൻ—ഞാൻ ആഗ്രഹിക്കുന്നു.

72 അവർ ഉടൻ തന്നെ ഇവിടത്തെ ആലയം പൂർത്തിയാക്കുമെന്നു, ഞാൻ കരുതുന്നു. ദൈവ ഹിതമെങ്കിൽ, അപ്പോഴേക്കും ഞാൻ—ഞാൻ, ഇവിടെയുള്ള തിരുവെഴുത്തുകളിൽ നിന്ന്, ഈ ഏഴ് മുദ്രകൾ പ്രസംഗിക്കാൻ തിരികെ വരുന്നതാണ്.

73 സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ, 89-ാം അദ്ധ്യായം, 50-ാം വാക്യത്തിൽ തുടങ്ങുന്നു. ഇപ്പോൾ വചനം വായിക്കുന്നത് നല്ലപോലെ ശ്രദ്ധിക്കു.

കർത്താവേ, അടിയങ്ങളുടെ നിന്ദ ഓർക്കേണമെ; എന്റെ മാർവ്വിടത്തിൽ ഞാൻ സകല മഹാജാതികളുടെയും നിന്ദ വഹിക്കുന്നതു തന്നെ;

യഹോവേ, നിന്റെ ശത്രുക്കൾ നിന്ദിക്കുന്നുവല്ലോ; അവർ നിന്റെ അഭിഷിക്തന്റെ കാലടികളെ നിന്ദിക്കുന്നു.

യഹോവ എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ, ആമേൻ.

74 കുറച്ച് നിമിഷങ്ങൾ നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു...ആദ്യം, നിങ്ങൾ അത് അടയാളപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, വളരെ നന്നായി, അത് വീണ്ടും വീണ്ടും വായിക്കു. ഒരുപക്ഷേ അത് ഇപ്പോൾ തന്നെ വീണ്ടും വായിക്കാം. ഇപ്പോൾ നന്നേ ശ്രദ്ധിക്കു. കണ്ടോ?

കർത്താവേ, അടിയങ്ങളുടെ നിന്ദ ഓർക്കേണമെ; എന്റെ മാർവ്വിടത്തിൽ ഞാൻ സകല മഹാജാതികളുടെയും നിന്ദ വഹിക്കുന്നതു തന്നെ;

യഹോവേ, നിന്റെ ശത്രുക്കൾ നിന്ദിക്കുന്നുവല്ലോ; അവർ നിന്റെ അഭിഷിക്തന്റെ കാലടികളെ നിന്ദിക്കുന്നു.

യഹോവ എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ, ആമേൻ.

75 ദാവീദ് അത് പറഞ്ഞതുപോലെ, ഇത് നന്നേ വായിക്കു. ഒരു വിഷയത്തിനായി ഉപയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്... വീണ്ടും ഒരു ക്രിസ്തുമസ് വിഷയമാണെങ്കിൽ, ഇത് വളരെ വിചിത്രമായിരിക്കുന്നു; എന്നാൽ കഴിഞ്ഞ ഞായറാഴ്ച ഞാൻ ഒരു വിചിത്രമായ വിഷയം പ്രസംഗിച്ചിരുന്നു. അത് ഇപ്പോൾ എന്തായിരുന്നു എന്നു ഞാൻ മറന്നുപോയി. അതായിരുന്നിട്ട്...[ഒരു സഹോദരൻ പറയുന്നു, "*ലോകം അകലെയായി വീഴുന്നു.*"—Ed.] ക്ഷമിക്കില്ലേ? ["*ലോകം അകലെയായി വീഴുന്നു.*"] വീഴുന്നു: *ലോകം അകലെയായി വീഴുന്നു.*

76 ഈ ഞായറാഴ്ച, ഇപ്പോൾ ഞാൻ ഒരു വിഷയത്തിനായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു: *വചനത്താൽ ഉളവായ നിന്ദ.* വളരെ നന്നേ, ഇപ്പോൾ ഞാൻ ഇത് വീണ്ടും ആവർത്തിക്കട്ടെ. ആ... *വചനത്താൽ ഉളവായ നിന്ദ.*

77 ദൈവത്തിന് ഒരു സമയമുണ്ട്, അവന്റെ വചനങ്ങളെല്ലാം നിറവേറ്റാനായി, ആ സമയത്തിന് ഒരു കാരണവുമുണ്ട്. ദൈവം എന്തു ചെയ്യാൻ പോകുന്നു എന്ന് അവന് കൃത്യമായിട്ട് അറിയാം. നമുക്ക് അറിയില്ല. അവൻ നമുക്ക് തരുന്നതുപോലെ തന്നെ നാം അതിനെ സ്വീകരിക്കണം. പക്ഷേ, അവനറിയാം, അവൻ—അവൻ ചെയ്യാൻ പദ്ധതിയിട്ടിരിക്കുന്നതിൽ ഒന്നും തന്നെ തെറ്റിപ്പോകുന്നില്ല. അതെല്ലാം അങ്ങനെ തന്നെ വരേണ്ടതുണ്ട്. ചിലപ്പോൾ, അവിടെ അതായിട്ട്, വസ്തുതയുടെ യഥാർത്ഥ, യഥാർത്ഥ സ്വഭാവത്തെ പുറത്തു കൊണ്ടുവരാൻ, പരുഷവും കഠിനവുമായ കാര്യങ്ങൾ ഉണ്ടായിരിക്കണം.

78 നിങ്ങൾക്കറിയാം, ഒരു പരുപരുത്ത, ദുർഘടമായ, ഇടിമിന്നലുള്ള, നശിപ്പിക്കുന്ന, ഇടിമുഴക്കുന്ന ആകാശത്തിലാണ്, മഴ ഉണ്ടാകുന്നത്. നമുക്ക് മഴയില്ലെങ്കിൽ, നമുക്ക് ജീവിക്കാൻ കഴിയില്ല. എന്നാൽ മഴ പെയ്യാൻ എന്താണ് വേണ്ടതെന്ന് നിങ്ങൾ കാണുന്നുണ്ടോ? ഇടി, മിന്നൽ, മിന്നൽപ്പിണരും, പ്രക്ഷുബ്ധതയും. അവിടെ നിന്നാണ് മഴ വരുന്നത്.

79 പുതു ജീവൻ പുറപ്പെടുവിക്കാനായി, ഒരു വിത്തു മരിച്ച്, അഴുകി, ദുഷിച്ച്, നാറി, ഭൂമിയുടെ പൊടിയിലേക്ക് മടങ്ങേണം.

80 അത് സ്വർണ്ണത്തെ, അങ്ങോട്ടും ഇങ്ങോട്ടും, തിരിച്ചു മറിച്ചും, അടിച്ചു പതംവരുത്തുന്നതു പോലെയാണ്, എല്ലാ നിഷ്പ്രയോജനവസ്തുക്കളും അതിൽ നിന്ന് പുറത്തെടുക്കുവോളം പതം വരുത്തുക. അത് തിളങ്ങുന്നു എന്നതിനാലല്ല, എന്തുകൊണ്ടെന്നാൽ മൂഢന്മാരുടെ സ്വർണ്ണം എന്നറിയപ്പെടുന്ന, ഒരുതരം ഇരുമ്പയിര്, യഥാർത്ഥ സ്വർണ്ണം

പോലെ തിളങ്ങുന്നു. പക്ഷേ, നിങ്ങൾ രണ്ടും ചേർത്തു വെയ്ക്കു. നിങ്ങൾ അവയെ ഒരു വശത്ത് സജ്ജമാക്കിയാൽ, നിങ്ങൾക്ക് അവയെ കഷ്ടിച്ചും വേർതിരിച്ചറിയാൻ കഴിയില്ല. എന്നാൽ അവയെ ഒന്നിച്ച് ചേർക്കു, നിങ്ങൾക്ക് അത് പറയാൻ കഴിയും. പിന്നെ അടിക്കുന്നയാൾ എപ്പോഴും അവൻ—അവൻ പൊന്നു പ്രതിഫലിപ്പിക്കുന്ന തന്റെ സ്വന്തം ഛായ കാണുന്നതു വരെ അടിക്കുന്നു.

81 ദൈവം ചെയ്യുന്ന എല്ലാത്തിനും ഒരു ഉദ്ദേശ്യമുണ്ടാക്കി അവൻ ഒരു സമയം നിശ്ചയിച്ചിരിക്കുന്നു. കർത്താവിനെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവർക്ക് യാദൃശ്ചികമായി ഒന്നും തന്നെ സംഭവിക്കുന്നില്ല. കാണുന്നോ? നാം മുൻനിയമിക്കപ്പെട്ടവരാകുന്നു. അവനു കളവ് പറയാൻ കഴിയാത്തതിനാൽ, അതിനാൽ, എല്ലാം ശരിയായി പ്രവർത്തിക്കുന്നു. അത് അങ്ങനെ ആയിരിക്കും എന്നു അവൻ പറഞ്ഞു, എല്ലാത്തിനും അതിന്റെ സമയമുണ്ട്, അതിന്റെ കാലമുണ്ട്, അതിന് അതിന്റെ വഴിയുണ്ട്. എല്ലാ നീക്കങ്ങൾക്കും പിന്നിൽ ദൈവം ഉണ്ട്. ചിലപ്പോൾ അതെല്ലാം തെറ്റായി പോകുന്നു എന്നു നിങ്ങൾ ചിന്തിക്കുന്നു. അത് നമ്മുടെ മേലാണ്. പരീക്ഷണങ്ങളും അത്ഭുതങ്ങളും, അവ നമ്മുടെ മേൽ ചുമത്തിയിരിക്കുന്നു. ഒരു പ്രവൃത്തിയാൽ നമ്മൾ എങ്ങനെ പ്രതികരിക്കും എന്ന് കാണാനായി, ഇത് പരീക്ഷിക്കുന്നതാണ്.

82 കുറച്ചു കാലം മുമ്പ്, വെർമോണ്ടിൽ, ഫ്രെഡ് സഹോദരനും ഞാനും ന്യൂയോർക്ക് ഭാഗത്ത്, ചാംപ്ലേൻ തടാകത്തിന് കുറുകെ പോയിട്ട്, ഞങ്ങൾ ന്യൂയോർക്ക് ഭാഗത്ത് എത്തിയിരുന്നു. ഞാൻ അവിടെ ആ പർവതത്തിൽ, ഹരിക്കേൻ പർവതത്തിൽ കയറി, അവിടെയാണ് ഞാൻ സാധാരണ വേട്ടയാടാറുള്ളത്. ഒരു കൊടുങ്കാറ്റിനാൽ, ഞാൻ നഷ്ടപ്പെട്ടു പോയപ്പോൾ, പരിശുദ്ധാത്മാവിനാൽ മാത്രം, ദൈവം എന്നെ തിരികെ എങ്ങനെ അവിടേക്ക് കൊണ്ടുപോയതെന്നു ഞാൻ ഓർക്കുന്നു. അതിനാൽ, ഞാൻ മരിച്ച്, നശിച്ചു പോകുമായിരുന്നു, അങ്ങനെ തന്നെ എന്റെ ഭാര്യയും ബില്ലിയും, ഒരു ചെറിയ ക്യാമ്പിൽ മൈലുകൾക്ക് അപ്പുറത്തായിരുന്നു. ഞാൻ ചിറ്റിനും ചുറ്റിത്തിരിഞ്ഞു.

83 വസന്തത്തിന്റെ തുടക്കത്തിൽ, ക്യാമ്പിലേക്ക് കടക്കാനായി, ഞങ്ങൾക്ക് ഒരു ചെറിയ മഞ്ഞ് മാത്രം താണ്ടിയാൽ മതിയായിരുന്നു. ഞാൻ അവിടെ ഫ്രെഡ് സഹോദരനുമായി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് പറഞ്ഞു, “നീ മാത്രം തനിയെ പോകുക.” ഞാൻ കുറച്ചു നേരത്തിൽ മുൾപടർപ്പുള്ള, സ്ഥലത്തേക്ക് മാറി. അവൻ എന്നോട് പറഞ്ഞു, “നിനക്കായി ഒരു കെണി ഒരുക്കിയിരിക്കുന്നു. ഇപ്പോൾ വളരെ ശ്രദ്ധിക്കുക.” എങ്ങനെ, എന്ത്

എന്ന് അവൻ എന്നോട് പറഞ്ഞിരുന്നില്ല. ഞാൻ തിരികെ വന്ന് ഫ്രെഡ് സഹോദരനോട് പറഞ്ഞു.

84 അന്ന് രാത്രിയിൽ ഓഡിറ്റോറിയത്തിലെ പള്ളിയിൽ പോയി, ജനങ്ങളെ വിളിച്ചറിയിച്ചു. അടുത്ത രാത്രിയിൽ അത് സംഭവിച്ചു. അവൻ പറഞ്ഞിട്ട് ഞാൻ അവിടെ നിൽക്കുമ്പോൾ, ചില പരിഹാസികളുടെ മേൽ, അവൻ പറഞ്ഞു, "ഇത് നിന്റെ കൈകളിലാണ്. അവരുമായി ചെയ്യൂ. നീ എന്തു പറയുന്നോ, ഇപ്പോൾ തന്നെ സംഭവിക്കും."

85 അവിടെയാണ് നിങ്ങൾ. അവിടെ, ഭക്തികെട്ട, ആദരവില്ലാത്ത ആരെങ്കിലും, ഒരു ചെറുപ്പക്കാരൻ യുവാവും ഒരു യുവതിയും, അവർ യോഗത്തിൽ കളിയാക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഞാൻ പ്രസംഗിക്കാൻ ശ്രമിക്കുമ്പോൾ, എല്ലാവരുടെയും ശ്രദ്ധ തിരിക്കാൻ; കെട്ടിടത്തിൽ അവളുമായി പ്രണയമുണ്ടാക്കാൻ അയാൾ ശ്രമിച്ചിരുന്നു. അവളുടെ തല പിന്നിലേക്ക് തിരിച്ച് അവളുടെ മടിയിൽ കയറി, തല പിന്നിലേക്ക് തിരിച്ചുകൊണ്ട് അവളെ ചുംബിക്കാൻ ശ്രമിച്ചു, യോഗത്തിൽ അങ്ങനെ ചെയ്യുന്നതിനാൽ, ശ്രദ്ധ ആകർഷിച്ചിരുന്നു.

86 പരിശുദ്ധാത്മാവ് പറഞ്ഞു, "ഇപ്പോൾ അവൻ...അവർ നിന്റെ കൈകളിലാണ്. നീ അവരുമായി എന്തു ചെയ്യും?"

87 ഒരു വിശുദ്ധമായ നിശ്ശബ്ദത ഉണ്ടായി. എല്ലാവരും നിശബ്ദരായി അനങ്ങാതിരുന്നു. ഞാൻ ചിന്തിച്ചു, "ഓ, ദൈവമേ, ഞാൻ എന്തു ചെയ്യണം?"

88 രണ്ട് ദിവസം മുമ്പ്, അത് പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പ് അല്ലായിരുന്നെങ്കിൽ, എന്നു ഞാൻ ഓർത്തു. ഞാൻ പറഞ്ഞു, "ഞാൻ നിങ്ങളോട് ക്ഷമിക്കും." ഇപ്പോൾ, അതാണ് ഞാൻ പറയാൻ അവൻ ആഗ്രഹിച്ചത്. കണ്ടോ?

89 കാരണം, എന്നിരിക്കിലും, ഞാൻ—ഞാൻ കുറ്റക്കാരൻ ആയിരുന്നു, ഒരുപക്ഷേ അതിനാൽ അല്ല, എന്നാൽ കുറ്റക്കാരനാണ്. "മുഴവനായി നോക്കുമ്പോൾ ഏറ്റവും ചെറിയ കുറ്റം ചെയ്യുന്നവനിലും ഒരുവനാണ്."

90 അതുകൊണ്ട് ഞാൻ പറഞ്ഞു, "ഞാൻ നിങ്ങളോട് ക്ഷമിക്കുന്നു." അന്ന് അവിടെ ഉണ്ടായിരുന്ന, സാക്ഷികൾ ഇപ്പോൾ ഇവിടെ ഇരുപ്പുണ്ട്. അപ്പോൾ പരിശുദ്ധാത്മാവ് കടന്നു പോയി.

91 ഇപ്പോൾ, നിങ്ങൾ കാണുന്നു, ഈ എല്ലാ കാര്യത്തിനും ഒരു അർത്ഥമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു അധികാരം ഉപയോഗിച്ച് നിങ്ങൾ എന്തു ചെയ്യും? നോക്കു, ഒരു പ്രവൃത്തിയുടെ

പ്രതികരണം നിങ്ങൾ എങ്ങനെയാണ് കാണുന്നത്? ഒരു പ്രവൃത്തിയായി വരുന്ന എന്തോ ഒന്ന്, ആ പ്രവർത്തിയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും? ഞാൻ ഉദ്ദേശിച്ചത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലായോ? നിങ്ങൾ എന്തു ചെയ്യും? ഇതെല്ലാം ഇപ്പോൾ നമ്മൾ എവിടെയാണോ അവിടെ ഇതെല്ലാം പ്രവർത്തിച്ചേക്കാം. എനിക്കറിയില്ല. എനിക്ക്—എനിക്ക് പറയാൻ കഴിയില്ല. എന്നാൽ എപ്പോഴും ചില വഴികളുണ്ട്...

92 അത് ഓർത്തിരിക്കു, വചനം നിമിത്തം—നിമിത്തം ഉള്ള നിന്ദ...വചനം എല്ലായ്പ്പോഴും ഒരു നിന്ദയെ വഹിക്കുന്നു. എല്ലാ കാലങ്ങളിലൂടെയും, ദൈവത്തിന്റെ അഭിഷേകം ചെയ്യപ്പെട്ട വചനം എല്ലായ്പ്പോഴും നിന്ദിക്കപ്പെടുന്നു. ആ കാരണത്താലാണ് അത് മനസിലാകാത്ത ആളുകൾക്ക്, ആ നിന്ദ എങ്ങനെ സ്വീകരിക്കാമെന്ന് അറിയാൻ കഴിയാത്തത്.

93 ശിഷ്യന്മാർ തിരികെ വന്നത് നിങ്ങൾക്ക് ഓർക്കാൻ കഴിയുന്നു അവന്റെ നാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെട്ടുകയാൽ അവർ സന്തോഷിച്ചില്ലേ? അവൻ പറഞ്ഞു, "ക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും," വചനത്തിന്റെ നിന്ദ.

94 നിങ്ങൾക്ക് പരിശോധന നൽകുന്നതിന് നിങ്ങൾ എപ്പോഴും ഈ നിന്ദയിൽ നിൽക്കേണ്ടതുണ്ട്, എന്നു കാണു. കാരണം—കാരണം ദൈവം നിങ്ങളെ നിയോഗിച്ച ഉദ്ദേശ്യത്തിനായി, ക്രിസ്തുവിലേയ്ക്കു വരുന്ന ഓരോ മനുഷ്യനും ആദ്യം ശിശു പരിശീലനം നേടിയവരായിരിക്കണം. ഓർത്തിരിക്കു, നിങ്ങൾക്ക് മൌനമായിരിക്കാൻ കഴിഞ്ഞാൽ! ഓർത്തിരിക്കു, ഇതിനായി അവൻ നിങ്ങളെ വിളിച്ചിട്ടുണ്ടെങ്കിൽ, അത് സംഭവിക്കുന്നത് തടയാൻ അവിടെ യാതൊന്നുമില്ല. എന്നാൽ ദൈവ വചനം എന്താണോ അതു പ്രത്യക്ഷമാകുവോളം, പീഡിപ്പിക്കാനായി വേണ്ടത്ര പിശാചുക്കളില്ല. നിങ്ങൾ ജനിച്ചത് ഒരു ഉദ്ദേശ്യത്തിനാണ്, നിങ്ങളുടെ സ്ഥാനം ആർക്കും എടുക്കാനാവില്ല. നിങ്ങൾക്ക് ആൾമാറാട്ടക്കാരും മറ്റെല്ലാം ഉണ്ടായിരിക്കാം, പക്ഷേ അവർ ഒരിക്കലും നിങ്ങളുടെ സ്ഥാനം എടുക്കില്ല. ശരിയാണ്. ദൈവത്തിന്റെ വചനം ജയഘോഷം കൊള്ളും. അതിനു പരാജയപ്പെടാൻ കഴിയില്ല. അത്— അത് അറിഞ്ഞു കൊണ്ടാണ്, ഓരോ ക്രിസ്ത്യാനിയും അവിടെ നിൽക്കേണ്ടത്. പരീക്ഷണങ്ങൾ വരും, നിങ്ങൾക്ക്, എല്ലാവിധത്തിലും തോന്നും. എന്നാൽ ഓർത്തിരിക്കു, ദൈവത്തിന് ഒരു ഉദ്ദേശമുണ്ട്, അതെല്ലാം ശരിയായി പ്രവർത്തിക്കും.

95 ദൈവ വചനത്തിലെ പൂർത്തീകരിക്കപ്പെട്ട ഒരു—ഒരു ചില സംഭവങ്ങളെ ഇപ്പോൾ നമുക്ക് തിരികെ വിളിക്കാം, അവർ അവരുടെ കാലത്തിൽ വചനം വഹിച്ചിരുന്നവരാണ്.

96 അല്പം മുമ്പ്, ആരോ എന്നെ വിമർശിക്കുന്നു എന്ന് എനിക്ക്, എനിക്ക്—എനിക്ക് ആത്മാവിൽ തോന്നി. അത് ഒരുപക്ഷേ ടേപ്പ് കേൾക്കുന്ന ദേശത്തായിരിക്കും. എപ്പോഴും വളരെയധികം പരാമർശിക്കുമ്പോൾ, ഞാൻ പറയുന്നതിനെ തിരികെ പോയി ബൈബിളിലുള്ള വ്യക്തികളെ എടുത്തു നോക്കു. ശരി, ഞാൻ അത് ഒരു ഉദ്ദേശ്യത്തിനായി ചെയ്യുകയാണ്. നാം അവയെ നോക്കാൻ വേണ്ടിയാണ് ഈ കാര്യങ്ങൾ എഴുതിയെതെന്നു ബൈബിൾ പറയുന്നു. അതാണ് ഏക മാർഗം, ഒരു വിദ്യാഭ്യാസമില്ലാതെ, എനിക്ക് ചെയ്യാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗം, തിരികെ നോക്കി സംശയം തീർക്കുക എന്നതാണ്, "നിങ്ങൾ നോക്കു *ഈ* നിലപാട് എവിടെയാണ്, അതിനാൽ എന്താണ് സംഭവിച്ചത്, എവിടെയാണ് *ഇത്* നടന്നത്." കാണുന്നോ? എന്നിട്ട് നിങ്ങളെ സ്വയം അവിടെത്തന്നെ വയ്ക്കു.

97 നിങ്ങൾക്കറിയാം, കുറച്ചു നാൾ മുമ്പ്, കപ്പലിലെ കൊച്ചു കുട്ടിയെക്കുറിച്ച്, ഞാൻ പ്രസംഗിച്ചതു പോലെയാണ്, പിന്നെ—പിന്നെ വയസ്സായ കപ്പിത്താൻ മരിക്കുകയായിരുന്നു. അദ്ദേഹം രോഗിയായിരുന്നു. കപ്പലിൽ ഒരു ബൈബിൾ ഇല്ലേ എന്ന് അദ്ദേഹം ചോദിച്ചു. അവർ ബൈബിളുള്ള കൊച്ചു കുട്ടിയെ കണ്ടുപിടിച്ചു, അവൻ വന്നു യെശയ്യാവ് 53:5 വായിച്ചു. "അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു." അവൻ പറഞ്ഞു, "ആ...കപ്പിത്താനെ, എന്റെ അമ്മ അത് എങ്ങനെ വായിച്ചിരുന്നു എന്ന് ഞാൻ നിങ്ങളോട് പറയട്ടെ." പറഞ്ഞു, "അവൾ എഴുതിയ രീതി ഇതാണ്. 'വില്ലി പ്രൂട്ടിന്റെ അകൃത്യത്താം നിമിത്തം അവൻ മുറിവേറ്റു. വില്ലി പ്രൂട്ടിന്റെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി. അവൻ ചെയ്തിരുന്ന ഈ കാര്യങ്ങളെല്ലാം, വില്ലി പ്രൂട്ടിനു വേണ്ടിയായിരുന്നു.'" അത് അവന്റെ പേര് ആയിരുന്നു.

വയസ്സായ കപ്പിത്താൻ പറഞ്ഞു, "ഞാൻ അതു ഇഷ്ടപ്പെടുന്നു. നിനക്ക് അതിൽ എന്റെ പേര് വായിക്കാൻ കഴിയുമോ?"

98 അവൻ പറഞ്ഞു, "ഞാൻ ശ്രമിക്കാം." അവൻ പറഞ്ഞു, "അവൻ ജോൺ ക്വാർട്സിന്റെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു. അവൻ ജോൺ ക്വാർട്സിന്റെ അകൃത്യങ്ങൾ നിമിത്തം തകർന്നിരിക്കുന്നു. അവന്റെ അടിപ്പിണരുകളാൽ ജോൺ ക്വാർട്സിനു സൌഖ്യം വന്നിരിക്കുന്നു."

അദ്ദേഹം പറഞ്ഞു, "ഞാൻ അതു കാണുന്നു." കർത്താവ് അവനെ സൌഖ്യമാക്കി. കണ്ടോ?

99 അതിൽ നിങ്ങളുടെ പേര് വായിക്കുക. വില്യം ബ്രൺഹാമിന്റെ അതിക്രമങ്ങൾ നിമിത്തം അവൻ മുറിവേറ്റു. വില്യം ബ്രൺഹാമിന്റെ അതിക്രമങ്ങൾ നിമിത്തം അവൻ തകർന്നിരിക്കുന്നു. അവൻ അത് എനിക്കുവേണ്ടി ചെയ്തു, അവൻ അത് നിങ്ങൾക്കു വേണ്ടി ചെയ്തു. അതിൽ നിങ്ങളുടെ പേര് വായിക്കുക.

100 ശരി, ആ വിധത്തിലാണ് എന്റെ—എന്റെ ജനത്തിലേക്ക് തിരുവെഴുത്തുകൾ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്, അവനെ അനുസരിച്ച മറ്റൊരുവന് വേണ്ടിയാണ് അവൻ അത് ചെയ്തിരിക്കുന്നത്. അവൻ മറ്റാർക്കോ അത് ചെയ്തതിനു അവിടെ ഒരു വാസ്തവമായ കാരണം ഉണ്ടായിരുന്നു, ആ കാരണം വാസ്തവം അല്ലാതിരുന്നെങ്കിൽ അവൻ അതിനുവേണ്ടി അതു ചെയ്യുമായിരുന്നോ, എങ്കിൽ നിങ്ങളുടെ പേര് അതിനോടു ചേർത്തു വായിക്കു. നിങ്ങൾ അവിടെ ഉണ്ടായിരുന്നെങ്കിൽ, നിങ്ങൾ എന്ത് നിലപാടാണ് സ്വീകരിക്കുക? ഇന്ന്, അതേ നിലപാട് എടുക്കുന്നതിനുള്ള, പ്രത്യേകാവകാശം, നിങ്ങൾക്ക് ലഭിച്ചെന്ന് ഓർത്തിരിക്കു.

101 അപ്പോൾ, നോഹ, ദൈവം അവനോടു സംസാരിച്ച വചനത്തിന്റെ നിന്ദക്കായി നിന്നു. നോഹയ്ക്ക്, ഒരു നിന്ദ ഉണ്ടായിരുന്നു. നോഹ ഒരു ശാസ്ത്രീയമായ യുഗത്തിലാണ് ജീവിച്ചിരുന്നത്, അതിനാൽ അവിടെ അവർക്ക് ശാസ്ത്രീയ നേട്ടങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നു, അത് ഇന്ന് നമ്മൾ നിർമ്മിച്ചിരിക്കുന്ന എന്തിനേക്കാളും അപ്പുറത്തുള്ളതായിരുന്നു. അവർ തെളിച്ചമുള്ളവരും, കൂടുതൽ ബുദ്ധിയുള്ളവരും ആയിരുന്നു. അവരുടെ ശാസ്ത്രം, നമ്മുടേതിനേക്കാൾ വളരെ മുന്നേറിയതായിരുന്നു. ഇത്രയും ഓർത്തിരിക്കു, അവൻ പ്രസംഗിച്ചിരുന്ന വചനത്തിന്റെ നിന്ദക്കായി അവനു നിൽക്കേണ്ടിയിരുന്നു, പരിഹാസികളുടെ മുന്നിൽ, ഒരു നൂറ്റിയിരുപതു വർഷങ്ങൾ. ആകാശത്ത് മഴയില്ലെന്ന് അവരുടെ മികച്ച ശാസ്ത്രീയ വഴികൾ അവർക്ക് തെളിയിച്ചു കാണിച്ചിരുന്നു. പക്ഷേ, എന്നിട്ടും, നോഹ കർത്താവിന്റെ വചനം കേട്ടിരുന്നു, അത് അവരുടെ സങ്കൽപ്പത്തിന് വിരുദ്ധമായിരുന്നു. അങ്ങനെ, അവന്റെ ജീവൻ രക്ഷിക്കപ്പെടുന്നതിന് മുമ്പ്, ഈ പരിഹാസികൾ അവനെ നിന്ദിക്കുമ്പോൾ അവനു അതിനെ തികച്ചും അഭിമുഖികരിക്കേണ്ടിയിരുന്നു.

102 ഓ, ആ പാവപ്പെട്ട വയസ്സൻ പ്രസംഗികനോട് അവർക്ക് സഹതാപം തോന്നിയിരിക്കും, എന്നതിൽ സംശയമില്ല. അവർ

അവനെ മാറ്റിനിർത്തുകയോ അതല്ല ഒന്നും ചെയ്യുകയോ ചെയ്തില്ല, എന്തുകൊണ്ടെന്നാൽ ആ ദിവസത്തിൽ അത്തരത്തിലെ വീടുകൾ ധാരാളം ഉണ്ടായിരുന്നില്ല. അവൻ നിരുപദ്രവകാരിയായിരുന്നു. അവൻ ആരെയും വേദനിപ്പിക്കാൻ പോയിരുന്നില്ല, അതിനാൽ അവർ അവനെ ഒറ്റയ്ക്ക് വിട്ടിരുന്നു. "മുന്നോട്ട് പൊയ്ക്കൊള്ളൂ, കുന്നിന്റെ അരികിൽ ആ വയസ്സൻ മതഭ്രാന്തൻ, വെള്ളമില്ലാത്ത അവിടെ ഒരു കപ്പൽ വഴി നിർമ്മിക്കുന്നു. ഓ, നന്നായി, പാവം വൃദ്ധൻ! എന്നാൽ," ചോദിച്ചു, "നോഹേ, നിന്റെ ബോട്ട് പൊങ്ങി കിടക്കാൻ എവിടെ നിന്നാണ് വെള്ളം എടുക്കാൻ പോകുന്നത്?"

"അത് ആകാശത്ത് നിന്ന് താഴേക്ക് വരുന്നു."

103 "അസംബന്ധം. റഡാർ ഉപയോഗിച്ച്, ഞങ്ങൾക്ക് ചന്ദ്രനെയും നക്ഷത്രങ്ങളെയും വെടിവയ്ക്കാൻ കഴിയും," അതല്ല അവർക്കുള്ള എന്തിനാലും. "അവിടെ മുകളിൽ മഴയൊന്നും ഇല്ല."

എന്നാൽ അവൻ പറഞ്ഞു, "അവൻ അവിടെ കുറച്ചു ഇടാൻ പോകുന്നു എന്നു ദൈവം പറഞ്ഞു."

"അവൻ അത് എങ്ങനെ ചെയ്യാൻ പോകുന്നു?"

104 "അത് അവന്റെ തൊഴിലാണ്. ഇവിടെ നിന്ന് നിങ്ങളോട് പുറത്തുകടക്കാൻ മുന്നറിയിപ്പ് നൽകുക മാത്രമാണ് എനിക്ക് ചെയ്യാനുള്ളത്."

105 ഇത് ഇപ്പോൾ ഏകദേശം അതു പോലെ സമാനമാണ്. "തീ എവിടെ നിന്ന് വരാൻ പോകുന്നു?" സഹോദരാ, അത് നോഹയുടെ സമയത്തേക്കാൾ കുറച്ചും കൂടെ ഇന്നു വളരെ വ്യക്തമാണ്. അത് എവിടെയാണെന്ന് നമ്മൾ ഇതിനകം കണ്ടുകഴിഞ്ഞു. കത്തിക്കയറിയാൽ മാത്രം മതി, അത്രയേയുള്ളൂ. ശാസ്ത്രം ഇതിനകം തന്നെ...ഈ സമയത്ത്, എവിടെയും ഒരു ഒഴികഴിവില്ല, കാരണം ശാസ്ത്രം ഇതിനകം കണ്ടെത്തിയിരിക്കുന്നു. അതെ, സർ.

106 അങ്ങനെ ഇപ്പോൾ ഇത് തികച്ചും ഒരു കാര്യമാണെന്ന് നാം കണ്ടെത്തി. അതിനാൽ പാവം പിടിച്ച വയസ്സൻ പ്രാസംഗികനോട് അവർക്ക് സഹതാപം തോന്നിയിട്ട്, അവനെ വെറുതെ വിട്ടിരുന്നു. ഒരുപക്ഷേ, ആ ജനങ്ങൾക്ക്, ബുദ്ധിമാനായിരിക്കേണ്ട ഒരു മനുഷ്യൻ എന്ന് ചിന്തിക്കുന്നത്, ഒരു വിചിത്രമായ കാര്യമായിരുന്ന്, ആകാശത്തിന്റേയും ഭൂമിയുടെയും സ്രഷ്ടാവ്, ആ ദൈവം എന്തെങ്കിലും ചെയ്യുമെന്ന്, വിശ്വസിക്കുന്നതോ, അല്ലെങ്കിൽ അവൻ ചെയ്യാൻ പോകുന്ന എന്തെങ്കിലും പറയുന്നതോ, അത് അവരുടെ ചിന്താഗതിക്ക്, അവർക്ക് ഉണ്ടായിരുന്നതിൽ നിന്ന് വിരുദ്ധമായതായിരുന്നു.

ചിലപ്പോൾ നിങ്ങൾക്ക് അത് ലഭിച്ചിട്ടില്ലായിരിക്കാം. നോക്കൂ. ആയിരുന്നു...അവരുടെ ശാസ്ത്രത്താൽ എല്ലാ പ്രകൃതിപരമായ കാര്യങ്ങളെയും അവർക്ക് തെളിയിക്കാൻ കഴിയുമെന്ന് അവർ കരുതിയിരുന്നു. അതല്ലേ നാം ഇന്നു ജീവിക്കുന്ന ഒരു ലോകം അല്ലെങ്കിൽ, ബുദ്ധി പ്രധാനമായ, ശാസ്ത്രത്താൽ നിറഞ്ഞ ഒരു വിദ്യാഭ്യാസ ലോകം! അവർക്ക് തെളിയിക്കാൻ കഴിയുന്ന എന്തും, അതു തെറ്റാണ്, ദൈവത്തിന്റെ..."ദൈവം എന്തെങ്കിലും ഉണ്ടെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അത് (ആയിരുന്നിട്ട്) അത് അവിടെ ഇല്ലെന്നു ശാസ്ത്രീയമായി തെളിക്കാൻ കഴിയില്ല."

107 ഇപ്പോൾ, അവർക്ക് ഇന്നും അതേ ആശയം തന്നെ. നിങ്ങൾക്ക് ക്യാൻസർ ഉണ്ടെന്ന് നിങ്ങളുടെ ഡോക്ടർ പറഞ്ഞാൽ, നിങ്ങൾ മരിക്കണം, നിങ്ങൾക്ക് ക്യാൻസർ വന്നതായി ശാസ്ത്രം തെളിയിക്കുന്നു, അത് ഒരു മുന്നേറിയ ഘട്ടത്തിലാണ്, വ്യത്യസ്തമായി എന്തെങ്കിലും ചിന്തിക്കുന്നത് മണ്ടത്തരമാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾ മരിക്കാൻ പോകുകയാണ്; അത്ര തന്നെ. നിങ്ങൾ മരിക്കാൻ പോകുന്നു എന്നു ശാസ്ത്രം പറയുന്നു. അവർ നിങ്ങളെ പരിശോധിച്ചു, അതാണ് അതിൽ എല്ലാമായിട്ട് ഉള്ളത്. നിങ്ങൾ മരിക്കാൻ പോകുന്നു. ദൈവം അത് ചെയ്യും എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു എന്ന് നിങ്ങൾ പറയാൻ ശ്രമിച്ചാൽ അത് ഭ്രാന്താണെന്ന് അവർ കരുതുന്നു. നോക്കൂ, അത് ആയിരുന്നതു പോലെ, നിങ്ങൾക്ക് ആ നിന്ദയിൽ നിൽക്കേണ്ടതുണ്ട്.

108 അവർ പറയുന്നു, ഡോക്ടർ ഇവിടെ പറഞ്ഞാൽ, "ഞങ്ങൾ പരിശോധിച്ചു, ക്യാൻസർ മുന്നേറിയ തലത്തിലാണ്. ഞങ്ങൾ നിങ്ങളെ തുറന്നു നോക്കി. അതെല്ലാം നിങ്ങളുടെ ശരീരത്തിലൂടെയും, നിങ്ങളുടെ ഹൃദയത്തിലൂടെയും, നിങ്ങളുടെ ശ്വാസകോശത്തിലൂടെയും, നിങ്ങളുടെ കരളിലൂടെയും, എല്ലായിടത്തും ആയിരിക്കുന്നു. ഇതു അസാധ്യമാണ്."

അങ്ങനെ, "പക്ഷേ, എങ്ങനെയും, അവൻ ജീവിച്ചിരിക്കാൻ പോകുന്നു," എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ നോക്കൂ.

അവർ പറയും, "അതെ, പാവം പിടിച്ചവൻ, അവനെ വെറുതെ വിടൂ."

109 ആ രാത്രി ഞാൻ ഓർക്കുന്നു. ബിൽ ഹാൾ, മിൽട്ടൻ ചർച്ചിലെ സഹോദരൻ ഹാൾ, നിങ്ങളിൽ പലരും ആ സംഭവം ഓർക്കുന്നുണ്ടാകും. അവൻ...അവർ എന്നെ വിളിച്ചിരുന്നു. എന്റെ ഭാര്യയും അമ്മായി-അമ്മയും ഞാനും കൂടെ, അവിടേക്ക് പുറപ്പെട്ടു. നഗരത്തിലെ മേയറോ, അതോ ഇവിടത്തെ ന്യായാധിപനോ ആയിരുന്ന, ജോർജ്ജ് കപ്പ്, അദ്ദേഹം ഒരു സഹോദരിയായ

പെൺകുട്ടിയെ വിവാഹം കഴിച്ചിരുന്നു, എന്നു ഞാൻ കരുതുന്നു. അവന്റെ...അത് അദ്ദേഹത്തിന്റെ അളിയൻ ആയിരുന്നു. മരിക്കാറായി അവർ അവനെ ഇവിടെ കൊണ്ടുവന്നു. മിൽട്ടൌണിലെ ഡോക്ടർ, ന്യൂ ആൽബനിയിലെ ഡോക്ടർ, അവന്റെ രോഗം കരളിലെ ക്യാൻസറാണെന്ന് കണ്ടെത്തി. അതിനാൽ ഞാൻ ശ്രീമതി ഹാളിനെ കാണാൻ പോയി. അവനു മഞ്ഞപ്പിത്തം ബാധിച്ചിട്ട്, അവന്റെ ദേഹമാസകലം മഞ്ഞ നിറമായിരുന്നു. പിന്നെ ഞാൻ പറഞ്ഞു, "ശരി, അവൻ മരിക്കാൻ പോകുന്നു എന്നു ഞാൻ കരുതുന്നു." പിന്നെ ഞാൻ പറഞ്ഞു...

110 അവൾ പറഞ്ഞു, "ബ്രദർ ബിൽ, എന്തെങ്കിലും വഴിയുണ്ടോ അതിനാൽ...നിങ്ങൾക്ക് ദൈവത്തോട് ചോദിക്കുമോ?"

ഞാൻ പറഞ്ഞു, "എനിക്ക്—എനിക്ക് അറിയില്ല, സഹോദരി ഹാൾ. എനിക്ക് പ്രാർത്ഥിക്കാൻ കഴിയും."

111 ഞാൻ പ്രാർത്ഥിച്ചു. ഞാൻ വീട്ടിലേക്കു മടങ്ങി, കർത്താവ് എന്നോടു ഒന്നും പറഞ്ഞതുമില്ല. പിന്നെ അടുത്ത ദിവസം, ഞാൻ തിരിച്ചുപോയി, ഞാൻ വീണ്ടും പ്രാർത്ഥിച്ചു.

അപ്പോൾ അവൾ ചോദിച്ചു, "നിങ്ങൾക്ക് ഏതെങ്കിലും നല്ല ഡോക്ടറെ അറിയാമോ?"

112 ഞാൻ പറഞ്ഞു, "അറിയാം, ഞങ്ങളുടെ കുടുംബ ഡോക്ടർ ഡോ. സാം അഡെയർ, ഇവിടെ ജെഫേഴ്സൺവില്ലെയിൽ ഉണ്ട്. അദ്ദേഹം—അദ്ദേഹം—അദ്ദേഹം...അദ്ദേഹത്തിന്റെ പിതാവ് ഞങ്ങളുടെ കുടുംബ ഡോക്ടറായിരുന്നു. ചെറുപ്പക്കാരൻ സാമും ഞാനും നല്ല സുഹൃത്തുക്കളായിരുന്നു, കൂടാതെ—കൂടാതെ ഞങ്ങൾ ഏകദേശം ഒരേ സമയത്താണ് സ്കൂളിൽ പോയിരുന്നത്, ഒരുമിച്ച് വളർത്തപ്പെട്ടു. കുഴപ്പമായിട്ട് എന്തെങ്കിലും സംഭവിക്കുമ്പോൾ ഞങ്ങൾ എപ്പോഴും അവന്റെ അടുത്തേക്ക് പോകുന്നു."

അവൾ പറഞ്ഞു, "അദ്ദേഹം വന്ന് ബിൽ ഹാളിനെ നോക്കുമോ എന്നു ആശ്ചര്യപ്പെടുകയാണ്?" അവളുടെ ഭർത്താവാണ്.

ഞാൻ പറഞ്ഞു, "ഞാൻ അവനോട് ചോദിക്കാം."

113 ശരി, സാം എന്നോട് പറഞ്ഞു, അവൻ പറഞ്ഞു, "ബില്ലി, അവനു ക്യാൻസറാണെന്നു ഡോക്ടർ പറഞ്ഞാൽ," പറഞ്ഞു, "എനിക്ക് ചെയ്യാൻ, ഒരേ ഒരു കാര്യമേയുള്ളൂ, എന്നെക്കാൾ മിടുക്കനായ മറ്റൊരാളുടെ അടുത്തേക്ക് ഞാൻ അവനെ, ഒരു വിശേഷജ്ഞന്റെ അടുക്കലേക്ക് അയയ്ക്കും. ഞങ്ങൾ എക്സ്-റേകൾ എടുക്കും; ഞങ്ങൾ അവനെ ഇനിയും കൂടുതൽ കുഴപ്പത്തിലാക്കില്ല."

114 ഞങ്ങൾ ന്യൂ ആൽബനിയിലേക്ക് അയച്ചു, അവിടെയുള്ള ഡോക്ടറിൽ നിന്നും എക്സ്-റേ വാങ്ങി. അവനെ ലൂയിസ്‌വില്ലിലേക്ക് കൊണ്ടുപോയി പരിശോധിച്ചു, അവനെ ആംബുലൻസിൽ കൊണ്ടു പോയിട്ട്, അവനെ തിരികെ കൊണ്ടുവന്നു.

115 അതെ, തീർച്ചയായും, ശ്രീമതി ഹാളിനോട് തന്റെ കുഴപ്പം എന്താണെന്ന് അവൻ പറഞ്ഞില്ല, അങ്ങനെ അവൻ എന്നെ വിളിച്ചു. അവൻ പറഞ്ഞു, "നിന്റെ പ്രസംഗികൻ സുഹൃത്ത്," പറഞ്ഞു "അവൻ മരിക്കാൻ പോകുന്നു." പറഞ്ഞു, "ലൂയിസ്‌വില്ലിലെ വിദഗ്ദ്ധൻ ഇപ്പോൾ എന്നെ വിളിച്ചിരുന്നു, പറഞ്ഞു, 'അവിടെ—അവിടെ... താഴെ മിൽട്ടൌണിലെ ഡോക്ടർമാർ രോഗനിർണ്ണയം ചെയ്തു; ന്യൂ ആൽബനിയിലെ, ആ ഡോക്ടർ; ശരിയായ തരത്തിലുള്ള രോഗ നിർണ്ണയമാണ് നടത്തിയത്.'" പറഞ്ഞു, "ഇത് കരളിലെ അർബുദമാണ്, അത് വളരെ മുന്നേറിയിരിക്കുന്നു. കൂടാതെ, ബില്ലി, മനുഷ്യൻ ജീവിക്കുന്ന, അവന്റെ കരൾ മുറിക്കാൻ ഞങ്ങൾക്ക് കഴിയില്ല." പറഞ്ഞു, "അവൻ മരിക്കാൻ പോകുകയാണ്. കൂടാതെ അവൻ ഒരു പ്രസംഗികനാണെങ്കിൽ, അവൻ തയ്യാറായിരിക്കുകയും വേണം."

116 ഞാൻ പറഞ്ഞു, "അതല്ല ചോദ്യം. പക്ഷേ അവന് ഏകദേശം അമ്പത്തിയഞ്ച് വയസ്സിനു മേൽ കാണില്ല, അതിനാൽ പ്രസംഗിക്കാൻ, അവനു ഇനിയും ധാരാളം ജീവിതമുണ്ട്." അപ്പോൾ ഞാൻ പറഞ്ഞു, "ശരി, അവൻ മരിക്കാൻ പോകുന്നെങ്കിൽ, പിന്നെ അതിനെ അത് ഉറപ്പിക്കുന്നു. ഡോക്ടർ സാം, നന്ദി."

117 ഞാൻ ഇറങ്ങി ചെന്ന് ശ്രീമതി ഹാളിനെ പുറത്തു വിളിച്ചു, ഞാൻ അവളോട് പറഞ്ഞു. ഞാൻ പറഞ്ഞു, "ശ്രീമതി. ഹാൾ ന്യൂ ആൽബനിയിലും മിൽട്ടൌണിലേയും പോലെ തന്നെയാണ് ലൂയിസ്‌വില്ലെയിലെയും രോഗ നിർണ്ണയം എന്ന് സാം പറഞ്ഞു. ആ മനുഷ്യൻ മരിക്കുകയാണ്. സഹോദരൻ ഹാൾ മരിക്കാൻ പോകുന്നു. അദ്ദേഹത്തിന് കരളിൽ ക്യാൻസർ ഉണ്ട്, അത് മുന്നേറിയ അവസ്ഥയിലാണ്."

118 അതുകൊണ്ട് അവൾ കരയാൻ തുടങ്ങി. ഞാൻ തിരിഞ്ഞിട്ട്, അവനോടൊപ്പം പ്രാർത്ഥിച്ചു. അപ്പോൾ, ഞാൻ മുറിയിൽ ഉണ്ടെന്ന് അവനു അറിയാൻ കഴിയാത്ത വിധം, അവൻ അവനും അപ്പുറത്തായിരുന്നു.

119 അങ്ങനെ, ഞാൻ തിരികെ വന്നു. ആ ദിവസങ്ങളിൽ, ധാരാളം ആളുകൾ വീട്ടിൽ വരുമായിരുന്നു. സുവിശേഷ വയലിൽ മറ്റാരും

ഉണ്ടായിരുന്നില്ല. ഇത് വളരെയധികം മലിനമായിരുന്നില്ല, ആളുകൾ എല്ലായിടത്തു നിന്നും വരുന്നുണ്ടായിരുന്നു.

120 ഞാൻ അല്പം വിശ്രമിക്കാൻ ആഗ്രഹിച്ചു. അതിനാൽ ഞാൻ ഉറങ്ങിയിട്ട്, നന്നേ നേരത്തെ എഴുന്നേറ്റു, ഏകദേശം രണ്ട്-അരയോ അതല്ല, മൂന്നോ മണിയോ ആയിരുന്നു. വുഡ് സഹോദരൻ അതുവരെ ഇടവഴിലേക്ക് വന്നിരുന്നില്ല. ഞാൻ റൺവേയിൽ നോക്കി, അവിടെ ആരും ഇല്ല, അവിടെ ആരും ഇല്ലായിരുന്നു, അതിനാൽ ഞാൻ എന്റെ ഗുഢസങ്കേത മുറിയിലേക്ക് പോയി .22 തോക്കും, പഴയ തൊപ്പിയും കയ്യിലെടുത്തു. ഏകദേശം എട്ട് മണിയാകുവോളം, ഞാൻ പുറത്തുപോയി അണ്ണാൻ വേട്ടയാടാൻ പോവുകയായിരുന്നു, എന്നിട്ട് എവിടെയെങ്കിലും ഒരു മരത്തിനരികിൽ കിടന്ന് ഞാൻ അല്പം ഉറങ്ങും. നിങ്ങൾക്ക് ഇത് വീട്ടിനു ചുറ്റും ചെയ്യാൻ കഴിയില്ല.

121 ഞാൻ എന്റെ തൊപ്പി എടുത്തുകൊണ്ട് മുറിയിലൂടെ നടക്കാൻ തുടങ്ങി. ചുമരിൽ ഒരു ഒരു ആപ്പിൾ തുക്കിയിട്ടിരിക്കുന്നു. അത് ആ—ആ ആപ്പിൾ ഏറ്റവും മലിനമായതായിരുന്നു. അത് പുഴു-തിന്നിട്ട്, അത് വൃത്തികെട്ടതായി, അതിൽ എല്ലായിടത്തും ചൊറി പിടിച്ചിരുന്നു. ഞാൻ ചിന്തിച്ചു, "മേഡ എന്തിനാണ് അതിനെ ചുമരിന്മേൽ തുക്കിയിട്ടത്?"

122 ഞാൻ, വീണ്ടും നോക്കി, അത് ചുമരിൽ ആയിരുന്നില്ല. അത് വായുവിൽ തുങ്ങിക്കിടക്കുകയായിരുന്നു. ഞാൻ എന്റെ പഴയ തൊപ്പി തലയിൽ നിന്ന് കട്ടഞ്ഞെടുത്തു, മൂലയിൽ തോക്ക് വെച്ചിട്ട്, എന്റെ മുട്ടിന്മേൽ വീണു. ഞാൻ ചോദിച്ചു, "കർത്താവേ, നിന്റെ ദാസനെ എന്തു അറിയിക്കാൻ നീ ആഗ്രഹിക്കുന്നു?"

123 അതാ മറ്റൊന്ന് താഴേക്ക് വരുന്നു, മറ്റൊന്ന് താഴേക്ക് വരുന്നു, ഏകദേശം നാലോ അഞ്ചോ ആപ്പിൾ (അവിടെ ആ തുക്കിയിട്ടിരുന്നത് ഏതാണെന്നു ഞാൻ മറന്നുപോയി) അവിടെ തുക്കിയിട്ടിരിക്കുന്നു. പിന്നെ ഒരു വലിയ, സുന്ദരമായ, അതിൽ വരകളുള്ള ആപ്പിൾ; വളരെ വലുതും, കാഴ്ചയിൽ- ഓജസ്സുള്ള ആപ്പിൾ, താഴേക്കിറങ്ങി വന്ന് മറ്റ് കാഴ്ചയ്ക്ക്-ചീഞ്ഞളിഞ്ഞ ആപ്പിളുകളെ കടിച്ചു തിന്നുന്നു. അവൻ പറഞ്ഞു: "എഴുന്നേൽക്കു. നിന്റെ കാലിൽ നിൽക്കു." പറഞ്ഞു, "പോകു, ബിൽ ഹാളിനോട് പറയൂ, അവൻ മരിക്കില്ല. അവൻ ജീവിച്ചിരിക്കും."

124 ഓ, എനിക്ക് കഴിയാവുന്നത്ര വേഗത്തിൽ ഞാൻ ഓടി, ഞാൻ പറഞ്ഞു, "ശ്രീമതി ഹാൾ, എനിക്ക് **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു,** എന്നു കിട്ടിയിരിക്കുന്നു. അവൻ ജീവിച്ചിരിക്കാൻ പോകുന്നു." അവൻ എന്നെ കേട്ടു. അവൻ കരയാൻ ശ്രമിക്കുകയായിരുന്നു, അവനു ഇനിയും സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല.

125 ഞാൻ തിരിച്ചു വന്ന് സാമിനെ വിളിച്ചു. ഞാൻ പറഞ്ഞു, "സാം, ഞങ്ങളുടെ—ഞങ്ങളുടെ സഹോദരൻ ജീവിച്ചിരിക്കാൻ പോകുന്നു."

അവൻ ചോദിച്ചു, "അവന് എങ്ങനെ അങ്ങനെ ജീവിച്ചിരിക്കാൻ കഴിയും?"

126 ഞാൻ പറഞ്ഞു, "അത് എനിക്ക് തിട്ടപ്പെടുത്താൻ കഴിയില്ല. ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു. അത് അതിനെ ഉറപ്പിക്കുന്നു."

127 അവൻ ഇന്നും ജീവിച്ചിരിക്കുന്നു. അത് ഏകദേശം പത്ത് വർഷങ്ങൾക്ക് മുമ്പായിരുന്നു. ശക്തനും ആരോഗ്യവാനുമാണ്. അതുകഴിഞ്ഞപ്പോൾ അവന്റെ ഭാര്യ മരിച്ചു. അവൻ പിന്നെയും വിവാഹം കഴിച്ചു.

128 ജോർജ്ജ് റൈറ്റിന് അത് അത് എങ്ങനെ സംഭവിച്ചു, കൂടാതെ നമുക്ക് ഇനിയും വളരെ അധികം പറയാം, അതിനെ എല്ലാം വിളിക്കണോ? ഇത് എന്താണ്? ഇത് നിന്ദയിൽ നിൽക്കുന്നതാണ്. അവർ ചിരിക്കുകയും കളിയാക്കുകയും ചെയ്യുന്നു.

129 '37-ലെ വെള്ളപ്പൊക്കത്തിന് മുമ്പുള്ളത് ഞാൻ ഓർക്കുന്നു. അവിടെ ഫാൾസ് സിറ്റി ട്രാൻസ്ഫർ കമ്പനിയിൽ നിന്നുകൊണ്ട് ഞാൻ, അവരോട് അതിനെപ്പറ്റി പറയുകയായിരുന്നു, സ്പ്രിംഗ് സ്ട്രീറ്റിൽ, മുപ്പത്തിരണ്ട് അടി വെള്ളം ഉയരാൻ പോകുന്നു, ഞാൻ അത് വിശ്വസിക്കുന്നു. അവർ എന്നെ നോക്കി ചിരിച്ചു. അവർ പറഞ്ഞു, "പാവം ബില്ലി. ഞാൻ ഊഹിക്കുന്നത് അവൻ...ആ കുട്ടി!" ഞാൻ അന്ന് വെറും ഒരു ബാലനായിരുന്നു. അവൻ പറഞ്ഞു, "ബില്ലി ഒരു നല്ല കുട്ടിയാണ്. അവൻ എല്ലാം കൂട്ടിക്കലർത്തിയിരിക്കുന്നത് ലജ്ജാകരമാണ്." ഞാൻ കൂടിക്കലർന്നിരിക്കുന്നതല്ല. ഞാൻ സ്നാനമേറ്റ് *അകത്തു* കടന്നിരിക്കുന്നതാണ്, കൂടിക്കലർന്നിരിക്കുന്നതല്ല. ഞാൻ "അകത്ത്" ആയിരുന്നു. അത് അതുപോലെ തന്നെ സംഭവിച്ചു.

130 ഞാൻ സംസാരിച്ചു തടങ്ങിയതു മുതൽ, അവിടെ പിന്നിൽ ഇരുന്നു ശ്രദ്ധിക്കുന്നത്, സഹോദരി ഹെയ്റ്റി റൈറ്റ് ആണെന്നു, ഞാൻ കരുതുന്നു. ബിൽ ഹാളിന്റെ കാര്യം അവൾക്ക് ഓർമ്മയുണ്ട്. പലരും. ആ സംഭവം ഓർക്കുന്ന, എത്ര പേർ ഇവിടെ, ഇന്ന് രാവിലെ ഇരിക്കുന്നു? ഓ, എന്റെ! ഉറപ്പാണ്. നിങ്ങളിൽ പലരും ഉണ്ട്.

131 ഇപ്പോൾ, അവർക്ക് നമ്മോട് സഹതാപം തോന്നുന്നു, പരിഹാസികളുടെ ദിവസങ്ങളിൽ, വചനം മുറുകെ പിടിക്കാൻ ശ്രമിക്കുന്ന ആരോടും അവർക്ക് സഹതാപം തോന്നുന്നു. പക്ഷേ, ഓർക്കു, നിന്ദ തികച്ചും വന്നിരിക്കണം. എല്ലായ്പ്പോഴും അത് അങ്ങനെ ആയിരുന്നു. അവർ അന്ന് ചെയ്തതുപോലെ, ദൈവികമായ,

എന്തും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ശേഷം, എന്ന് അവർ വിചാരിച്ചിരിക്കണം, ദൈവം ശാസ്ത്രത്തിന് വിരുദ്ധമായ ഒന്നും പറയാറില്ല. അതെ, അതാണ് അവനെ ദൈവമാക്കുന്നത്. അവൻ ശാസ്ത്രം അനുസരിച്ച് പോകുമായിരുന്നു എങ്കിൽ, അത് മനുഷ്യന് നേടാൻ കഴിയുന്നതിനേക്കാൾ കൂടുതലായി ഒന്നും ആയിരിക്കില്ലായിരുന്നു. എന്നാൽ, അവൻ ദൈവമാണ്. അവൻ—അവനാണ് ശാസ്ത്രത്തിന്റെ സ്രഷ്ടാവ്. ചെയ്യാൻ ഇഷ്ടമുള്ളത് എന്തും അവനു ചെയ്യാൻ കഴിയും.

132 അവർ ചിന്തിച്ചിരിക്കണം, "പാവം വയസ്സൻ നോഹ, അതെ, ആ വൃദ്ധനെ വെറുതെ വിട്ടേയ്ക്കു. ഈ ദിവസങ്ങളിൽ ഞങ്ങൾ ആസ്വദിക്കുന്ന എല്ലാ വിനോദങ്ങളും അവനു നഷ്ടമായിരിക്കുന്നു, അതിനാൽ അവനെ വെറുതെ വിടൂ" ഇത് ഇപ്പോൾ ഏകദേശം സമാനമാണ്.

133 പക്ഷേ, ഇപ്പോൾ, മറ്റൊരു കാര്യം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, നമ്മൾ തിരിഞ്ഞുനോക്കി അവന്റെ വിശ്വാസത്തെ അഭിനന്ദിക്കേണം. എന്നാൽ ഞാൻ അത്ഭുതപ്പെടുന്നു, നാം അന്ന് ജീവിച്ചിരുന്നെങ്കിൽ, നോഹ സ്വീകരിച്ച അതേ നിലപാട് നമ്മൾ സ്വീകരിക്കുമായിരുന്നോ? സത്യവുമായി നിലകൊണ്ടിട്ട് നിന്ദയെ നേരിടാൻ നമുക്ക് കഴിയുമായിരുന്നോ? അപ്പോൾ, അന്ന് ലോകത്ത് ഉണ്ടായിരുന്ന ദശലക്ഷക്കണക്കിന് ജനങ്ങളിൽ, അവിടെ നോഹയും അവന്റെ കുടുംബവും മാത്രം ആ സത്യത്തിനായി നിലകൊണ്ടു. നിങ്ങൾ അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ആ മനുഷ്യനും അവന്റെ മൂന്ന് പുത്രന്മാരും, അവന്റെ മരുമക്കളും, അവന്റെ ഭാര്യയും, മാത്രമേ ആ സത്യത്തിനായി നിലകൊണ്ടിരുന്നുള്ളൂ. എന്നാൽ **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു** എന്നു അവർക്കുണ്ടായിരുന്നു. നാം തിരിഞ്ഞുനോക്കി അവനെ അഭിനന്ദിക്കുന്നു. നമുക്ക് ഇത് വീണ്ടും ചിന്തിക്കാമോ?

ഈ കൊച്ചു കുട്ടികളുടെ സമ്മാനങ്ങളുടെ കാരണത്താൽ എനിക്ക് തിടുക്കത്തിലാക്കണം.

134 അബ്രഹാം, *അബ്രഹാം* എന്ന വാക്കിന്റെ അർത്ഥം തന്നെ "അനേകരുടെ പിതാവ്," അവനെ "ജാതികളുടെ പിതാവാക്കുക" എന്നാണ്.

135 ഇപ്പോൾ, അബ്രഹാം ദൈവ വചനം കേട്ടു. അബ്രഹാം ഒരു പ്രവാചകനായിരുന്നു, അവൻ ദൈവ വചനം കേട്ടിരുന്നു. ദൈവ വചനം മുറുകെപ്പിടിച്ചതിന് അബ്രഹാമിനെ നമ്മൾ അഭിനന്ദിക്കുന്നു; അവന്റെ ബന്ധുക്കളിൽ നിന്ന് അവൻ എങ്ങനെ വേർപെട്ടു;

അബ്രഹാമിനെ സംബന്ധിച്ചിടത്തോളം എത്ര കഠിനമായിരുന്നു. അവൻ അവിടെ വളർത്തപ്പെട്ടിരുന്നു. ബാബേലിൽ നിന്ന് പുറപ്പെട്ട വന്ന്, പിന്നെ—പിന്നെ അവിടെ താഴെ ശിനാർ ദേശത്ത് ആ—ആ—ആ കൽദയരുടെ പട്ടണമായ, ഊരിൽ വന്നു, അവിടെ അവന്റെ എല്ലാ കൂട്ടാളികളും, അവന്റെ ജനങ്ങളും, അവനോടൊപ്പം പള്ളിയിൽ പോയിരുന്നവരും, മറ്റെല്ലാവരും ഉണ്ടായിരുന്നു. പക്ഷേ ദൈവം പറഞ്ഞു, "നിന്നെത്തന്നെ വേർപെടുത്തുക." ഓ, എന്റെ! അത് എന്തൊരു ഭയാനകമായ കാര്യമായിരുന്നു, അവനു പ്രിയപ്പെട്ടവയെല്ലാം, അവനു വാസ്തവമായതെല്ലാം, അത് അവനു പ്രിയപ്പെട്ടതായി പിടിച്ചിരുന്നത് ഉപേക്ഷിക്കുക. ദൈവം അവനോടു പറഞ്ഞു, "നിന്നെത്തന്നെ വേർപെടുത്തുക."

136 അവന് വളരെ വിചിത്രമായ ഒരു കാര്യം കൊടുക്കുക. "നിന്റെ ഭാര്യയിൽ നിനക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു." അവൻ എഴുപത്തി-അഞ്ചും, അവൾ അറുപത്തി-അഞ്ചും ആയിരുന്നു. വർഷങ്ങളായി, കുട്ടികളെ കൊണ്ടുവരാൻ സ്ത്രീകൾക്ക് ഉണ്ടാകുന്നതു പോലെയുള്ളത്, സ്ത്രീ എന്നെ നിലയിൽ അത് അവൾക്ക് നിലച്ചിരുന്നു. ഇവിടെ, അവൾ ഒരു പെൺകുട്ടിയായിരുന്നതു മുതൽ അവളോടൊപ്പം താമസിച്ചതിന് ശേഷം, കാരണം അവൾ അവന്റെ അർദ്ധ സഹോദരിയായിരുന്നു, പിന്നെ അവന് എങ്ങനെ ആ കുട്ടിയെ കൊണ്ടുവരാൻ കഴിയും? അബ്രഹാം തന്റെ കൂട്ടാളികൾക്കിടയിൽ പോയി, ഇങ്ങനെ പറഞ്ഞത് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുന്നോ, "സാറയ്ക്കും എനിക്കും, ഞങ്ങൾക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു"? നിങ്ങൾക്ക് അത് ഊഹിക്കാൻ കഴിയുമോ?

137 എന്താ, ആളുകൾ പറഞ്ഞു, "പാവം വൃദ്ധൻ, അവിടെ അവനിൽ എന്തോ കുഴപ്പമുണ്ട്."

138 അത് ഒരു നിന്ദയാണ്, പക്ഷേ അബ്രഹാം അതിനെ മുറുകെ പിടിച്ചു. അവന് നൂറു വയസ്സ് പ്രായമായപ്പോൾ, അവൻ ഒരിക്കലും ദൈവത്തിന്റെ വാഗ്ദാനത്തിൽ അവിശ്വാസത്താൽ സംശയിച്ചില്ല. അവൻ അപ്പോഴും നിന്ദയിൽ തുടർന്നുകൊണ്ട്, ഉറപ്പിച്ച്, അതിൽ മുറുകെ പിടിച്ചിരുന്നു.

139 അവിടെയുള്ള വ്യത്യാസം നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ? സാറാ അബ്രഹാമിന് നൽകാൻ, സ്പഷ്ടമാക്കിയാൽ, അല്ലെങ്കിൽ ദൈവത്തിന്, അവളാൽ, ഒരു ചെറിയ സഹായം ചെയ്യാൻ ശ്രമിച്ചു. നിങ്ങൾക്കറിയാം, മറ്റു വാക്കുകളിൽ ദൈവം വാഗ്ദാനം ചെയ്തതിനേക്കാൾ, അതാണ്, അവൾ വിചാരിച്ചത്. "ഇപ്പോൾ, നിങ്ങൾക്കറിയാം, ഞാൻ ഒരു വൃദ്ധയാണ്, പക്ഷേ ഇവിടെ ഹാഗാർ

ഒരു സുന്ദരിയായ സ്ത്രീ. അബ്രഹാമും, കൂടെ അവളെ വിവാഹം കഴിക്കുന്നതിൽ വിഷമിക്കില്ല. അങ്ങനെ, നിങ്ങൾക്കറിയാം, അത്—അത് ദൈവത്തെ സഹായിക്കും. അത് ദൈവത്തെ സഹായിക്കും, കാരണം ഹാഗാറിന്, ഒരുപക്ഷേ അവൾക്ക് ഇരുപത് വയസ്സേ വരൂ. അവൾ എന്റെ വേലക്കാരിയാണ്. ഞാൻ എന്തു ചെയ്യുമെന്ന് നിങ്ങൾക്കറിയാമോ? ഒരു ഭാര്യയായി, ഞാൻ അവളെ എന്റെ ഭർത്താവിന് നൽകും," കാരണം ബഹുഭാര്യത്വം നിയമപരമായിരുന്നു. അതിനാൽ അവൻ പറഞ്ഞു..."ഞാൻ അവളെ തരാം, അവൾക്ക് എന്റെ ഭർത്താവിൽ ഒരു കുഞ്ഞ് ജനിക്കും, അപ്പോൾ ഞാൻ ആ കുഞ്ഞിനെ എടുക്കും. ദൈവം വാഗ്ദാനം ചെയ്തു, ആ ഒരെണ്ണം അതാണ്."

140 നിങ്ങൾ നോക്കൂ, നാം പലപ്പോഴും എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്നു; അവനായി കാത്തിരിക്കാൻ കഴിയില്ല. നമുക്ക് സ്വയം എന്തെങ്കിലും ചെയ്യണം. ഒരുപക്ഷേ അതെല്ലാം ശരിയായിരിക്കാം. അവൾ സുന്ദരിയായിരിക്കാം. അത് വളരെ മനോഹരമായി തോന്നാമെങ്കിലും, എന്നാൽ അത് വചനപ്രകാരം ആയിരുന്നില്ല. ദൈവം അബ്രഹാമിനോട് പറഞ്ഞത്, "സാറായിലൂടെ കുഞ്ഞ് വരുന്നു എന്നാണ്."

141 ആ ചെറിയ ആട്ടിൻ കൂട്ടത്തെക്കുറിച്ച് അവൻ എന്തു പറഞ്ഞെന്നു നിങ്ങൾ ഓർക്കുന്നോ? "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." "നോഹയുടെ കാലത്തു സംഭവിച്ചതു പോലെ, മനുഷ്യപുത്രന്റെ വരവിങ്കലും അവ്വണ്ണം തന്നെയാകും, അവിടെ കുറച്ചു പേർ, വെറും എട്ട് ആത്മാക്കൾ, രക്ഷിക്കപ്പെട്ടു." ആ വചനങ്ങൾക്ക് പരാജയപ്പെടാൻ കഴിയില്ല, അതിനാൽ നമുക്ക് നമ്മെ സ്വയം നിരീക്ഷിച്ച് വചനത്തിനൊപ്പം നിൽക്കാം. അങ്ങനെയാകട്ടെ. കണ്ടോ?

142 ദൈവത്തിന്റെ സൃഷ്ടിപരമായ ഇച്ഛാശക്തിയുടെ സ്ഥാനത്ത്, ജനങ്ങൾ എപ്പോഴും എന്തെങ്കിലും നിർമ്മിക്കാൻ ശ്രമിക്കുന്നു. നിങ്ങൾ നോക്കൂ, മുമ്പ്, ഞാൻ പലപ്പോഴും പറഞ്ഞതുപോലെ, ഒരുപക്ഷേ സഭയുടെ മുന്നിൽ, "നീ എനിക്ക് കുറച്ച് കൂടുതൽ രോമം ഉണ്ടാക്കി തരുമോ?" എന്നു നിങ്ങൾക്ക് ചെമ്മരിയാടിനോട് ചോദിക്കാൻ കഴിയില്ലെന്ന്, അറിയാം, ഇല്ല, അവന് അത് ചെയ്യാൻ കഴിയില്ല. ഇപ്പോൾ, ഒരു കോലാടിന് ചെമ്മരിയാടിന്റെ രോമം നിർമ്മിക്കാൻ കഴിയില്ല, കാരണം അവന്റെ പ്രകൃതം അവനെ അനുവദിക്കുന്നില്ല. ഒരു കോലാട്ടിൽ നിന്നും ചെമ്മരിയാടിന്റെ രോമം കിട്ടാൻ നിങ്ങൾ എത്ര ശ്രമിച്ചാലും, അത് പ്രവർത്തിക്കില്ല. കോലാടിന് ചെമ്മരിയാടിൻ രോമം

നിർമ്മിക്കാൻ കഴിയില്ല, ഒരു ചെമ്മരിയാട് രോമം ഉണ്ടാക്കുന്നില്ല. എന്നാൽ അവൻ ചെമ്മരിയാട് ആയതിനാൽ ചെമ്മരിയാടിൻ രോമം ഉണ്ടാകുന്നു. അതാണ് അവനിൽ സൃഷ്ടി നടത്തുന്നത്. അവൻ നിർമ്മിക്കുന്നതല്ല.

143 ആത്മാവിന്റെ ഫലങ്ങൾ നാം നിർമ്മിക്കേണ്ടതില്ല. നാം ആത്മാവിന്റെ ഫലം വഹിച്ചാൽ മതി. ആപ്പിൾ മരം ആപ്പിളുകൾ നിർമ്മിക്കുന്നില്ല; അത് ഒരു ആപ്പിൾ മരം ആയതിനാൽ അത് അതിൽ വഹിക്കുന്നു.

144 നാം എന്തെങ്കിലും നിർമ്മിക്കാൻ ശ്രമിച്ചാൽ, "ഞാൻ ആ ഉദ്ദേശ്യത്തെ സഹായിക്കും. ഞാൻ സെമിനാരിയിൽ പത്തു വർഷം പഠിക്കും. ഞാൻ *ഇതോ, അതോ,* അല്ലെങ്കിൽ *മറ്റേതോ* പഠിക്കുകയും, എന്റെ വിദ്യയിലെ ബിരുദവും ഡോക്ടർ ബിരുദവും നേടുകയും ചെയ്യും. ഞാൻ കർത്താവിനെ, മാത്രമേ സഹായിക്കു." അത് പ്രവർത്തിക്കില്ല.

145 ദൈവം, മുൻകൂട്ടി നിശ്ചയിച്ച പ്രകാരം, അവൻ നിശ്ചയിച്ചവരെ വിളിക്കുന്നു. അവൻ കൊടുക്കാൻ ആഗ്രഹിക്കുന്നവർക്ക് അവൻ അവൻ രാജ്യം നൽകുന്നു. നാം അത് നെബൂഖദ്നേസറിൽ നിന്നും പഠിച്ചിരിക്കുന്നു.

146 അത് യിരെമ്യാവിൽ നിന്നു—നിന്നും നാം പഠിച്ചിരിക്കുന്നു. കർത്താവിന്റെ വചനത്താൽ ദൈവം അവനോടു അതു പറഞ്ഞപ്പോൾ, അത് എഴുപതു വർഷക്കാലത്തേക്ക് യിസ്രായേലിനെ ബാബിലോണിലേക്ക് കൊണ്ടു പോകുന്ന ഒരു കാലം വരാൻ പോകുന്നു എന്നതായിരുന്നു. ഇതാ മറ്റൊരു പ്രവാചകൻ വരുന്നു. അവൻ ഇതിനകം അവനോട് പറഞ്ഞു കഴിഞ്ഞിരുന്നു, പറഞ്ഞു, "ഇപ്പോൾ, നിങ്ങൾക്ക് എല്ലാവർക്കും പ്രവാചകന്മാർ ഉണ്ടായി, എഴുന്നേറ്റു വരും. ആ എഴുന്നേറ്റു വരുന്നവർ, സ്വപ്നക്കാരും പ്രവാചകന്മാരുമായി, അവിടെ ബാബിലോണിൽ എത്തിക്കുന്നവർ നിങ്ങൾക്ക് ഉണ്ടായിരിക്കും, ഇതിന് വിരുദ്ധമായി അത് പ്രവചിക്കും. എന്നാൽ ആ ആളുകളെ ശ്രദ്ധിക്കരുതെന്ന് ജനങ്ങളോട് പറയണം."

147 ഹനന്യാവു, എന്നു പേരുള്ള പ്രവാചകന്മാരിൽപ്പെട്ട ഒരാൾ, ആയ—ആയ ഒരുവൻ വന്നു. അത് യിരെമ്യാവു കഴുത്തിൽ ഒരു നുകവുമായി അവിടെ നിൽക്കുമ്പോഴായിരുന്നു, ഹനന്യാവ് മുന്നോട്ട് വന്ന്, പറഞ്ഞു, "**കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു**; രണ്ടു വർഷത്തിനുള്ളിൽ, കർത്താവിന്റെ സകല പാത്രങ്ങളും..." ഇപ്പോൾ, അടിസ്ഥാനപരമായി, അത് വളരെ നന്നായി കണ്ടിരുന്നു. "ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കാൻ പോകുന്നു. രണ്ടു വർഷത്തിനുള്ളിൽ, അവൻ എല്ലാം കൃത്യമായി തിരികെ കൊണ്ടുവരാൻ പോകുന്നു."

148 ബൈബിൾ പറഞ്ഞു, യിരെമ്യാ പ്രവാചകൻ പോലും പറഞ്ഞു, "ആമേൻ. ആമേൻ. ഹനന്യാവേ, കർത്താവ് നിന്റെ വാക്കുകളെ നിറവേറ്റട്ടെ. എന്നാൽ നമുക്ക് ഒരു കാര്യം ചിന്തിക്കാം, ഹനന്യാവേ. നമ്മുടെ മുമ്പിൽ പ്രവാചകന്മാർ ഉണ്ടായിരുന്നു, അവർ വലിയ യുദ്ധ രാജ്യങ്ങൾക്കെതിരെയും, മറ്റും പ്രവചിച്ചിരുന്നു. പക്ഷേ, ഓർക്കുള, പ്രവചനം പ്രകടമായതിനു ശേഷമാണ് പ്രവാചകനെ അറിയപ്പെടുന്നത്." കണ്ടോ?

149 അപ്പോൾ ഹനന്യാവ് വന്നു, യിരെമ്യാവിന്റെ കഴുത്തിലെ നുകം കയ്യിൽ എടുത്തു, എല്ലാ പുരോഹിതന്മാരുടെയും സഭയുടെയും മുന്നിൽ വെച്ച്, ഒരുപക്ഷേ ഒന്നര ദശലക്ഷം ആളുകൾ ഉണ്ടായിരുന്നിരിക്കാം. ഒരു അടയാളത്തിനായി, ദൈവം യിരെമ്യാവിന്റെ കഴുത്തിൽ വെച്ച നുകം എടുത്ത്, അതിനെ കഷണങ്ങളായി ഒടിച്ചു കളഞ്ഞു, ആവേശം കാണിച്ചുകൊണ്ട്, അതിനെ അവന്റെ കാലിൽ എറിഞ്ഞിട്ടു, പറഞ്ഞു, "**കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു**; രണ്ട് വർഷത്തിനുള്ളിൽ, അവർ തിരികെ വരും."

150 യിരെമ്യാവ് അവനെ നോക്കി. അത് വചനത്തിന് വിരുദ്ധമായിരുന്നു, അതിനാൽ അവൻ നടന്നുപോയി. ദൈവം പറഞ്ഞു, "തിരികെ പോയി അവനോടു പറയൂ," പറഞ്ഞു, "ഞാൻ അവനോട് ഒരിക്കലും അരുളി ചെയ്തിട്ടില്ല."

151 അവൻ ആവേശ ഭരിതനായിട്ട്. അവന്റെ സ്വന്തം വ്യാഖ്യാനം എടുത്തു. കണ്ടോ? അതു ദൈവം പറയുന്നതാണെന്നും, യഥാർത്ഥത്തിൽ അത് അവനല്ല എന്നു കാണാനും മനസ്സിലാക്കാനും അവൻ കാത്തിരുന്നില്ല. എല്ലാവരെയും ആവേശത്തിലാക്കി, അവൻ തിരികെ പോയി. എങ്കിൽ...

152 ഇന്നു, രാജ്യം എമ്പാടും, നമ്മൾ അതു കണ്ടിരിക്കുന്നു. ഞങ്ങളുടെ ടേപ്പുകളിൽ ഒന്ന് അടുത്തിടെ ഒരു വീട്ടിൽ പ്ലേ ചെയ്യുകയായിരുന്നു, അവിടെ ഒരു കൂട്ടം ദൈവ ദാസന്മാർക്ക് അപ്പോൾ തന്നെ ബോധ്യമായിട്ട്, യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കാൻ വരികയായിരുന്നു. അപ്പോൾ ഒരു മനുഷ്യൻ മുറിയിൽ എഴുന്നേറ്റു നിന്ന്, അവൻ അന്യഭാഷയിൽ സംസാരിച്ചുകൊണ്ടു പറഞ്ഞു, "**കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു.** നിങ്ങൾക്ക് കിട്ടിയത് തന്നെ മുറുകെ പിടിക്കു. തുടരൂ, തുടർന്നു കൊണ്ടിരിക്കു, ഞാൻ നിങ്ങളെ അനുഗ്രഹിക്കും."

153 അവർ പറഞ്ഞു, "ശരി, കർത്താവ് അങ്ങനെ പറഞ്ഞെങ്കിൽ, അതാണ് അതെന്നു ഞാൻ ഊഹിക്കുന്നു." നിങ്ങൾ നോക്കു, അത് വചനവുമായി പരിശോധിച്ചില്ല. ആദ്യം, അത് വചനവുമായിട്ട്

എടുക്കണം. അവിടെയാണ് നിങ്ങൾ. അത് വചനത്തിന് വിരുദ്ധമായിരുന്നു.

154 ആ അഭിഷേകം ചെയ്യപ്പെട്ട പ്രവാചകൻ, യിരെമ്യാവു ഇവിടെ തിരികെ വരുന്നു. ദൈവം അവനോടു പറഞ്ഞു, പറഞ്ഞു "ഞാൻ വെച്ചുതന്ന, മരം കൊണ്ടുള്ള നുകം ഹനന്യാവ് നിന്റെ കഴുത്തിൽ നിന്നും എടുത്തു ഒടിച്ചതായി എനിക്കറിയാം, പക്ഷേ ഞാൻ ഒരെണ്ണം ഇരുമ്പുകൊണ്ട് നിർമ്മിക്കാൻ പോകുന്നു." അവൻ പറഞ്ഞു, "എന്റെ ദാസനായ, നെബൂഖദ്നേസറിനെ സേവിക്കാൻ ഈ സകല ജാതികളെയും അയച്ചിരിക്കുന്നു," അവൻ ഒരു വിജാതീയനായിരുന്നു. കണ്ടോ? യിസ്രായേൽ, അവരുടെ എല്ലാ ബലികളും അർപ്പിച്ചിരുന്നു, പക്ഷേ അവർ അങ്ങനെ ചെയ്തിരുന്നില്ല...കണ്ടോ?

155 അതിനാൽ അവൻ അനുഗ്രഹിക്കും, എന്നു ദൈവം ഒരു വാഗ്ദാനം നൽകിയിരുന്നു, പക്ഷേ അവർക്ക് അനുഗ്രഹങ്ങൾ വ്യവസ്ഥകളിന്മേലായിരുന്നു. അത് പ്രാവർത്തികമാക്കേണ്ടതിനു, നിങ്ങൾക്ക് ആ നിബന്ധനകൾ പാലിക്കേണമായിരുന്നു.

156 കുറച്ച് മുമ്പ്, ഇവിടെ ഒരു ചെറിയ, സുന്ദരിയായ പെൺ കുഞ്ഞുമായി, ഇരിക്കുകയായിരുന്നു. ആദ്യം, എന്തെങ്കിലും കുഴപ്പമുണ്ടോ എന്ന് കാണാൻ, ഞാൻ ആ കുടുംബത്തെ ഒന്നിച്ചു ചേർത്തു. ദൈവം സുഖപ്പെടുത്തും, പക്ഷേ അത് വ്യവസ്ഥകളിന്മേലാണ്. കാണുന്നോ? ഞാൻ കണ്ടെത്തിയ ഒരേയൊരു കാര്യം, ആയിരുന്നത്, മരുന്ന് കഴിക്കുന്നത് തെറ്റാണെന്ന് അമ്മ ഭയപ്പെട്ടിരുന്നു. ഞാൻ പറഞ്ഞു, "നിങ്ങൾ അങ്ങനെ കരുതരുത്, സഹോദരി. അത് നിങ്ങളുടെ മനസ്സിൽ നിന്ന് മാറ്റിക്കളയൂ. കുട്ടിയുമായി നേരെ മുന്നോട്ട് പോകൂ. ആ മരുന്ന് നൽകൂ. ദൈവം അത് എന്താണെന്നു അറിയിക്കും." കണ്ടോ?

157 ഇപ്പോൾ, പക്ഷേ, കാര്യം, എന്താണെന്നാൽ, കണ്ടുപിടിച്ച്, അറിയുക. എന്നിട്ട്, അത് **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു** എങ്കിൽ, ശരിയാണ്.

158 ഇപ്പോൾ നാം ഇവിടെ കണ്ടത്, ഈ ആളുകൾ, അവർ എന്തോ ചിലത് നിർമ്മിക്കാൻ ശ്രമിക്കുന്നതാണ്; ഹാഗാർ പിന്നെ—സാറായും, അബ്രഹാമിനെ സഹായിക്കാൻ, ദൈവത്തിന്റെ വാഗ്ദാനം സാക്ഷാത്കരിക്കാൻ അവനെ സഹായിക്കുന്നതാണ്. നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല. അത് ചെയ്യുന്നതിന്, ഒരിക്കലും, അവിടെ ഒരു വഴിയുമില്ല. അത്—അത് സകലത്തിനും എതിരാണ്. എങ്ങനെയും, ദൈവ വചനം നിവർത്തിയാകാൻ പോകുന്നു. നിങ്ങൾ വചനത്തിൽ ശരിയായി നിന്നുകൊണ്ട്, "*ഇതാണ്* ആ വഴി," എന്ന്

പറയുകയും, വചനത്തെ പാലിക്കുകയും വേണം. ഇപ്പോൾ, ശ്രദ്ധിക്കു, അവന്റെ വചനത്തിന്റെ സ്ഥാനത്ത് എന്തെങ്കിലും നിർമ്മിക്കുക!

159 എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ, ചിലപ്പോൾ അബ്രഹാമിന്റെ സുഹൃത്തുക്കളും, കൂടെ, നമ്മൾ ഒരുപക്ഷേ അബ്രഹാമിന്റെ സുഹൃത്തുക്കൾ വന്ന് ചോദിച്ചിരിക്കും, "അതെ, ജാതികളുടെ പിതാവേ, നിനക്ക് ഇപ്പോൾ എത്ര കുട്ടികളുണ്ട്?" അവന് അപ്പോൾ നൂറു വയസ്സായിരുന്നു. "പറയൂ, ജാതികളുടെ പിതാവേ, അനേകരുടെ പിതാവേ, ഇപ്പോൾ നിനക്ക് എത്ര കുട്ടികളുണ്ട്?" പരിഹാസികൾ!

160 ഇപ്പോൾ, നിങ്ങൾ ആ സമയം കണ്ടിട്ടില്ലേ? നമ്മൾ അത് കണ്ടിട്ടില്ലേ, ചിലപ്പോൾ നമ്മൾ എന്തിനെങ്കിലും പ്രാർത്ഥിക്കുമ്പോൾ, അത് സംഭവിച്ചില്ലങ്കിലോ?

161 "ഇവിടെ ഒരു വൃദ്ധനായ മനുഷ്യൻ ഇരിക്കുന്നു," അവർ പറയുന്നു. "അവൻ അന്ധനാണ്. അവൻ ബധിരനാണ്. അവൻ ഊമനാണ്. അവൻ രോഗിയാണ്. അവന് *ഇത്* സംഭവിച്ചിരിക്കുന്നു. ദിവ്യ രോഗി ശാന്തിക്കാരെ, അവിടെ പോയി അവനെ സുഖപ്പെടുത്തു. ഞങ്ങൾ അത് വിശ്വസിക്കും."

162 അതു പറഞ്ഞത് അതേ പിശാചാണെന്ന് അവർ തിരിച്ചറിയുന്നുണ്ടോ, "ക്രൂശിൽ നിന്നിറങ്ങി വാ, ഞാൻ നിന്നെ വിശ്വസിക്കും. ഈ കല്ലുകളെ അപ്പമാക്കു, ഞാൻ വിശ്വസിക്കും"? കണ്ടോ? നമ്മുടെ കർത്താവിന്റെ കണ്ണുകൾക്ക് ചുറ്റും ഒരു തുണിക്കഷണം കെട്ടിയിട്ട്, അവന്റെ തലയിൽ ഒരു വടികൊണ്ട് അടിച്ച അതേ പിശാച്, പറഞ്ഞു, "ഇപ്പോൾ, നീ ഒരു പ്രവാചകനാണെങ്കിൽ, നിന്നെ അടിച്ചതെന്ന് ആരെന്നു ഞങ്ങളോട് പറയൂ, ഞങ്ങൾ നിന്നിൽ വിശ്വസിക്കും."

163 അതെ, അവനെ അടിച്ചത് ആരാണെന്ന് അവന് അറിയാമെന്ന് നിങ്ങൾക്കറിയാം. അവന് ആ കല്ലുകളെ അപ്പമാക്കി മാറ്റാമായിരുന്നു. അല്ലെങ്കിൽ, അവന് ക്രൂശിൽ നിന്ന് ഇറങ്ങി വരാമായിരുന്നു. അവൻ അതു ചെയ്തിരുന്നെങ്കിൽ ഇന്നു നാം എന്തായിരിക്കും ആയിരുന്നു? കാണുന്നോ? അവർക്ക് ദൈവത്തിന്റെ പദ്ധതി അറിയില്ല. ദൈവം വാഗ്ദാനം ചെയ്തത് എന്താണെന്ന് നിങ്ങൾ തികച്ചും കണ്ടെത്തിയിരിക്കണം.

ഇപ്പോൾ ഞാൻ ധൃതിയിലാക്കണം.

164 ഇപ്പോൾ, അവർ ഇങ്ങനെ പറഞ്ഞിരിക്കാം, "ജാതികളുടെ പിതാവേ, ഇരുപത്തി-അഞ്ച് വർഷം മുമ്പ്, ഞങ്ങൾ നിന്നെ കേട്ടിരുന്നു, സാറായിൽ നിന്ന് നിനക്ക് ഒരു കുഞ്ഞ് ജനിക്കുമെന്നും, പിന്നെ

അതിൽ നിന്ന് ജാതികൾ ഉത്ഭവിക്കാൻ പോകുന്നെന്നും പറഞ്ഞു. ജാതികളുടെ പിതാവേ, ഈ സമയം നിനക്ക് എത്ര കുഞ്ഞുങ്ങളുണ്ട്?" ഹും! കണ്ടോ? അതേ പഴയ വിമർശിക്കുന്ന ആത്മാവ് തന്നെയാണ് വിമർശിക്കുന്നത്.

165 അബ്രഹാം എന്താണ് ചെയ്തത്? പറഞ്ഞു, "അവൻ അവിശ്വാസത്താൽ, സംശയിക്കാതെ വിശ്വാസത്താൽ ശക്തിപ്പെട്ടു."

"എന്താണ്, ഇവിടെ നിങ്ങൾ *ഇന്ന-ഇന്ന* ആളിനായി പ്രാർത്ഥിച്ചിരുന്നു, പക്ഷേ അവർ സുഖമായില്ല."

166 അത് പ്രശ്നമല്ല. ഇന്ന് രാത്രിയിൽ പതിനായിരത്തിനായി ഞാൻ പ്രാർത്ഥിക്കുകയും, രാവിലെ ആ പതിനായിരം മരിക്കുകയും ചെയ്താലും, നാളെ രാത്രി ഞാൻ അപ്പോഴും രോഗികളെ അഭിഷേകം ചെയ്യുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു. ഒരു അംശം പോലും, അത് അതിനെ നിർത്തുന്നില്ല. ദൈവം അതു വാഗ്ദാനം ചെയ്തു. ഞാൻ അത് വിശ്വസിക്കുന്നു. തീർച്ചയായും. അപ്പോഴും, അവർ എന്തു പറയുന്നതിലും ഒരു വ്യത്യാസവും വരുത്തുന്നില്ല. പക്ഷേ, അവർ പരിഹസിക്കും. അതാണ് വചനത്തിന്റെ നിന്ദ.

167 അബ്രഹാം, ദൈവ വചനത്തിൽ നിൽക്കുകയും, ഒടുവിൽ അത് പൂർത്തിയാക്കപ്പെടുകയും ചെയ്തു. ഓ, എന്റെ!

168 വന്ധ്യതയാൽ ഉണ്ടായ പരിഹാസം കാണുക. ആദ്യം, വന്ധ്യതയുടെ നിന്ദയാൽ, പരിഹസിക്കപ്പെട്ടു. അവർക്കുണ്ടായിരുന്നു... ആ വർഷങ്ങളിലെല്ലാം വന്ധ്യയായിരുന്നതിന്റെ നിന്ദ അവൾക്ക് നേരിടേണ്ടി വന്നു. അവൾക്ക് ഏകദേശം നൂറു വയസ്സായിരുന്നു. അവൾക്ക് തൊണ്ണൂറായിരുന്നു, ഈ കുട്ടിയുടെ അമ്മയായി, അവൾ *രാജകുമാരി* ആയിരിക്കുമെന്ന് ദൈവ വചനം പറഞ്ഞിരുന്നു. അവളും അബ്രഹാമും, വന്ധ്യരായി, അവരുടെ—അവരുടെ രണ്ടു പേരുടെയും ശരീരവും മരിച്ചതിനു സമമായിരുന്നു, എന്നാൽ അപ്പോഴും അവർ, ഒരംശം പോലും വചനത്തെ സംശയിച്ചില്ല. എന്നാൽ ആദ്യം, അവർക്ക് അതിൽ നിൽക്കേണ്ടിവന്നു. പിന്നെ ഹല്ലേലൂയാ, ദൈവം തന്റെ വാക്ക് പാലിച്ചു, ആ ഇരുണ്ട മണിക്കൂറിൽ: യിസ്ഹാക്ക് ജനിച്ചു. "അവന്റെ സന്തതി കടൽക്കരയിലെ മണൽ പോലെയും അഥവാ ആകാശത്തിലെ നക്ഷത്രങ്ങളെ പോലെയും ആകുന്നു." കണ്ടോ? ദൈവം എപ്പോഴും തന്റെ വചനത്തിന് ഉത്തരം നൽകുന്നു. അതെ. ആദ്യം വന്ധ്യത, പിന്നെ യിസ്ഹാക്ക്.

169 സെഖര്യ്യാവും എലീശസബെത്തും, അതുപോലെ, വൃദ്ധനും വൃദ്ധയും ആയിരുന്നിട്ടും, അപ്പോഴും മുറുകെ പിടിച്ചിരുന്നു. സെഖര്യ്യാവ് അവിടെ പോയി, അവന്റെ സ്ലേറ്റിൽ എഴുതിക്കൊണ്ട്, ഇങ്ങനെ പറയാൻ തുനിഞ്ഞു, "ഒരു ദൂതൻ എന്നെ സന്ധിച്ചു, എന്റെ ഇവിടെയുള്ള വയസ്സായ ഭാര്യ എലീശസബെത്തിലൂടെ, എനിക്ക് ഒരു കുഞ്ഞ് ജനിക്കുമെന്ന് എന്നോട് പറഞ്ഞു. എനിക്ക് കൂടുതലൊന്നും പറയാൻ കഴിയില്ല. ഞാൻ ഊമനാണ്. കുഞ്ഞ് ജനിക്കുന്ന ദിവസം വരെ ഞാൻ ഊമനായിരിക്കും. എന്നാൽ ഒരു കുഞ്ഞ് വരുന്നുണ്ട്, മാത്രമല്ല അവൻ ഏറ്റവും ഉന്നതന്റെ പ്രവാചകനും ആകാൻ പോകുന്നു. അവൻ ആ പ്രഭാത നക്ഷത്രത്തെ പരിചയപ്പെടുത്തും. അവൻ മശീഹായുടെ മുമ്പാകെ നടക്കും." അത് എങ്ങനെയായിരിക്കും?

170 ചിലർ പറഞ്ഞു, "പാവം പിടിച്ച വൃദ്ധൻ. ഓ, അവൻ ഒരല്പം അവന്റെ തലയിൽ നിന്ന് വിട്ടുപോയെന്നു ഞാൻ—ഞാൻ ഊഹിക്കുന്നു, നിങ്ങൾക്കറിയാം. അവിടെ ഒരു ചെറിയ കാര്യമുണ്ട്. ഏകദേശം എണ്പതായ, ആ വയസ്സു ചെന്ന എലീശബെത്തിനെ നോക്കൂ. വയസ്സു ചെന്നു വിറയ്ക്കുന്ന, സെഖര്യ്യാവിനെ നോക്കൂ—നോക്കൂ—നോക്കൂ, പിന്നെയും അവൻ അത്തരമൊരു കാര്യം പറയുന്നു. ശരിയാണ്, പാവം വൃദ്ധൻ."

171 എന്നാൽ അവന് കർത്താവിന്റെ വചനം ഉണ്ടായിരുന്നു. അത്തരമൊരു നിന്ദയായിട്ട്, അവൾക്ക് സ്വയം അനേക ദിവസങ്ങൾ ഒളിച്ചു പാർക്കേണ്ടി വന്നു. എന്നാൽ അവൻ വചനത്തോടൊപ്പം നിന്നു. ഓ, എന്റെ!

172 ജനപ്രീതിയെ നിരസിച്ചു കളയൂ, ജനകീയ അഭിപ്രായം നിരസിച്ചു കളയൂ, അവരുടെ ദിവസത്തെ തിളക്കവും, അവരുടെ കാലത്തെ ശൈലികളേയും മറ്റും നിരസിച്ചിരുന്നു. അവർ അത് നിരസിച്ചിരുന്നു. അവിശ്വാസികളുടെ ജനക്കൂട്ടത്തോടൊപ്പം നടക്കാൻ അവർ വിസമ്മതിച്ചു. അവർ ലോകത്തിന്റെ കാര്യങ്ങൾ നിരസിച്ചിരുന്നു. ദൈവ വചനത്തിൽ തുടരാൻ, അവർക്ക് അത് ചെയ്യേണ്ടി വന്നു. അവർക്ക് അത് ചെയ്യേണ്ടിയിരുന്നു.

173 അങ്ങനെ തന്നെ ഇന്നും ആകുന്നു. നിങ്ങളും ദൈവവും അല്ലാത്ത മറ്റെല്ലാത്തിൽ നിന്നും നിങ്ങളെ സ്വയം വേർപെടുത്തുക. ഇത് സഭ ചെയ്യുന്ന ഒന്നല്ല. അത് നിങ്ങൾ ദൈവവുമായി ചെയ്യുന്നതാണ്. കാണുന്നോ? ഒരു വ്യക്തിയെന്ന നിലയിൽ, അത് നിങ്ങളാണ്. അതെ.

174 എന്നാൽ ദൈവം അവനു നൽകിയത് എന്തെന്ന് നോക്കൂ. സ്വയം യേശു വരുമ്പോൾ സെഖര്യ്യാവും, കൂടാതെ, എലീശബെത്തും

പോയിക്കഴിഞ്ഞിരുന്നു. **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു** എന്നതുമായി, അവരുടെ മകൻ വനാന്തരത്തിൽ നിന്നും വന്നപ്പോൾ, യേശു പറഞ്ഞു, "അവനെപ്പോലെ മഹാനായിട്ട് ഒരു സ്ത്രീയിൽ നിന്നും ഒരിക്കലും ഒരു മനുഷ്യൻ ജനിച്ചിട്ടില്ല." ആമേൻ. എന്ത്? വന്ധ്യതയുടെ നിന്ദ അവൾ അനുഭവിച്ചിരുന്നു. അവൾ വചനത്തിൽ നിലനിന്നിട്ട്, അത്തരത്തിലെ ഒരു പുത്രനെ പ്രസവിച്ചു.

175 വയസ്സായ സാറായെപ്പോലെ, വയസ്സായ അബ്രഹാമിനെപ്പോലെ, വയസ്സായ ദമ്പതികൾ അതിൽ മുറുകെ പിടിച്ചിരുന്നു. നോക്കൂ, ഇതുവരെ ജനിച്ചവരിൽ ഭൂരിഭാഗവും "സമുദ്രത്തിലെ മണൽ പോലെ," ലോകത്ത് യഹൂദന്മാരെപ്പോലെ ഒരു വംശവുമില്ല. "സമുദ്രത്തിലെ മണൽ പോലെ ആകാശത്തിലെ നക്ഷത്രങ്ങളെ പോലെയാണ്." എന്താണ് സംഭവിച്ചത്? ന്യൂനപക്ഷമായ, ഒരു കുഞ്ഞിലൂടെ അത് സംഭവിച്ചു.

176 ഞാൻ എവിടേക്ക് പോകുന്നു എന്ന് ഇപ്പോൾ നിങ്ങൾ കാണുന്നു. ഒരു കുഞ്ഞ്, അതു മാത്രമേ അതിനു വേണ്ടൂ. ജാതികളെ ഇളക്കി മറിച്ച് മശീഹായെ ചൂണ്ടിക്കാണിക്കാൻ ഒരു കുഞ്ഞിനെ എടുത്തു. അനുസരണമുള്ള, ഒരാളെ എടുത്തു. അത് ശരിയാണ്. ദൈവത്തിന് ഒരു മനുഷ്യനെ മതി. എല്ലാമായി അവന് അത്രയേ വേണ്ടൂ, എവിടെയെങ്കിലും അവന് ഒരു ശബ്ദമുണ്ടായിരിക്കും. ഒരാളെ തന്റെ നിയന്ത്രണത്തിലാക്കാൻ, അതു മാത്രമാണ് എല്ലാമായി അവൻ ആഗ്രഹിക്കുന്നത്. ഓ, ഒരാളെ നേടാൻ അവൻ എങ്ങനെ ഇഷ്ടപ്പെടുന്നു!

177 ഒരിക്കൽ, അവന് ഒരു നോഹയെ കിട്ടി. ഒരിക്കൽ, അവന് ഒന്ന് കിട്ടി—അവനു ഒരു മോശെയെ കിട്ടി. അവന് ഒരു—ഒരു യിരെമ്യാവെ കിട്ടി. അവന് ഒരു—ഒരു ഏലീയാവിനെ കിട്ടി. അവന് ഒരു എലീശായെ കിട്ടി. അവന് ഒരു യോഹന്നാനെ കിട്ടി. അവന്—അവന് കിട്ടിയിട്ട്...അവന് ഒരു ശിംശോനെ കിട്ടി. ഒരു മനുഷ്യനെ തന്റെ നിയന്ത്രണത്തിലാക്കാൻ അവനു കഴിയുന്നിടത്തോളം, അതാണ് അവന്റെ ശബ്ദം. അവന് അതിലൂടെ സംസാരിക്കാൻ കഴിയും. അവന് ലോകത്തെ കുറ്റം വിധിക്കാൻ കഴിയും. ഓ, എന്റെ!

178 ഒരു മനുഷ്യനെ തന്റെ നിയന്ത്രണത്തിലാക്കാൻ, അവൻ എങ്ങനെ വിശക്കുകയും, കയറുകയും ചെയ്യുന്നു, "അതിനാൽ എനിക്ക് അവനിലൂടെ സംസാരിക്കാൻ കഴിയും. എനിക്ക് എന്റെ ശബ്ദത്തെ അറിയിക്കാൻ കഴിയും. അവൻ നിന്ദയിൽ നിൽക്കുമെങ്കിലും, ഞാൻ എന്റെ ശബ്ദത്തെ അറിയിക്കും." കണ്ടോ? ഓ, അതെ.

179 ആദ്യം, വന്ധ്യത. വന്ധ്യതയുടെ നിന്ദയിൽ നിന്നുകൊണ്ട്, അനാവൃതമാക്കണം. സാറയ്ക്ക് അതിനായി നിൽക്കേണ്ടി വന്നു. അങ്ങനെ സെഖർയ്യാവിനും എലീശബെത്തിനും നിൽക്കേണ്ടി വന്നു.

180 നോക്കൂ, ഇന്ന്. ഇപ്പോൾ ഞാൻ എന്തോ ചിലതു പറയാൻ പോകുന്നു. ഇന്നു വേശ്യയുടെ മക്കളിലേക്ക് നോക്കൂ. വേശ്യയും അവളുടെ പെൺമക്കളും, വിഭാഗീയ സഭയുടെ രാഷ്ട്രീയ ഭരണത്തിൻ കീഴിൽ രാജ്യങ്ങളെ എടുത്തിരിക്കുന്നു. വിഭാഗീയ സഭയുടെ എന്തൊരു തലമുറയാണ് ഉയർന്നു വന്നിരിക്കുന്നതെന്നു നോക്കൂ, നീതിമാന്മാർ എങ്ങനെ ചുരുക്കമായിരിക്കുന്നു. നിങ്ങൾ വിഷമിക്കേണ്ട. വചനത്തോടൊപ്പം നിൽക്കൂ. അങ്ങനെ തന്നെ ആകട്ടെ.

181 വിശുദ്ധ-ഉരുളുകാർ എന്ന് വിളിച്ചുകൊണ്ട്, നിങ്ങളെ പരിഹസിച്ചേക്കാം. ഏതെങ്കിലും തരത്തിലുള്ള, ചീത്തപ്പേരിനാൽ നിങ്ങളെ വിളിച്ചേക്കാം. പക്ഷേ, അവിടെത്തന്നെ തുടരുക, ഇത് വചനമാണ്, അവർ നിങ്ങളെക്കുറിച്ച് പറയുന്ന കാര്യം, വചനത്തിന്റെ നിന്ദയാണ്.

182 ഒരു ചെറുപ്പക്കാരൻ, ഒരുപക്ഷേ അവൻ ഇന്ന് രാവിലെ ഇവിടെ ഉണ്ടായേക്കാം. അവൻ എന്റെ ഒരു സുഹൃത്താണ്; ജിം പൂൾ, യൌവ്വനക്കാരനായ ജിം, അവന്റെ—അവന്റെ ആളുകൾ. കഴിഞ്ഞ ദിവസം അവനോട് ചോദിച്ചു. അതെ, അവൻ ഇവിടെ സ്നാനമേറ്റിരുന്നു. ആരോ അവനോട്ടു പറഞ്ഞു, ചോദിച്ചു, "നീ ഒരു പള്ളിയിൽ സ്നാനമേല്ക്കാൻ പോവുകയായിരുന്നു എങ്കിൽ, നീ ഒരു വലിയ പള്ളിയിലോ, മറ്റോ പോകാത്തത് എന്താണ്?" കണ്ടോ? അവൻ ആ വെളിച്ചം കണ്ടിരുന്നു. അതായിരുന്നു അത്. കണ്ടോ?

183 "ഏകാകിനിയുടെ മക്കൾ ഭർത്താവുള്ളവളുടെ മക്കളെക്കാൾ അധികം." അതെ. അങ്ങനെയാകട്ടെ. നീതിമാന്മാർ, അവർ എത്ര ചുരുക്കം! നോഹയുടെ നാൾക്കളിൽ എന്താ ഒരു വിരൽ കൊണ്ടു എണ്ണാൻ കഴിയുന്നവർ. കണ്ടോ? സൊദോമിന്റെ നാൾക്കളിൽ എന്തായിരുന്നു എന്ന് നോക്കൂ. കണ്ടോ? നീതിമാന്മാർ എത്ര ചുരുക്കമായിരുന്നു!

184 വേശ്യയ്ക്ക് എത്ര കുട്ടികളുണ്ട്! അവൾ ഏതു പഴയ രീതിയിലും കുട്ടികളെ കൊണ്ടുവരുന്നു, പക്ഷേ അവരെല്ലാം ജാര സന്തതിയായ കുട്ടികളാണ്. വേശ്യ വേശ്യയെ കൊണ്ടുവരുന്നു. നായ നായയെ കൊണ്ടുവരുന്നു.

185 ക്രിസ്തു അഭിഷിക്തരെ പുറപ്പെടുവിക്കുന്നു. ബൈബിൾ നീതിമാന്മാരെ പുറപ്പെടുവിക്കുന്നു, അതിനാൽ ഒരു ചെറിയ കൂട്ടമെന്ന ചിന്തയിൽ നാം നിൽക്കണം. ഇത് എന്തൊരു കൃപയാണ്!

186 ആ മഹത്തായ എഫെസോസിലെ സഭയെ നോക്കൂ, അതിൽ പന്ത്രണ്ട് പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതെ. അവരുടെ വശത്ത്, ഇന്ന് നമുക്ക് എന്തൊരു കൂട്ടരാണുള്ളതെന്ന് നോക്കൂ. അതെ.

നോഹയുടെ കാലത്ത് എട്ട് ആത്മാക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

187 ലോത്തിന്റെ നാൾക്കളിൽ അഞ്ചെണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഇല്ല, നാല്; ലോത്തും ഭാര്യയും, അവന്റെ രണ്ടു പുത്രികളും. തിരിഞ്ഞു നോക്കിയതിനാൽ, അവൾ പുറപ്പെട്ട ശേഷം അവൾ കൽത്തൂണായി തീർന്നു. യഥാർത്ഥത്തിൽ, ആ നാളിൽ മൂന്ന് പേർ പുറത്തുവന്നു.

188 യേശു പറഞ്ഞു, “അവരുടെ കാലത്തുണ്ടായിരുന്നതു പോലെ.” ശ്രദ്ധിക്കാനും ജാഗ്രത പാലിക്കാനും നമ്മെ സഹായിക്കുന്നു. നീതിമാന്മാർ എത്ര ചുരുക്കം പേർ ആകുന്നു! എന്നാൽ, എന്നത്തേയും പോലെ, പരിഹാസികൾ നിന്ദിക്കണം. ആ വന്ധ്യ-...ആദ്യം, വന്ധ്യതയുടെ നിന്ദയിൽ നിൽക്കൂ. എന്റെ!

189 ഞാൻ ധൃതിയിലാക്കേണം. ഞാൻ...എനിക്ക് വേണ്ട...ഈ കുട്ടികളെ സഹായിക്കാൻ ആഗ്രഹിക്കുന്നു. എന്നോട് അല്പം കൂടെ സഹിക്കൂ. കണ്ടോ?

190 മനുഷ്യർ എപ്പോഴും എന്നത്തേയും പോലെ തന്നെ. ഇപ്പോൾ ഞാൻ വീണ്ടും എന്തോ ചിലത് പറയാൻ പോകുകയാണ്. എനിക്ക് നിങ്ങളെ ആവശ്യമുണ്ട്...അത് ടേപ്പ് ചെയ്യുന്നുണ്ടോ ഇല്ലേ എന്ന് എനിക്കറിയില്ല. എന്നാൽ ഇത് ടേപ്പിലാണെങ്കിൽ, നിങ്ങൾ ടേപ്പിൽ ഉള്ളവർ, നിങ്ങൾ എന്നെ കേൾക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇത് വിട്ടു കളയരുത്, എന്നാൽ ഇത് പഠിക്കൂ. മനുഷ്യൻ ഇപ്പോൾ എപ്പോഴും ആയിരുന്നതു പോലെ തന്നെ. ദൈവം അവനു ചെയ്തതിന് അവനെ സ്തുതിക്കുകയും; അവൻ എന്തു ചെയ്യുമെന്നു ഉറ്റുനോക്കിയിട്ട്; എന്തു ചെയ്തു എന്നും ചെയ്യുന്നു എന്നും അവൻ അവഗണിക്കുന്നു. അവൻ ചെയ്തതിനാൽ അവൻ ദൈവത്തെ സ്തുതിക്കുന്നു; അവൻ എന്തു ചെയ്യുമെന്നു അവനെ മുന്നിലേക്ക് ഉറ്റുനോക്കുന്നു; എന്നാൽ ദൈവം ചെയ്തു കൊണ്ടിരിക്കുന്നതിനെ അവൻ അവഗണിച്ചു കളയുന്നു, അവിടെ അവൻ സകലതും വിട്ടുകളയുന്നു. അവർക്ക് ഇത് കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കണ്ടോ? അവൻ ചെയ്യുന്നത് എന്താണെന്ന് അവഗണിച്ചു കളയുന്നു! അവൻ എന്തു ചെയ്തെന്ന് അവനറിയാം;

അവൻ എന്തു ചെയ്യും എന്നുള്ള വാഗ്ദത്തവും അവൻ അറിയുന്നു; എന്നാൽ അവൻ എന്താണ് ചെയ്യുന്നതെന്ന് കാണാൻ അവൻ പരാജയപ്പെടുന്നു.

191 ഓ, പെന്തെക്കോസ്തുകളെ, നിങ്ങളല്ല അതിന്റെ ഉദാഹരണം എങ്കിൽ! എന്തോ ചിലത് സംഭവിക്കാൻ നിങ്ങൾ മുന്നിലേക്ക് നോക്കുന്നു: എപ്പോഴും എന്നപോലെ, നിങ്ങളുടെ കീഴിൽ സംഭവിച്ചിട്ടും, നിങ്ങൾ അത് അറിയുന്നില്ല. "ഒരു കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ, അവന് എത്ര വട്ടം നിങ്ങളെ ചേർത്തു കൊള്ളാൻ മനസ്സായിരുന്നു, നിങ്ങൾക്കോ മനസ്സില്ല." അവന്റെ വചനത്തെയും ആത്മാവിനെയും അപേക്ഷിച്ച് നിങ്ങളുടെ പാരമ്പര്യങ്ങളെയും വിഭാഗീയ സഭകളെയും കുറിച്ച് നിങ്ങൾ കൂടുതൽ ചിന്തിച്ചു. അതെ.

192 മറിയയ്ക്ക് എന്തൊരു നിന്ദയായിരുന്നു! (നാം സമാപിപ്പിക്കുന്നു.) അവന്റെ വചനത്തിനു വേണ്ടി, മറിയയ്ക്കും യോസേഫിനും എന്തൊരു നിന്ദയായിരുന്നു. ഇത് ക്രിസ്തുമസ് സമയമാണ്. ഞാൻ അല്പം കൂടെ നീട്ടാൻ പദ്ധതിയിട്ടിരുന്നു, എന്നാൽ അതിനെപ്പറ്റി റേഡിയോയിലും പാസ്റ്റർമാരിൽ നിന്നും, മറ്റും നിങ്ങൾ കേൾക്കും. ദൈവത്തിന്റെ വാഗ്ദത്ത വചനം മുറുകെ പിടിക്കുന്നതു, മറിയയ്ക്കും യോസേഫിനും എന്തൊരു നിന്ദയായിരുന്നു. ഇപ്പോൾ, ഓർത്തിരിക്കു. യോസേഫും, മറിയയും പോകുന്നതു അവർ കാണുമ്പോൾ, പുരികം ഉയർത്തി കാട്ടി, നിന്ദിച്ചിരുന്നു. "നീ ഒരു വേശ്യയെ വിവാഹം കഴിച്ചിരിക്കുന്നു." കാണുന്നോ? സഹോദരാ, വ്യഭിചാരം, അന്നാളുകളിൽ മരണമായിരുന്നു, എന്ന് ഓർക്കുക. "ഇപ്പോൾ, നീ അവളെ കൊല്ലാതിരിക്കാൻ തടയുകയാണ്. നിന്നാൽ അവൾ അമ്മയാകാൻ പോകുന്നു." കൂടാതെ, എന്നാൽ, ഓർത്തിരിക്കു, എല്ലായ്പ്പോഴും, ദൈവം അവരോട് ഇടപെടുകയായിരുന്നു, അത് വചന പ്രകാരമായിരുന്നു. അവർക്ക് അത് അറിയില്ലായിരുന്നു. കണ്ടോ?

193 "കന്യക ഒരു കുഞ്ഞിനെ പ്രസവിക്കും." യോസേഫ് അത് അറിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ, എഴുതപ്പെട്ട വചനമായി, അവിടെ ഒരു ദൂതൻ അവരോട് സംസാരിച്ചിരുന്നു എന്നു, മറിയ അറിഞ്ഞിരുന്നു, സമർത്ഥിക്കാൻ, അഥവാ പ്രത്യക്ഷമാകാൻ വേണ്ടി എഴുതപ്പെട്ട വചനമായി, അതു സംഭവിക്കാൻ പോകുകയായിരുന്നു. ഇപ്പോൾ സ്വപ്നം കാണരുത്. ചിന്തിക്കു. പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് ഇറങ്ങി വരുന്നു; മുഴുവൻ സഭയോടും സംസാരിച്ചില്ല. അവൻ അവരോട് സംസാരിച്ചു.

194 യോസേഫ് നോക്കി. ദൂതൻ അവനെ സന്ദർശിക്കുന്നതിനു മുമ്പ്, അവൻ പറഞ്ഞു, "അതെ, ഇപ്പോൾ, ഞാൻ അവളെ സ്നേഹിക്കുന്നു. പക്ഷേ, ഞാൻ ഒരു നീതിമാനായ മനുഷ്യനാണ്. എനിക്ക് അങ്ങനെയുള്ള ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ കഴിയില്ല."

195 ഒരു സ്വപ്നത്തിൽ, കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷനായി, പറഞ്ഞു, "ദാവീദിന്റെ മകനായ, യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട, അവളിൽ ഉത്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു." ഓ, എന്റെ! എന്തൊരു ആശ്വാസം! കണ്ടോ?

196 കൂടാതെ, മറിയ, കിണറ്റിലേയ്ക്കുള്ള അവളുടെ വഴിയിലായിരുന്നു. ആ കന്യക, ഏകദേശം പതിനേഴ് വയസ്സോ, പതിനെട്ടോ വരും, മുമ്പ് വിവാഹം കഴിച്ച് നാല് മക്കൾ ഉണ്ടായിരുന്ന ഒരുവനെ വിവാഹം കഴിക്കുന്നു; ഒരു വൃദ്ധൻ. അവൾ...അവൾ അവനെ സ്നേഹിച്ചു, പിന്നെ—പിന്നെ എന്തുകൊണ്ടെന്ന് അവൾക്ക് അറിയില്ല. അവൻ അവളെ സ്നേഹിച്ചു, എന്തുകൊണ്ടെന്ന് അവനും അറിയില്ല. ഇവിടെ അവർ ആയിരുന്നു. കുറച്ച് വെള്ളം എടുക്കാൻ, വന്ന്, കിണറ്റിലേക്ക് പോകുകയാണ്, തിരുവഴുത്തുകളെപ്പറ്റിയും, അവൾ—അവൾ പഠിച്ചിരുന്ന സകല കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചു കൊണ്ടിരുന്നിരിക്കും, എന്നതിൽ സംശയമില്ല, അപ്പോൾ അവളുടെ മുന്നിൽ ഒരു വെളിച്ചം മിന്നി. ആ വെളിച്ചം മിന്നിയപ്പോൾ, അതാ അവിടെ ഒരു ദൂതൻ നിൽക്കുന്നു.

197 മറിയത്തിന് എങ്ങനെ അനുഭവപ്പെട്ടിരിക്കും എന്നു ആശ്ചര്യപ്പെടുന്നുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഞാൻ ഇന്നലെ ഭയന്നതുപോലെ അവൾ ഭയന്നോ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നു.

198 "മറിയമേ, വന്ദനം!" *അഭിവാദനം* എന്നാൽ "നിൽക്കു." "ഞാൻ നിന്നോട് പറയാൻ പോകുന്നതിനു ശ്രദ്ധ കൊടുക്കു. സ്ത്രീകളിൽ നീ അനുഗ്രഹീത, ദൈവത്തിന്റെ കൃപ നിനക്കു ലഭിച്ചിരിക്കുന്നു, നീ ഒരു കുഞ്ഞിനെ പ്രസവിക്കും. ഒരു പുരുഷനെയും അറിയാതെ, നിനക്ക് ഒരു കുഞ്ഞു ജനിക്കും. നിന്റെ ചാർച്ചക്കാരി എലീശബെത്തും, വാർദ്ധ്യകൃത്തിൽ, അവളും കൂടെ, ഗർഭം ധരിച്ചു ഒരു കുഞ്ഞിനെ പ്രസവിക്കാൻ പോകുന്നു. ഈ അടയാളങ്ങൾ സംഭവിക്കും."

അവൾ ചോദിച്ചു, "ഞാൻ ഒരു പുരുഷനെ അറിയായ്കയാൽ, ഇത് എങ്ങനെ സംഭവിക്കും?"

199 അവൻ പറഞ്ഞു, "പരിശുദ്ധാത്മാവ് നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും."

200 പരിഹാസികൾ തങ്ങൾ ആഗ്രഹിക്കുന്നത് എന്തും പറഞ്ഞു കൊള്ളട്ടെ. അവൾക്ക് അത് അറിയാമായിരുന്നു. ദൈവം അങ്ങനെ പറഞ്ഞിരുന്നതിനാൽ, അങ്ങനെ ആയിരിക്കുമെന്ന് അവൾക്ക് അറിയാമായിരുന്നു.

201 ഇപ്പോൾ, സമർപ്പണത്തിന്റെ, അഥവാ കുഞ്ഞിനെ പരിച്ഛേദനക്കായി കൊണ്ടുവന്ന ആ ദിവസം, അവൾക്ക് എങ്ങനെ തോന്നിയിരിക്കണം, *ഇങ്ങനെ*, അവിടേക്ക് അവൾ ഈ കൊച്ചു കുഞ്ഞിനെ കൈകളിൽ ഏന്തിക്കൊണ്ട് നടന്നു പോകുകയായിരുന്നു. എല്ലാ സ്ത്രീകളും, തങ്ങളുടെ കുഞ്ഞുങ്ങളെ സമർപ്പിക്കാനും പരിച്ഛേദനയേല്പിക്കാനും വേണ്ടി, അവരുടെ കുഞ്ഞുങ്ങൾക്ക് നല്ല അലങ്കരിച്ച വസ്ത്രവുമായി അകലം പാലിച്ച് നിന്നിരുന്നു, മിക്കവാറും എല്ലാവരും തന്നെ ഒരു ആട്ടിൻകുട്ടിയെ കൊണ്ടു വന്നിരുന്നു. എന്നാൽ അവൾക്ക് തന്റെ സ്വന്തം ശുദ്ധീകരണത്തിനായി, രണ്ട് കുറു പ്രാവുകളേ ഉണ്ടായിരുന്നുള്ളൂ, നുകത്തിൽ, ഒരു കാളയുടെ കഴുത്തിനു പുറകിൽ നുകത്തിൽ വെച്ചു കെട്ടാൻ ഉപയോഗിക്കുന്ന തുണി, ശിശുവിനെ പുതപ്പിക്കുന്ന തുണിയായി ഉപയോഗിച്ചിരുന്നു, ഒരു കാളയുടെ പുറകിൽ പൊതിയുന്നതാണ് അത്. അതു മാത്രമാണ് പുൽത്തൊട്ടിയിൽ ശിശുവിനെ പുതപ്പിക്കാൻ ഉണ്ടായിരുന്നത്. അവനു വേണ്ടി അവർക്ക് ഒന്നും ഇല്ലായിരുന്നു. അവർ വളരെ ദരിദ്രരായിരുന്നു. അങ്ങനെ ഇവിടെ അവൾ നിൽക്കുന്നു.

202 എല്ലാ സ്ത്രീകളും ചെറിയ കന്യകയിൽ നിന്ന് അവരുടെ അകലം പാലിച്ചിരുന്നു എന്നതിൽ, യാതൊരു സംശയമില്ല. പറഞ്ഞു, "നിങ്ങൾ നോക്കു, അവൾക്ക് ഒരു നിയമാനുസൃതമല്ലാത്ത കുഞ്ഞിനെ കിട്ടിയിരിക്കുന്നു." ദൈവം എങ്ങനെയാണ് കാര്യങ്ങളെ ആത്യന്തികമായി-കാണിക്കുന്നത് എന്ന് നോക്കു. ഓ, എന്റെ! അവൻ സാത്താന്റെ കണ്ണുകൾക്ക് മുകളിലൂടെ കമ്പിളി വലിച്ചിടുന്നു. "എത്ര വൃത്തികെട്ടത്! എത്ര അശുദ്ധം! വ്യഭിചാരം. അതായിരുന്നു അവൾ. അവൾ ഒരു വ്യഭിചാരിണിയാണ്." കുഞ്ഞു മറിയയുടെ ഹൃദയ സ്പന്ദനത്തെ അത് നിർത്തിയില്ല. അവർ അവനിൽ നിന്ന് അകലം പാലിച്ചു നിന്നിരുന്നു.

203 അവർ ഇപ്പോഴും അതേ കാര്യം തന്നെ ചെയ്യുന്നു, ഇപ്പോൾ അവനെ വിളിക്കുന്നത്, "വിശുദ്ധ-ഉരുളുകാരൻ, അഥവാ മതഭ്രാന്തൻ," അല്ലെങ്കിൽ മറ്റെന്തെങ്കിലും.

അത് ആരുടെ കുഞ്ഞാണെന്ന് മറിയയ്ക്ക് അറിയാമായിരുന്നു. അവൾ അതു പോലെ തന്നെ, മുന്നിലേക്ക് പൊയിക്കൊണ്ടിരുന്നു.

204 പക്ഷേ, ഓ, ശിമ്യോൻ, പുറകിൽ മുറിയിൽ ഇരിക്കുമ്പോൾ, അവനോട് വാഗ്ദാനം ചെയ്തിരുന്നു, അവർ അപ്പോഴും ശ്രദ്ധിച്ചിരിക്കില്ലേ? അവൻ ചുറ്റിനും പോയി, പ്രവചിച്ചിരുന്നു. അവൻ പറഞ്ഞു: "കർത്താവ് എനിക്കു പ്രത്യക്ഷനായി." പറഞ്ഞു, "ഞാൻ മരണം കാണുകയില്ല..." അന്ന് അവന് എൺപത് വയസ്സോ മറ്റോ ആയിരുന്നു. "ഞാൻ അവന്റെ രക്ഷയെ കാണുന്നതിന് മുമ്പ് ഞാൻ മരിക്കുകയില്ല."

205 "ഓ, ശിമ്യോൻ, നീ, വയസ്സായി, മോനെ. നിന്റെ—നിന്റെ...ആ വൃദ്ധന് തലയ്ക്ക് എന്തോ കുഴപ്പമുണ്ട്, നിങ്ങൾക്കറിയം, അവന് അല്പം... അവനെ വെറുതെ വിടൂ. അവൻ ഉപദ്രവിക്കില്ല. അവൻ ആരെയും വേദനിപ്പിക്കില്ല."

206 എന്നാൽ ശിമ്യോന് കർത്താവിന്റെ വചനം ഉണ്ടായിരുന്നു, പറഞ്ഞു, "ദൈവത്തിന്റെ ആത്മാവ് എന്റെ മേൽ ഇറങ്ങുന്നത് ഞാൻ കണ്ടു. ഞാൻ നിന്നുകൊണ്ട് അവനെ നോക്കി. അവൻ എന്നോട് പറഞ്ഞു, 'ശിമ്യോൻ, നീ ഒരു നീതിമാനായ മനുഷ്യനായിരുന്നു. നിനക്ക് സംഭവിക്കാൻ പോകുന്നില്ല...ഞാൻ നിന്നെ അവിടെ ഒരു സാക്ഷ്യമാക്കാൻ പോകുന്നു.'" ഊഹ്-ഹാ. അത്ര തന്നെ.

"കർത്താവേ, നീ എന്തുചെയ്യാൻ പോകുന്നു?"

"അത് എന്റെ തൊഴിലാണ്."

207 എന്റെ അഭിപ്രായം, ആ ദിവസത്തിൽ, അവനു തീർച്ചയായും അവരെ കഠിനമായി വിമർശിക്കാമായിരുന്നു. "നിങ്ങൾക്ക് ഒരു സാക്ഷിയുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ അത് കേൾക്കുന്നില്ല?"

208 അവിടെ ഒരു അന്ധയായ വൃദ്ധ ഹന്ന ഉണ്ടായിരുന്നിട്ട്, ആലയത്തിൽ ഇരുന്നു, പ്രാർത്ഥിച്ചിരുന്നു. കർത്താവ് അവളോട്ടു വെളിപ്പെടുത്തി, "ശിമ്യോൻ ശരിയാണ്." ആമേൻ. അവൾക്ക് ഇരുട്ടിൽ നിന്ന് പകൽ വെളിച്ചം കാണാൻ കഴിഞ്ഞിരുന്നില്ല, പക്ഷേ നല്ല കണ്ണുകളുള്ള ഇന്നത്തെ പല ആളുകളേക്കാളും അവൾക്ക് കൂടുതൽ കാണാൻ കഴിഞ്ഞിരുന്നു. വരാനിരിക്കുന്ന മശീഹായുടെ വരവ് അടുത്തിരിക്കുന്നു, എന്നു ആത്മാവിൽ, അവൾ കണ്ടു, ആത്മാവ് അവളുടെ ഹൃദയത്തിൽ ചലിച്ചുകൊണ്ടിരുന്നു.

209 അവിടെ ഉണ്ടായിരുന്നത് എത്ര ഒരു ചെറിയ സഭയായിരുന്നു എന്നു കാണുന്നോ? സെഖര്യ്യാവ്, എലീശബെത്ത്, മറിയ, യോഹന്നാൻ, ഹന്ന, ശിമ്യോൻ; ദശലക്ഷങ്ങളിൽ നിന്നും ആറ്.

നോഹയുടെ കാലത്തെപ്പോലെ. അവരിൽ നിന്നും ആറ്. ദൈവം അവരോട് ഓരോരുത്തരോടും ഇടപെട്ടിരുന്നു. അവരെല്ലാം യോജിപ്പിലായിരുന്നു. എല്ലാവരും ഒത്തുചേർന്നിരുന്നു. ആമേൻ.

210 ഇവിടെ, വൃദ്ധനായ ശിമ്യോൻ. ഇവിടെ ഇതാ ചെറിയ കുഞ്ഞ് അകത്തു കൊണ്ടുവരുന്നു. അവൻ അതിനെക്കുറിച്ച് ഒന്നും തന്നെ കേട്ടിരുന്നില്ല. ഇവിടെ ആ ശിശു. ശിമ്യോൻ തന്റെ മുറിയിൽ ഇരുന്നിരുന്നു, ആത്മാവ് അവന്റെ മേൽ വന്നിട്ട്, പറഞ്ഞു, "ശിമ്യോൻ, പുറത്തേക്കിറങ്ങൂ."

211 അവൻ എവിടെ പോകുന്നു എന്നറിയാതെ, നടന്നിട്ട്, അവൻ പോകാൻ തുടങ്ങി. അബ്രഹാമിനെപ്പോലെ, അവൻ എന്തോ അന്വേഷിക്കുകയായിരുന്നു. അത് എവിടെയായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നില്ല, എന്നാൽ അവൻ മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ, അവൻ നിന്നു. പരിശുദ്ധാത്മാവ് അവനോടു ഇങ്ങനെ പറഞ്ഞിട്ടുണ്ടാകും, "അവൻ അവിടെയാണ്."

212 അവൻ അവിടേക്ക് ചെന്ന്, മറിയയുടെ കൈകളിൽ നിന്ന്, കുഞ്ഞിനെ തന്റെ കൈകളിൽ എടുത്തു. മുകളിലേക്ക് നോക്കി പറഞ്ഞു, "കർത്താവേ, തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ." എല്ലാവരും കളിയാക്കുന്ന കാര്യത്തെ, സ്ത്രീകൾ ഒഴിവാക്കുന്നത് എന്തായിരുന്നോ അതിനോട്, ശിമ്യോൻ പറഞ്ഞു, "കർത്താവേ, ഇത് നിന്റെ രക്ഷയാണ്."

213 ഏകദേശം ആ സമയം ആയപ്പോൾ, ഇവിടെ ഒരു അന്ധയായ വൃദ്ധ സ്ത്രീ വരുന്നു, അവളുടെ വഴിയിലൂടെ ചുറ്റിത്തിരിഞ്ഞ്, ശ്രോതാക്കൾക്കു ചുറ്റുമായി പരുങ്ങിയിരുന്നു. അവൾ അവന്റെ അടുക്കലേക്ക് വന്നു, അവൾ അവനായി നോക്കിക്കൊണ്ടിരുന്നതിനാൽ, അവളും കൂടെ പ്രവചിച്ചു. അവൾ മറിയയോട് പറഞ്ഞു, "ഒരു വാൾ നിന്റെ ഹൃദയത്തിലൂടെ കടക്കും, പക്ഷേ അത് പല ഹൃദയങ്ങളുടെയും ചിന്തനങ്ങളെ വെളിപ്പെടുത്തും." കണ്ടോ? അത് എന്തായിരുന്നു?

214 ഇപ്പോൾ, അവരിൽ ചില സ്ത്രീകൾ പറഞ്ഞിരിക്കും, എന്നു ഞാൻ ഊഹിക്കുന്നു, "ഇപ്പോൾ ഇത് നോക്കു! ഇത് ഏത് തരത്തിലെ കൂട്ടരാണെന്ന് നിങ്ങൾ കാണുന്നുണ്ടോ? അവിടെയാണ് നിങ്ങൾ. കണ്ടോ? അത്രയേയുള്ളൂ. അത് എവിടെയാണെന്ന് കാണുന്നോ? ആ വൃദ്ധന്, അവന്റെ തല ഭാഗികമായി പൊട്ടിയിരിക്കുന്നു. അവിടെ അവൻ ആയിരുന്ന്, ആ വേശ്യ പെൺകുട്ടിയുടെ മുമ്പിൽ നിന്നുകൊണ്ട്, അത്തരമൊരു കാര്യം പറയാൻ ശ്രമിക്കുന്നു.

അവിടെയാണ് നിങ്ങൾ. ആ നിയമാനുസൃതമല്ലാത്ത കുട്ടി. ആ വൃദ്ധ ഹന്നയെ നോക്കൂ, ഇവിടെ താഴെ ഇരിക്കുന്നു, സ്വയം പട്ടിണി കിടന്ന് മരിച്ചിട്ടും, അങ്ങനെ പോയിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ ചെയ്യുന്നതുപോലെ അവൾക്ക് ഒരു വിനോദവും കാണില്ല. എന്നാൽ, നോക്കൂ, അവിടെയാണ് നിങ്ങൾ. അവൾക്ക് ഇവിടെ ദേശത്തിലെ എല്ലാ സൊസൈറ്റികളിലും ഉൾപ്പെടാമായിരുന്നു. നോക്കൂ, അവൾ ഒരു നല്ല കുടുംബത്തിൽ നിന്ന് വന്നിരുന്നു, നോക്കൂ, അവൾക്ക് അവിടെ താമസിക്കാമായിരുന്നു. എന്നാൽ അവൾ അവിടെയാണ്. ആ കൂട്ടർ എങ്ങനെ ഒത്തു ചേരുന്നു എന്നു കാണുന്നോ?" ഓ, അതെ. ആമേൻ.

215 ഇന്നും അതേ കാര്യം തന്നെ. "ക്രിസ്തു യേശുവിൽ സ്വർഗ്ഗീയ സ്ഥാനങ്ങളിൽ ഇരിക്കുന്നു, പരിശുദ്ധാത്മാവിനാൽ ഉയർത്തപ്പെട്ടിരിക്കുന്നു." ഉറപ്പായും. അതെ, സർ.

216 ഓ, ഒരല്പ സമയം കൂടി നമുക്ക് കിട്ടിയിരുന്നെങ്കിൽ? എനിക്ക് ഒരു കാര്യം പറയാനുണ്ട്. [സഭ പറയുന്നു, "അതെ."—Ed.]

217 എനിക്ക് ഇവിടെ മറ്റൊരു കഥാപാത്രത്തെ ലഭിച്ചിരിക്കുന്നു, ഞാൻ അതിലേക്ക് നോക്കുന്നു, വചനം പ്രത്യക്ഷമായി തീർന്ന ആ സമയത്തെ, വിദ്വാന്മാരായ മനുഷ്യരെ.

218 ഫ്രെഡ്, നനിക്ക് അത് വായിക്കാനുള്ള, സമയം എനിക്ക് കിട്ടിയിരുന്നെങ്കിൽ. നീ അത് പോക്കറ്റിൽ കരുതിയിട്ടുണ്ടോ? [സഹോദരൻ ഫ്രെഡ് സോത്മാൻ പറയുന്നു, "അതെ."—Ed.] നിങ്ങളിൽ പലരും ഇത് മാസികയിൽ കണ്ടതായി ഞാൻ ഊഹിക്കുന്നു.

219 മുപ്പത്തി-മൂന്ന് വർഷം മുമ്പ്, ഇവിടെ നദിയിൽ വെച്ച് പരിശുദ്ധാത്മാവ് സംസാരിച്ചിരുന്ന ആ കാര്യത്തെ, അവർ ഇപ്പോൾ കുഴിച്ചെടുത്തിരിക്കുന്നു. ഡിസംബർ 9, അത് തെളിയിക്കുന്നു, ആ ജ്യോതിശാസ്ത്രം, അത്—അത് വ്യാഴവും ആ നക്ഷത്രങ്ങളും, അവരുടെ നക്ഷത്ര സമൂഹത്തിൽ വരുന്നത് എങ്ങനെ!

220 അവർക്ക് ഒരു പണ്ടത്തെ ജ്യോതിശാസ്ത്ര കല-...ലഭിച്ചിട്ട് അതിന്റെ അടയാളങ്ങളോടെ, അവർ അതിനെ കുഴിച്ചെടുത്തിരിക്കുന്നു. ഈ നക്ഷത്രസമൂഹങ്ങളിൽ, ഈ നക്ഷത്രസമൂഹം വന്നത് അതിന്റെ കൃത്യ സമയത്തായിരുന്നു, നേരെ ബാബിലോണിലേയ്ക്കു കാണിച്ചിട്ട്, വിദ്വാന്മാർ അതിനെ താഴേക്ക് കൊണ്ടു വന്നു. ഓർക്കുന്നുണ്ടോ? അവർ അവരുടെ ഭ്രമണപഥങ്ങൾ മറികടന്നു, താഴ്ന്ന് ചുറ്റിയിട്ട്, വീണ്ടും കോടിക്കണക്കിന് പ്രകാശ വർഷം അകലെയായിരിക്കുന്നു. ബാബിലോണിലുണ്ടായിരുന്ന ആ യഹൂദരായ വിദ്വാന്മാർ, ആ

നക്ഷത്രങ്ങൾ, ആ നക്ഷത്ര സമൂഹത്തിലേക്ക് വരുന്നതായി അവർ കണ്ടു. അവയിൽ മൂന്നെണ്ണം, ഒരുമിച്ച് നീങ്ങിയിട്ട്, ആ ഒരു പ്രഭാത നക്ഷത്രമായി തീർന്നു. ആ നക്ഷത്രങ്ങൾ ഒരുമിച്ചു വന്നപ്പോൾ, അതാണ് ആ സമയം എന്ന്, ദൈവ വചനത്താൽ അവർ മനസ്സിലാക്കി, അതായത് മശീഹാ ഭൂമിയിൽ ആയിരിക്കേണ്ടതുണ്ട്.

221 ആ കാരണത്താലാണ് അവർ യാത്ര തുടങ്ങിയത്, "യഹൂദന്മാരുടെ രാജാവായി പിറന്ന, അവൻ എവിടെ? അവൻ എവിടെ? എവിടെയോ ഉണ്ട്! കാരണം, അവരുടെ സ്വർഗ്ഗീയ ശരീരങ്ങൾ ഈ വലിയ സ്വർഗ്ഗീയ ശരീരമായി ഇവിടെ മാറുന്നതുവരെ, ആ നക്ഷത്രങ്ങൾ കടന്നു വന്നുകൊണ്ടിരുന്നിട്ട്, അവ മൂന്നും ഒരുമിച്ച് നീങ്ങുമ്പോൾ, മശീഹാ ആ സമയത്ത് ഭൂമിയിലുണ്ടായിരിക്കും." അവർ തങ്ങളുടെ ഭ്രമണപഥത്തിലേക്ക് മാറിയപ്പോൾ, മശീഹാ ഭൂമിയിലുണ്ടെന്ന് ആ മനുഷ്യർ മനസ്സിലാക്കി.

222 അവർ അവരുടെ പഠനമണ്ഡലത്തിൽ പണ്ഡിതന്മാർ ആയിരുന്നു. അവർ മഹാന്മാരായ മനുഷ്യരായിരുന്നു. അവർ മതശാസ്ത്ര രംഗത്ത് അവർ ഗുരുക്കന്മാരായിരുന്നു. അവർ അതിന്റെ മതപരമായ വശം നിരീക്ഷിച്ചുകൊണ്ടിരുന്നു. അവർ ആ നക്ഷത്രങ്ങൾ ആകാശത്തിൽ നീങ്ങുന്നത് കണ്ടു, വ്യാഴവും സർഗാസും, അവരുടെ— അവരുടെ നിരയിലേക്ക് നീങ്ങുന്നതും കണ്ടു. അവർ പറഞ്ഞു, "മശീഹാ ഇവിടെ എവിടെയോ ഉണ്ടെന്ന് ഞങ്ങൾക്കറിയാം. അങ്ങനെ, അവൻ യെരുശലേമിൽ ആയിരിക്കണം, കാരണം അതാണ് ലോകത്തിലുള്ള മതത്തിന്റെ പ്രധാനപ്പെട്ട സ്ഥലം, മശീഹായുടെ മതത്തിന്റെ സ്ഥലം. അതാണ് അവരുടെ ആസ്ഥാനം. അതാണ് വിഭാഗീയ സഭയുടെ ആസ്ഥാനം. അവിടെയാണ് വലിയ സഭാ പൗരോഹിത്യപരമായ കൂട്ടർ ഇരിക്കുന്നത്."

223 ഒട്ടകങ്ങളിൽ അവർ പോയിരുന്നു, ടൈഗ്രിസ് നദി മറികടന്നു, രണ്ടു വർഷങ്ങൾ, പിന്നെ ചതുപ്പുകളിലൂടെയും കാട്ടുകളിലൂടെയും അവർ, യാത്ര ചെയ്ത്, പട്ടണത്തിലൂടെ പോകുമ്പോൾ, ഹൃദയങ്ങൾ സന്തോഷത്താൽ നിറഞ്ഞിരുന്നു.

224 ആ നക്ഷത്രങ്ങൾ അവിടെ തൂങ്ങിക്കിടക്കുമ്പോൾ അവർ അറിഞ്ഞിരുന്നു. ഈ, ജ്യോതിശാസ്ത്രജ്ഞർ പോലും പറയുന്നു, ഇന്ന്, "അവ യഥാർത്ഥത്തിൽ, ആ നക്ഷത്രങ്ങൾ ആയിരുന്നെങ്കിൽ, വീണ്ടും ആ സ്ഥലത്തേക്ക് വരിക, അവർ എവിടെ നിന്ന്, നോക്കിയിരുന്നോ, അവിടെ അത് ഒരു നക്ഷത്രം ഉണ്ടാക്കിയിരുന്നു." എന്നാൽ അത് കാണുന്നതിന്, അവർക്ക് ആ സ്ഥലത്ത് തന്നെ നിൽക്കേണ്ടതുണ്ട്. ആമേൻ. ആമേൻ.

225 നിങ്ങൾ എവിടെ നിൽക്കുന്ന എന്നതിൽ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ എന്തിലേക്ക് നോക്കുന്നത് എന്നതിനെ ആശ്രയിക്കുന്നു. ഊഹ്-ഹാ. അതെ.

226 അങ്ങനെ അവർ അതു കണ്ടിട്ട്, അവർ അതിനെ പിന്തുടർന്നു, അവർ അതിന്റെ നേരായ നിരയിലായിരുന്നു. അവർക്ക് എവിടെ നിന്ന് കിട്ടി എന്നതിൽ കാര്യമില്ല, അത് അവരുമായി നേരെ നിരയിലായിരുന്നു. അത് അവരെ നയിച്ചു. കാണുന്നോ?

227 എല്ലാ തിരുവെഴുത്തുകളേയും നിരത്താനുള്ള നിങ്ങളുടെ വഴിയും അതു തന്നെയാണ്, എല്ലാം, പിന്നെ ആ തിരുവെഴുത്തുകളുടെ നിരയിൽ തന്നെ തുടരുക. അതാണ് ഏക മാർഗം. അത് നിങ്ങളെ നേരെ അവനിലേക്ക് നയിക്കും. തീർച്ചയായും ചെയ്യും.

228 ഇപ്പോൾ ശ്രദ്ധിക്കു. നിലവിളിച്ചുകൊണ്ട്, ഇവിടെ അവർ വരുന്നു, "യഹൂദന്മാരുടെ രാജാവായി പിറന്നവൻ, അവൻ എവിടെ?" യെരുശലേമിലേക്ക്, നക്ഷത്രം അവരെ അവിടേക്ക് നയിച്ചു, നേരെ വിഭാഗീയ സഭയുടെ ആസ്ഥാനത്തേക്ക്. പക്ഷേ അവർ അതിനായി തിരിഞ്ഞപ്പോൾ, നക്ഷത്രം അവരെ വിട്ടുപോയി. അവർ പട്ടണത്തിലേക്കും, തെരുവിലേക്കും മുകളിലേക്കും-പിന്നെ താഴേക്കും പോയി. പട്ടണം മുഴുവൻ ദൈവത്തിന്റെ സന്തോഷത്താൽ നിറഞ്ഞിരിക്കുമെന്ന് അവർ കരുതി. തെരുവിലൂടെ മുകളിലേക്കും-താഴേക്കും, സന്തോഷത്തോടെ, നിലവിളിച്ചുകൊണ്ട്, അവർ പോയി, "യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ കിഴക്കായിരുന്നപ്പോൾ ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു, ഞങ്ങൾ അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു."

229 ഓർക്കു, നക്ഷത്രം, അവർ പടിഞ്ഞാറോട്ട് പോയിരുന്നു. അവർ കിഴക്കായിരുന്നു. "പടിഞ്ഞാറോട്ട് നയിക്കുന്നു, ഇപ്പോഴും തുടരുന്നു. ഞങ്ങളെ നയിച്ചാലും..." കണ്ടോ? അവർ തികച്ചും... അവർ ആയിരുന്നു...ശരി, ബാബിലോണും ഇന്ത്യയും പലസ്തീനിന്റെ കിഴക്ക്, ഏകദേശം തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു. അവർ പടിഞ്ഞാറോട്ട് പോവുകയായിരുന്നു. "പടിഞ്ഞാറോട്ട് നയിച്ചാലും," എന്ന ഗാനം നിങ്ങൾക്കറിയാം, "ഇപ്പോഴും തുടരുന്നു. ആ സമ്പൂർണ്ണ വെളിച്ചത്തിലേക്ക് ഞങ്ങളെ നയിച്ചാലും." കണ്ടോ? അവർ, വിദ്വാന്മാരായ മനുഷ്യർ, പടിഞ്ഞാറോട്ട് വരികയായിരുന്നു. കിഴക്ക് വിട്ട്, പടിഞ്ഞാറോട്ട് പോയി, അവർ ആ നക്ഷത്രം കണ്ടിരുന്നു. ഇപ്പോൾ, അവർ പടിഞ്ഞാറ് ആയിരുന്നെങ്കിൽ, പിന്നിലേക്ക് നോക്കിയിട്ട്, അവർ അത് കാണില്ലായിരുന്നു. കണ്ടോ?

230 അവർ, അവിടെ എത്തിയപ്പോൾ, അത് അവരെ അവിടേക്ക് നയിച്ചു, പിന്നെ അത് അവരെ വിട്ടുപോയി. അവർ വിചാരിച്ചു, "ഇത് ഇവിടെയാണ്. നക്ഷത്രത്തെ കാണാനില്ല, അതിനാൽ അത് ഇവിടെയാണ്." അവർ പട്ടണത്തിലായിരുന്നു. അങ്ങനെ, "ഓ, എന്റെ," അവർ പറഞ്ഞു, "എല്ലാവരും പാടുകയും സന്തോഷിക്കുകയും ചെയ്യുന്നുണ്ടാകും. ദൈവത്തിന്റെ മഹത്വം എല്ലാം പ്രകാശിപ്പിച്ചിരിക്കും. അങ്ങനെ, ഞങ്ങൾ ഇവിടെയാകുന്നു. ഞങ്ങൾ അറിയുന്നു അത് ഞങ്ങളുടെ—ഞങ്ങളുടെ നേട്ടം ഞങ്ങൾക്ക്, ആ നക്ഷത്രസമൂഹം കണ്ടതുപോലെ തന്നെ അറിയാം, ആർക്കും, ഒരു പണ്ഡിതനും, അവിടേക്ക് വന്ന് ആ നക്ഷത്രങ്ങളെ ഒരുമിച്ച് വലിക്കാൻ കഴിയില്ല. ഞങ്ങൾക്ക് അറിയാം, ആ—ആ നക്ഷത്രങ്ങൾ ആ സ്വർഗ്ഗീയ ശരീരത്തിലേക്ക് വരുമ്പോൾ, അതാണ് മശീഹാ ഭൂമിയിൽ ഉണ്ടായിരിക്കേണ്ട സമയം. മശീഹാ ഭൂമിയിലുണ്ട്."

231 നിങ്ങൾ നോക്കു, ഓരോ ഇത്രയും നൂറുവർഷങ്ങൾ കൂടുമ്പോൾ, വീണ്ടും അവ അവയുടെ നക്ഷത്രസമൂഹത്തിലേക്ക് കടന്നുപോകുന്നു, അപ്പോൾ ഭൂമിയിലേക്ക് ഒരു ദാനം വരുന്നു. ശ്രദ്ധിക്കു.

232 "ആ—ആ നക്ഷത്രങ്ങളുടെ സമൂഹം ഒരുമിച്ച് കൂടുമ്പോൾ, മശീഹാ ഭൂമിയിലാകുന്നു." അവൻ അവിടെ ഉണ്ടെന്ന് അവർ അറിഞ്ഞിരുന്നു, അതിനാൽ അവർ മതത്തിന്റെ ആസ്ഥാനത്തേക്ക് പോയി, പറഞ്ഞുകൊണ്ട്, പോകാൻ തുടങ്ങിയിട്ട്, ഈ ഒട്ടകങ്ങളുമായി, അവർ തെരുവിൽ താഴേക്കും മുകളിലേക്കും പോയി, "അവൻ എവിടെ? അവൻ എവിടെ? യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു. അവൻ ഇവിടെ എവിടെയോ ഉണ്ട്. അവൻ എവിടെ? അവൻ എവിടെ? അവൻ എവിടെയാണ്?" ഹ! എന്തൊരു നിന്ദ!

233 അവർ മഹാപുരോഹിതന്റെ അടുത്തു പോയി. അവൻ പറഞ്ഞു, ഒരുപക്ഷേ ഇങ്ങനെ പറഞ്ഞിരിക്കും, "പുരുഷന്മാരെ നിങ്ങൾക്ക് എന്തു പറ്റി? എന്താ, നിങ്ങൾ ഒരു കൂട്ടം മതഭ്രാന്തന്മാർ!" കണ്ടോ? അവരുടെ ശാസ്ത്രീയ നേട്ടത്തിന്മേൽ, എന്തൊരു നിന്ദയാണ്! ദൈവത്തിന്റെ ശക്തിയാൽ അവർ അവന്റെ നക്ഷത്രം കണ്ടിരുന്നു. അവർ വിദ്വാന്മാരായിരുന്നു, മിടുക്കരായിരുന്നു. അവർ മതശാസ്ത്ര മേഖലയിലെ പഠനമണ്ഡലത്തിൽ ആയിരുന്നു. അവർ അറിഞ്ഞിരുന്നു, ആ നക്ഷത്രങ്ങൾ അവിടെ എത്തിയപ്പോൾ, മശീഹാ എവിടെയോ ആയിരുന്നു. ഇവിടെ, അവർ അറിഞ്ഞിരിക്കേണ്ട ആ സ്ഥലത്ത്, അതിനെക്കുറിച്ച് ഒന്നും അറിയാതിരിക്കുന്നു.

234 ഞാൻ ഊഹിക്കുന്നത്, കുട്ടികൾ തെരുവിൽ നിന്നുകൊണ്ട്, പറഞ്ഞിരിക്കും, "ഹാ! അതിലേക്ക് നോക്കൂ. ഹാ! അത് ഒരു കൂട്ടം മതഭ്രാന്തരാണ്. അവരെ ശ്രദ്ധിക്കൂ, ചോദിക്കുന്നു, 'യഹൂദന്മാരുടെ രാജാവായി പിറന്ന, അവൻ എവിടെ?' ഇവിടെ ഹെരോദാവാണ് രാജാവെന്ന് അവർക്ക് അറിയില്ല. ബിഷപ്പ് *ഇന്നയാളെ* അവർക്ക് അറിയില്ല." ഓ, എന്റെ!

235 "യഹൂദന്മാരുടെ രാജാവായി പിറന്ന അവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു."

236 അവർ പറഞ്ഞു, "ഇവിടെ ചുറ്റുപാടുള്ള, എല്ലാ വിദ്വാന്മാരും, ഇവിടെ വന്നാലും." ഊഹ്-ഹാ. "ഇവിടെ വരൂ. നിങ്ങൾ എല്ലാവരും എവിടെയെങ്കിലും ഏതെങ്കിലും നക്ഷത്രം കാണുന്നോ?"

"ഓ, ഞാൻ അതു പോലെയുള്ള ഒന്ന് കണ്ടില്ല."

237 "ജ്യോതിശാസ്ത്രജ്ഞരായ നിങ്ങൾ എല്ലാവരും ഇവിടെ വരൂ. നിങ്ങളിൽ എല്ലാവരിലും ആരെങ്കിലും എവിടെയെങ്കിലും ഏതെങ്കിലും നക്ഷത്രം കണ്ടോ?"

"ഇല്ല. ഇല്ല."

"ഏതെങ്കിലും തരത്തിലുള്ള നിഗൂഢ അടയാളം പോലെ നിങ്ങൾ എന്തെങ്കിലും കണ്ടോ?"

"ഇല്ല. ഞങ്ങൾ അങ്ങനെയൊന്നും കാണുന്നില്ല. ഇല്ല."

238 രണ്ടു കൂട്ടരും, ഇതുവരെയും കണ്ടില്ല. അതേ കാര്യം തന്നെ. അവർ ഒന്നും കാണുന്നില്ല. അവർക്ക് ഇത് കാണാൻ കഴിയില്ല.

"ഊഹ്, നമുക്ക് ആ—ആ ദൈവ ദാസന്മാരെ വിളിക്കാം. നിങ്ങൾക്ക് എല്ലാവർക്കും എന്തുപറ്റി?"

"ഇല്ല. ഞങ്ങളും ഒരു നക്ഷത്രത്തെയും കണ്ടില്ല."

239 "ശരി, സമയം സൂക്ഷിക്കുന്ന, കാവൽക്കാരോട് ചോദിക്കാം, നിങ്ങൾ എന്തു പറയുന്നു? നിങ്ങൾ നക്ഷത്രങ്ങളെ നിരീക്ഷിക്കുന്നു. നിങ്ങൾക്ക് എപ്പോഴെങ്കിലും അറിയാ...ആകാശത്തിലെ ഓരോ രാശിയും എവിടെയാണെന്ന് നിങ്ങൾക്കറിയാം. ഓരോ നക്ഷത്രത്തെയും നിങ്ങൾക്കറിയാം. നിങ്ങൾ എന്തെങ്കിലും കണ്ടോ?"

"ഇല്ല. ഞങ്ങൾ ഒരു കാര്യവും കണ്ടിട്ടില്ല." എന്നാൽ അത് അവിടെ ഉണ്ടായിരുന്നു.

240 ദൈവത്തിന്റെ മഹത്വം! ഓ, എന്റെ! നിങ്ങൾക്ക് ഇത് കാണാൻ കഴിയുന്നില്ലേ? ഇത് ഇപ്പോൾ അവിടെയുണ്ട്, അവർക്ക് അത്

കാണാൻ കഴിയില്ല. ഇത് അവരുടെ, ചുറ്റിനും പോകുന്നു, അവർക്ക് അത് കാണാൻ കഴിയില്ല.

241 "ഇല്ല. ഞങ്ങൾ ഒന്നും കണ്ടില്ല. ഓ, ഞാൻ അവിടെ പോയിരുന്നു. ഞാൻ ഒന്നും കണ്ടില്ല." തീർച്ചയായും, നിങ്ങൾ കാണില്ല. തീരെ കുരുടരാണ്. ഇത് നിങ്ങൾക്ക് കാണാൻ വേണ്ടിയുള്ളതല്ല. കണ്ടോ? നിങ്ങൾ അത്രയും അന്ധരാണെങ്കിൽ, എന്താ, നിങ്ങൾ ഇത് കാണില്ലെന്ന്, ഉറപ്പാണ്.

242 ദൈവം അത് വെളിപ്പെടുത്തുന്നവർക്ക് മാത്രമാണ്. ആ ഒരാളാണ് അത് കാണുന്നത്. സദാ സമയത്തും ആ രീതിയിൽ ആയിരുന്നു. തീർച്ചയായും.

243 നിങ്ങൾക്കറിയാം, ആകാശത്ത് ഉണ്ടായിരുന്ന മഴയെ കാണാൻ നോഹയ്ക്കാണ് കഴിഞ്ഞത്, എന്നാൽ ശേഷിച്ചവർക്ക് അത് കാണാൻ കഴിഞ്ഞില്ല. കണ്ടോ? അവർക്ക് അവിടെ മുകളിൽ മഴ കാണാൻ പറ്റിയില്ല, പക്ഷേ നോഹ അത് കണ്ടു.

244 സാറാ കുഞ്ഞിനെ പിടിച്ചിരിക്കുന്നത് കണ്ടത് അബ്രഹാമായിരുന്നു. അത് ശരിയാണ്. "ജാതികളുടെ പിതാവേ, നിനക്ക് ഇപ്പോൾ എത്ര മക്കളുണ്ട്?" എന്ന് ചോദിച്ച പരിഹാസികളല്ല.

245 ബൈബിളിൽ മുഴുവനും, ആത്മീയരിലൂടെയും പ്രവാചകന്മാരിലൂടെയും, നമുക്ക് എങ്ങനെ കടന്നു പോകാൻ കഴിയും! "കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് വിശ്വാസം." വചനം അത് പറഞ്ഞിരുന്നു എന്ന് അവർ അറിഞ്ഞിരുന്നു, അത് അവിടെ ആയിരിക്കുന്നു. അതിന്റെ തെളിവുകൾ ഇതാ *ഇവിടെയാണ്*. അവർ അത് കാണുന്നു. ഇപ്പോൾ ശ്രദ്ധിക്കു. ഓ, എന്റെ!

"ഞങ്ങളുടെ വിദ്വാന്മാർക്ക് ആ നക്ഷത്രം കാണാൻ പറ്റുന്നില്ല. അവിടെ അതിൽ ഒന്നുമില്ല."

246 എന്തുകൊണ്ടാണ്? യഥാർത്ഥത്തിൽ, അവർ നോക്കുമ്പോൾ, അവർ അത്തരത്തിലെ ഒരു കൂട്ടരുമായി അകത്തേക്ക് പോയപ്പോൾ, ആ നക്ഷത്രം പുറത്തേക്ക് പോയി.

247 ഇന്നും അതേ കാര്യം തന്നെ. അതാണ് വെളിച്ചത്തെ പുറത്താക്കി കളയുന്നത്, അത് ശരിയാണ്, ആദ്യ സ്ഥാനത്ത് തന്നെ, അതിൽ വിശ്വസിക്കുക പോലും ചെയ്യാത്ത, അങ്ങനെയുള്ള ഒരു കൂട്ടരുമായി കോർത്തിണക്കി വെച്ചിരിക്കുന്നു. സഭകളുടെ ഒരു—ഒരു സമിതി നാം എടുക്കാൻ പോകുന്നത് എങ്ങനെ? "രണ്ടു പേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ?" ഇവിടെ എങ്ങനെയാണ് ആ കൂട്ടായ്മ... ഇത് ഇവിടെ, ലോകം-എമ്പാടുമുള്ള, ആ—ആ എല്ലാ സഭകളും,

ലോകത്തിലെ സഭകളുടെ സമിതി എങ്ങനെയാണ് ഒന്നു ചേരുന്നത്? നമുക്ക് ദശലക്ഷക്കണക്കിന് മൈലുകൾ അകലം ഉള്ളപ്പോൾ, നാം ഒന്നിക്കാൻ പോകുന്നത് എങ്ങനെ? കണ്ടോ? നാം അത് എങ്ങനെ ചെയ്യാൻ പോകുന്നു? നമ്മോടൊപ്പമുള്ള സുവിശേഷകന്മാർ, പിന്നെ *ഇതും*, പിന്നെ *അതും*, *അതും*, എല്ലാത്തിനെയും ഒരുമിച്ചാക്കി, എന്നിട്ടും അത്തരം ഒരു കൂട്ടരുടെ അഴിമതികയുമായി ഐക്യപ്പെട്ടു പോകുന്നു.

248 ശുദ്ധവും വിശുദ്ധവും, കളങ്കവുമില്ലാതെ, അവന്റെ വചനവുമായി നിലകൊള്ളുന്ന, ഒരു ഭാര്യയെ ദൈവം സ്വീകരിക്കുന്നു. അങ്ങനെയാകട്ടെ.

249 വചനത്തോടുള്ള യേശുവിന്റെ നിന്ദ. (തുടർന്നിട്ട്, ഞങ്ങൾ ഒരു നിമിഷത്തിനുള്ളിൽ നിർത്തും.) യേശുവിനെ വചനത്തിനായി നിന്ദിച്ചിരുന്നു. ഇവിടെ നോക്കൂ. അവൻ ദിവ്യനായിരുന്നിട്ട്, ജഡത്തിൽ വെളിപ്പെട്ട, ദൈവം ആയിരുന്നപ്പോൾ അവന് എങ്ങനെ നിന്ദ നേരിടാൻ കഴിഞ്ഞു? അവൻ സ്വയം, ദൈവമായിരുന്നിട്ട്, ജഡമായി തീർന്നതായിരുന്നു.

250 ഇപ്പോൾ, ബൈബിൾ അങ്ങനെ പറയുന്നത് നിങ്ങൾക്കറിയാം. "ഞങ്ങൾ അവനെ തൊട്ടു. ദൂതന്മാർ അവനെ കണ്ടു." അതിനെക്കുറിച്ച് ചിന്തിക്കൂ. അതേ കാര്യം തന്നെ തിമൊഥെയോസ് അവിടെ എഴുതിയിരിക്കുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. കണ്ടോ? അതായത്, "ദൈവ ഭക്തിയുടെ മർമ്മം സമ്മതാം വണ്ണം വലുതാണ്; ദൈവം ജഡത്തിൽ വെളിപ്പെട്ടു, ദൂതന്മാർക്കു പ്രത്യക്ഷനായി."

251 അവന്റെ ജനന സമയത്ത് ദൂതന്മാർ ഉണ്ടായിരുന്നു. ദൂതന്മാർ താഴെ പുൽത്തൊട്ടിയിൽ നോക്കി ദൈവം ജഡാവതാരം എടുത്തിരിക്കുന്നത് കണ്ടപ്പോൾ, അവർ എങ്ങനെ താഴേക്ക് നോക്കി ആനന്ദിച്ചിരിക്കും. ആമേൻ. അവർ അത് ആർത്തു വിളിക്കാൻ തുടങ്ങിയതിൽ അതിശയിക്കാനില്ല, "ഇന്ന്, ദാവീദിന്റെ പട്ടണത്തിൽ, ക്രിസ്തു എന്ന രക്ഷിതാവ് ജനിച്ചിരിക്കുന്നു." ദൂതന്മാർ സന്തോഷിച്ചിട്ട്, അവർ തങ്ങളുടെ വലിയ ചിറകുകൾ ഒന്നിച്ചു വീശിക്കൊണ്ട്, യെഹൂദ്യയിലെ കുന്നുകൾക്കു മുകളിലൂടെ, അവർ പാടി, "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള, മനുഷ്യർക്ക് സമാധാനം." അവർ ദൈവ വചനം കണ്ടിരുന്നു, അവർ അതിന്മേൽ നിരീക്ഷിച്ചിട്ട്, അത് പ്രകടമാക്കുന്നത് കണ്ടു. അവിടെയായിരുന്നു അത്.

252 ഇപ്പോൾ, സാത്താൻ അത് വിശ്വസിച്ചില്ലെന്നു, നിങ്ങൾക്ക് അറിയാം. അവൻ പറഞ്ഞു, "നീ ആണെങ്കിൽ..."

ദൂതൻ പറഞ്ഞു, "അവൻ തന്നെ." അതാണ് ആ വ്യത്യാസം.

"നീ ആണെങ്കിൽ, *ഇങ്ങനെയും-ഇങ്ങനെയും* ചെയ്യൂ. നീ അത് ചെയ്ത് ഞങ്ങൾ കാണട്ടെ."

എന്നാൽ ദൂതൻ പറഞ്ഞു, "അവൻ അവിടെയുണ്ട്."

253 വിദ്വാന്മാർ അവരുടെ മതശാസ്ത്രമവുമായി, പറഞ്ഞു, "അവൻ അവിടെയുണ്ട്." ആമേൻ.

254 അതുകൊണ്ടാണ് പുരാവസ്തു ഗവേഷകരും ഇന്നുള്ള മറ്റുള്ളവരും ഈ കാര്യങ്ങളെ കുഴിച്ചു നോക്കുന്നത്, അത് സംഭവിക്കും എന്ന്, അതിനു കുറച്ച് വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചിരുന്നു. ഇവിടെ അവർ, കുഴിക്കുകയാണ്. അവർ ഒരിക്കലും...

255 പൊന്തിയോസ് പീലാത്തോസ് ഭൂമിയിൽ ഉണ്ടായിരുന്നു എന്ന പറയുന്ന ഒരു ചരിത്രവുമില്ല. നിങ്ങൾക്ക് അതറിയാമോ? പൊന്തിയോസ് പീലാത്തോസ് ഉണ്ടായിരുന്നു എന്നു ചരിത്രത്തിൽ എവിടെ പറയുന്നു എന്നു പള്ളിക്കൂടത്തിലെ കുട്ടികളിൽ ആരെങ്കിലും എന്നോട് പറയൂ. അവിശ്വാസികൾ അതിനെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുന്നു, പറയും, "ഒരിക്കലും പൊന്തിയോസ് പീലാത്തോസ് എന്നു പേരുള്ള, ഒരു—ഒരു റോമൻ ചക്രവർത്തി, ഒരു—ഒരു ഗവർണർ ഉണ്ടായിട്ടില്ല." ഏതാണ്ട് ആറ് ആഴ്ചകൾക്ക് മുമ്പ്, അവർ ആ മൂലക്കല്ല് കുഴിച്ചെടുത്തു: പൊന്തിയോസ് പീലാത്തോസ്, ഗവർണർ. ഓ, എന്റെ! അത്തരത്തിലുള്ള വിഡ്ഢിത്തം!

256 അവർ പറഞ്ഞു, "ചരിത്രത്തിൽ എവിടെയും ഒരു രമെസേസ് ഉണ്ടായിരുന്നില്ല, മിസ്രായീമിലെ രമെസേസ്." എന്നാൽ അവർ ഒരു കല്ല് കുഴിച്ചെടുത്തു, പുരാവസ്തു ഗവേഷകർ: രാമെസേസ്, രണ്ടാമത്തേത്. ശ്രദ്ധിക്കു.

257 ആ മതിലുകൾ ഒരിക്കലും താഴെ വീണിരുന്നില്ല എന്ന് അവർ പറഞ്ഞിരുന്നു. മാത്രമല്ല, ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, പുരാവസ്തു ഗവേഷകന്മാർ ചുറ്റും കുഴിക്കുകയായിരുന്നു, കാഹളം മുഴക്കിയപ്പോൾ, യെരീഹോയിൽ മതിലുകൾ ഇടിഞ്ഞു വീണിരുന്നത്, നിങ്ങൾക്കറിയാം, വളരെ ആഴത്തിൽ നിന്നും അവർ കുഴിച്ചെടുത്തു. അവർ പറഞ്ഞു, "അതൊരു കെട്ടുകഥ മാത്രമാണ്, ആരോ പാടിയ ഒരു ഗാനം, അവിടെ വീണ്ടും പാടി." അതെ. പരിഹാസികൾ അത് പറയുന്നു. "അതൊരു കെട്ടുകഥ മാത്രമായിരുന്നു. മതിലുകൾ വീണു എന്ന ഒന്നുമില്ല, യോശുവ ഒരു കാഹളം ഊതിയിട്ട്, മതിലുകൾ വരെ ഓടി അവ നിലമ്പതിച്ചു. അത്തരമൊരു കാര്യം ഒരിക്കലും ഉണ്ടായിരുന്നില്ല." ചില വലിയ ക്രിസ്ത്യൻ പുരാവസ്തു

ഗവേഷകർ തുടർന്നും കുഴിച്ചുകൊണ്ടിരുന്നു, കാരണം അത് അങ്ങനെ ആയിരിക്കണമെന്ന് അവൻ അറിഞ്ഞിരുന്നു. അസാധാരണമാം വിധം ഏകദേശം മുപ്പത്തി-എട്ട് അടി അവൻ കുഴിച്ചു, ശേഷിച്ചിരുന്നവ അതിന്റെ അടിയിലായിരുന്നു. വചനം പറഞ്ഞതു പോലെ തന്നെ, അവിടെ ഉണ്ടായിരുന്ന മതിലുകൾ, ഒന്നിനു മുകളിൽ ഒന്നായി കൂട്ടിയിട്ടിരുന്നു.

258 അവർ പറഞ്ഞു, "ദാവീദ് വായിച്ചിരുന്ന അവന്റെ, തന്ത്രിയുള്ള കിന്നരം എന്ന ഒരു ഉപകരണം ഇല്ലായിരുന്നു, കാരണം സംഗീത ഉപകരണങ്ങളിൽ കമ്പിയാലുള്ള സംഗീതം പതിനഞ്ചാം നൂറ്റാണ്ട് വരെ അറിയപ്പെട്ടിരുന്നില്ല." പറഞ്ഞു, "ഒരിക്കലും അത്തരമൊരു കാര്യം ഉണ്ടായിരുന്നില്ല." മിസ്രായീമിൽ, ക്രിസ്ത്യൻ പുരാവസ്തു ഗവേഷകർ കുഴിച്ചു. നാലായിരം വർഷങ്ങൾക്ക് മുമ്പ്, അവർക്ക് കമ്പിനാദത്തിന്റെ ഉപകരണങ്ങൾ ഉണ്ടായിരുന്നു. ആമേൻ. ഓ, എന്റെ!

259 എബ്രായ മക്കൾ, വൈക്കോലിൽ നിന്ന് ആ കല്ലുകളും അങ്ങനെയുള്ള കാര്യങ്ങളും നിർമ്മിക്കുന്നതിനെക്കുറിച്ച്, അവർ പറഞ്ഞു, "അത്തരമൊരു കാര്യം ഇല്ലായിരുന്നു." പുരാവസ്തു ഗവേഷകർ അവിടെ കുഴിക്കാൻ പോയി. അവർ എന്താണ് കണ്ടെത്തിയത്? അതു ശാസ്ത്രമാണ്. അവർ എന്താണ് കണ്ടെത്തിയത്? എബ്രായർ പണിത നഗരത്തിന്റെ മതിലുകളിൽ, കല്ലുകളുടെ ആദ്യ പാളി നീളമുള്ള വൈക്കോലുകൾ ആയിരുന്നു; രണ്ടാമത്തേത് ചെറിയ കഷണങ്ങളായി മുറിച്ച കച്ചിക്കുറ്റികളായിരുന്നു; മൂന്നാമത്തേതിൽ വൈക്കോൽ ഇല്ലായിരുന്നു. ഓ, എന്റെ!

രാഷ്ട്രങ്ങൾ തകരുന്നു, യിസ്രായേൽ ഉണരുന്നു,
പ്രവാചകന്മാർ മുൻചൊന്ന അടയാളങ്ങൾ.

260 അതെ, സർ. സഹോദരാ, സഹോദരി, ഇതെല്ലാം നേരെ നമ്മിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണ് അത്? കഴിഞ്ഞ കുറച്ച് വർഷങ്ങളായി, സിനിമാ ലോകം അത് ചെയ്തിട്ടില്ലാത്ത ചിലത് ചെയ്യുന്നു. സെസിൽ ഡെമില്ലിന്റെ *പത്ത് കല്പനകളുടെ* ഒരു കഥ പർദ്ദയിൽ വരുന്നു. പർദ്ദയിൽ *ബെൻ ഹുറിലൂടെ* യേശു ക്രിസ്തുവിന്റെ ജീവിതം വരുന്നു. പത്രൊസിന്റെ പരിവർത്തനമായ, *ദി ബിഗ് ഫിഷർമാൻ* പർദ്ദയിൽ വരുന്നു. ഈ മതപരമായ സിനിമകൾ എല്ലാം തന്നെ, സിനിമൾ നിരസിച്ചിട്ട്, അഴുക്കു പിടിച്ച്, ദൂരെ വലിച്ചെറിഞ്ഞിരുന്നു. എന്നാൽ, ദൈവം, തന്റെ പ്രതാപമാർന്ന ശക്തിയാൽ, അതേ പോലെ തന്നെ, അതിനെ പുറപ്പെട്ടുവിക്കുന്നു.

261 ഇപ്പോൾ, ഒരു പാവം പിടിച്ച, ദൈവത്തിന്റെ, എളിയ ദാസനായ, എന്നെക്കുറിച്ച്, വർഷങ്ങൾക്ക് മുമ്പ് പറഞ്ഞ ചില കാര്യങ്ങൾ. ഞാൻ പറഞ്ഞു, "ഒരു വെളിച്ചം അവിടെ നിന്ന് എന്നോട് സംസാരിച്ചു, ചെയ്യേണ്ട കാര്യങ്ങൾ എന്നോട് പറഞ്ഞു." ജനങ്ങൾ ചിരിച്ചുകൊണ്ട് പറഞ്ഞു, "അവന് അല്പം തലയ്ക്ക് കുഴപ്പമുണ്ട്." അതിന്റെ ഒരു ചിത്രം അവിടെയുണ്ട്. ശാസ്ത്രം അത് എടുത്തു. അത് അവിടെയുണ്ട്. അത് സത്യമാകുന്നു.

ഞാൻ പറഞ്ഞു, "ആ സ്ത്രീ മരണത്തിന്റെ നിഴലിലാണ്."

262 അവർ പറഞ്ഞു, "നിഴലായി, ഇപ്പോൾ, അത് അസംബന്ധമാണ്. അത് അവൻ തന്റെ മനസ്സിൽ ഉണ്ടാക്കുന്നതാണ്."

263 അതിന്റെ ചിത്രം അവിടെയുണ്ട്. ദൈവം കല്ലുകളെക്കൊണ്ട് ആർത്തു വിളിക്കുമാറാക്കും. അവന് ഇഷ്ടമുള്ളത് എന്തും ചെയ്യാൻ അവനു കഴിയും.

264 യേശു, വചനത്തിനായി നിന്ദയേറ്റു. ആ ദിവ്യ ദൈവപുത്രൻ അവിടെ നിൽക്കുന്നു, ഇമ്മാനുവേൽ, എന്തൊരു നിന്ദയാണ്! അവിശ്വാസിയായ പാപി അവനെ ബന്ധിച്ചിട്ട്, അവന്റെ മുഖത്ത് തുപ്പി, ഒരുപിടി താടി വലിച്ചു പറിക്കുന്നു, അതിനോട് എന്തു ചെയ്യാനും അവൻ ധൈര്യപ്പെടുന്നു. വചനത്തിനു വേണ്ടിയുള്ള നിന്ദ! ഊഹ്-ഹാ. എന്തിനാണ്? പിതാവിന്റെ വചനം നിറവേറ്റുന്നതിനു വേണ്ടിയാണ്. ഓ! എന്നാൽ, ഓർക്കു, മരണത്തിന്റെ നിന്ദ അവൻ വഹിക്കണമായിരുന്നു. മരിക്കാൻ കഴിയാത്ത, ദൈവം, ഒരു പാപിയെ രക്ഷിക്കാനായി മരിക്കാൻ കഴിയുന്ന ആ ഏകൻ. മറ്റാർക്കും തന്നെ, രണ്ടാമത്തെ വ്യക്തിക്കോ അതോ മൂന്നാമത്തെ വ്യക്തിക്കോ, അത് ചെയ്യാൻ കഴിയില്ല. ദൈവത്തിനു മാത്രമേ അത് ചെയ്യാൻ കഴിയൂ. അവൻ ഇവിടെ ഉണ്ടായിരുന്നു.

265 അവൻ പറഞ്ഞു, "സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ, മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല." ആമേൻ.

266 അവർ പറഞ്ഞു, "ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ചു മന്ന തിന്നു."

"അവർ മരിച്ചു," അവൻ പറഞ്ഞു.

"നീ ജീവന്റെ അപ്പം ആണെന്നു നീ പറയുന്നോ?"

267 അവൻ പറഞ്ഞു, "അബ്രഹാമിനു മുമ്പേ ഞാൻ ഉണ്ടായിരുന്നു, ഞാൻ ആകുന്നവൻ. ഞാൻ ജീവന്റെ അപ്പം ആകുന്നു. ഞാൻ ആകുന്നവൻ ഞാൻ ആകുന്നു."

268 അവർ പറഞ്ഞു, “നിനക്ക് അമ്പത് വയസ്സ് ആയിട്ടില്ല, നീ ‘അബ്രഹാമിനെ കണ്ടിട്ടുണ്ടെന്ന്’ പറയുന്നോ?”

269 അവൻ പറഞ്ഞു, “അബ്രഹാമിന് മുമ്പേ, ഞാൻ ആകുന്നു.” പിന്നെയും പാപികൾ അവനെ ബന്ധിക്കട്ടെ, വിഭാഗീയ സഭകൾ, അവനെ ബന്ധിക്കട്ടെ.

270 നിങ്ങൾ ഓർത്തിരിക്കു, അന്ത്യ നാളിൽ, ഈ സമ്പന്നയായ ലവൊദിക്ക്യ സഭ, അവർ അവനെ, സഭയിൽ നിന്നു പോലും പുറത്താക്കിയിരിക്കുന്നു. അത് ഇപ്പോൾ എവിടെയാണെന്ന് നിങ്ങൾ കാണുന്നോ? എന്തുകൊണ്ടാണ് ഞാൻ ആ സമ്പ്രദായത്തിനെതിരെ നിലവിളിക്കുന്നതെന്ന് നിങ്ങൾക്ക് കാണാമോ? [കൂട്ടായ്മ പറയുന്നു, “ആമേൻ.”—Ed.]

271 അവനെ ബന്ധിക്കാൻ യേശു പാപികളെ അനുവദിച്ചത് എന്താണ്? അത് വചനത്തെ നിറവേറ്റിയിട്ട്, ദൈവത്തിനു ഒരു നിന്ദ കൊണ്ടുവന്ന്, മരിക്കാൻ ആയിരുന്നു. ദൈവത്തിന് മരിക്കേണ്ടിയിരുന്നു. മരിക്കണമെങ്കിൽ അവൻ ജഡമാകണമായിരുന്നു. യേശുവിന് അത് അറിയാമായിരുന്നു. അവൻ അതിനെപ്പറ്റി അവരോട് പറഞ്ഞിരുന്നു. അവൻ പറഞ്ഞു, “ഈ മന്ദിരത്തെ പൊളിക്കു, ഞാൻ അതിനെ വീണ്ടും പണിയും.” മറ്റാരും അല്ല അതിനെ ഉയിർത്തുന്നത്. “ഞാൻ ഇതിനെ ഉയിർത്തും. മൂന്ന് ദിവസത്തിനുള്ളിൽ, ഞാൻ അതിനെ വീണ്ടും തിരികെ കൊണ്ടുവരും. നിങ്ങൾ അതിനെ പൊളിക്കു; ഞാൻ അതിനെ പണിയും. മൂന്നു രാവും പകലും, യോനാ കടലാനയുടെ വയറ്റിൽ ഇരുന്നതുപോലെ, അങ്ങനെ തന്നെ മനുഷ്യപുത്രൻ ഭൂമിയുടെ ഉള്ളിൽ ഇരിക്കണം.” അവർക്ക് അത് മനസ്സിലായതു പോലും ഇല്ല. കണ്ടോ? വചനത്തിനു വേണ്ടിയുള്ള ഒരു നിന്ദ, അവൻ—അവൻ ആയിരുന്നു.

272 ഇപ്പോൾ, മരണത്തെ നിന്ദിച്ച്, നിത്യ ജീവനിലേക്ക് വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ. ആദ്യം അവനെ മരണത്തിനു ഏല്പിക്കേണം, അതിനാൽ അവന് നിത്യ ജീവനിലേക്ക് ഉയിർപ്പിക്കാൻ കഴിയും, അതിനെ സ്വീകരിക്കുന്ന, മറ്റെല്ലാ മനുഷ്യരെയും (അവന്റെ രൂപത്തിലുള്ളവരെ) നിത്യ ജീവനിലേക്ക് കൊണ്ടുവരാൻ. കണ്ടോ? എല്ലാ പരിഹാസത്തിന്റെയും നിന്ദയിൽ നിൽക്കേണ്ടതിനു, അവൻ മനുഷ്യനായി തീർന്നു, ഒരു ബന്ധുക്കാരനായ ചാർച്ചക്കാരനായി തീർന്നു, അവന്റെ കൂട്ടു ദാസന്മാരെ അവനു മുമ്പായി ചെയ്തതുപോലെ, എല്ലാവരും നിന്ദിക്കപ്പെട്ടിരുന്നു. മോശയെപ്പോലെ, നോഹയെപ്പോലെ, നിന്ദയിൽ നിന്നിരുന്ന മറ്റുള്ളവരെപ്പോലെ, അവൻ ആ പരിഹാസത്തിൽ നിൽക്കേണ്ടി വന്നു. എന്തുകൊണ്ട്? അവന്

വചനം ഉണ്ടായിരുന്നു, മാത്രമല്ല അവൻ വചനവും ആയിരുന്നു. അതുകൊണ്ടാണ് അവർ എപ്പോഴത്തെക്കാളും അവനെ കൂടുതൽ പരിഹസിച്ചത്. അവൻ ദിവ്യനും സ്വയം വചനവും ആയിരുന്നു. ഹല്ലേലൂയാ! അതാണ് അവനെ സൃഷ്ടിച്ചത്.

273 യേശു പറഞ്ഞു, “കപടവിശ്വാസികളേ.” പറഞ്ഞു, “നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിയുന്നു, അവരെ അവിടെ കൊണ്ടു ചെന്നാക്കിയത് നിങ്ങൾ തന്നെ. അവർ ദൈവ വചനവുമായി വന്നു, നിങ്ങൾ അവരെ വിശ്വസിച്ചില്ല. അവർക്ക് ഓരോരുത്തർക്കും വേണ്ടി നിങ്ങൾ കുറ്റക്കാരാകുന്നു.”

274 ദൈവേഷ്ടമെങ്കിൽ, ഫീനിക്സിൽ, കഴിഞ്ഞ ദിവസം ഞാൻ ഒരു വാക്ക് ഇട്ടിരുന്നു. യേശു ക്രിസ്തുവിനെ കൊന്നതിനും, അവനെ വീണ്ടും ക്രൂശിക്കുന്നതിനും ഞാൻ ഈ തലമുറയെ വീണ്ടും കുറ്റം ചുമത്താൻ പോകുന്നു. ദൈവേഷ്ടമെങ്കിൽ, ദൈവ ദാസന്മാരുടെ സംഘത്തിന്റെ മുമ്പിൽ ഞാൻ ഒരു കുറ്റാരോപണം കൊണ്ടുവരാൻ പോകുന്നു. അവനെ പുതുതായി ക്രൂശിക്കുന്നതിന്, യേശു ക്രിസ്തുവിന്റെ രക്തം മൂലം അവർ കുറ്റക്കാരാണ്. അതെ, സർ. മുഴുവനെയും കുറ്റപ്പെടുത്തുക!

275 പെന്തെക്കൊസ്ത് നാളിൽ, പത്രൊസ് അവരെ കുറ്റപ്പെടുത്തിയിരുന്നു. അവൻ പറഞ്ഞു, “അധർമ്മികളുടെ കൈകളാൽ ജീവന്റെ നായകനെ നിങ്ങൾ ക്രൂശിച്ചു, അവനെ ദൈവം മരിച്ചവരിൽ നിന്നും എഴുന്നേല്പിച്ചു. ഞങ്ങൾ സാക്ഷികളാണ്.” അവൻ ഒരു കുറ്റാരോപണത്തെ കൊണ്ടുവന്നിരുന്നു.

276 ഞാൻ ദൈവ വചനം എടുത്തിട്ട്, അവിടെയുള്ള എല്ലാ വിഭാഗീയ സഭകളെയും കുറ്റപ്പെടുത്താൻ പോകുന്നു, യേശു ക്രിസ്തുവിന്റെ രക്തത്താൽ, ഭൂമിയിലെ ഓരോ മനുഷ്യനും കുറ്റക്കാരാകുന്നു. ആ ദിവസം അവന്റെ വക്കീലാകാൻ ദൈവം എന്നെ സഹായിക്കട്ടെ. ആമേൻ. അതെ.

277 ഓ, പരിഹാസികൾ അവനെ കളിയാക്കി. അവർ അവനെ നിന്ദിച്ചു. അവൻ അതിനൊപ്പം തന്നെ നിന്നു. ആമേൻ. ഓ! അവൻ എന്തു ചെയ്തെന്നു കാണു. അവൻ ദൈവ പുത്രനായിരുന്നു, പാപത്തെ വധിക്കാനായി മരണത്തെ സഹിച്ചു. അവന് അത് ചെയ്യേണ്ടിയിരുന്നു. ആ...അതിനു വധശിക്ഷ നൽകാനുള്ള ഏക മാർഗം അതാണ്. അവൻ ഇതു ചെയ്തിട്ട്, അതിനായി നിലകൊണ്ടു, എന്തെന്നാൽ ശേഷിച്ച എല്ലാവരും അങ്ങനെ തന്നെ നിന്നിരുന്നു.

278 എന്തുകൊണ്ടെന്നാൽ, അവിടെ പിന്നിലുണ്ടായിരുന്ന എല്ലാവർക്കും ഹ്രസ്വ രൂപത്തിൽ ദൈവ വചനം ഉണ്ടായിരുന്നു. കാരണം, യേശു,

അങ്ങനെ പറഞ്ഞിരിക്കുന്നു. “കർത്താവിന്റെ ആ—ആ വചനം പ്രവാചകന്മാരുടെ അടുക്കൽ വരുന്നു. അവരിൽ ആരെയാണ്,” അവൻ ചോദിച്ചു, “നിങ്ങളുടെ പിതാക്കന്മാർ, നിങ്ങളുടെ സംഘടിത മതം, കല്ലെറിഞ്ഞ് കൊല്ലാത്തത്? അവരിൽ പ്രവാചകന്മാരെ സ്വീകരിച്ചിരുന്നത് ആരാണ്? അവർ പോയതിനു ശേഷം നിങ്ങൾ അവരുടെ കല്ലറ പണിയുന്നു.” പറഞ്ഞു, “അവരെ അവിടെ ഇട്ടതിൽ നിങ്ങൾ കുറ്റക്കാരാണ്.”

279 പിന്നെ അവൻ ദാസന്മാർ വന്നപ്പോൾ, അവരെ മുന്തിരി തോട്ടത്തിൽ നിന്നും പുറത്താക്കിയ ഉപമ അവരോട് പറഞ്ഞു. അവർ അവരോട് മോശമായി പെരുമാറി, ഒടുവിൽ പറഞ്ഞു, “ഇപ്പോൾ നമ്മൾ പുത്രനെയും കൊല്ലും, കാരണം അവനാണ് അവകാശി.” കണ്ടോ? ഓ, അത് കണ്ടപ്പോൾ അവർക്ക് കോപം ജ്വലിച്ചു. കണ്ടോ?

280 എന്നാൽ അവന് നിന്ദ സഹിക്കേണ്ടി വന്നു. മരണത്തിലേക്ക് നയിച്ച്, കൊല്ലപ്പെടുന്നതിനാൽ, നിത്യ ജീവൻ തിരികെ കൊണ്ടുവരാൻ, ഇവിടെ അവനെ സ്വയം ബന്ധിച്ചിരിക്കുന്നു. ദൈവത്തിന്റെ മഹത്വം! ഓ, ഞാൻ അവനെ എങ്ങനെ സ്നേഹിക്കുന്നു! കാലങ്ങളിലൂടെയുള്ള, സകല ദൈവപുത്രന്മാരെയും നിത്യ ജീവൻ തിരികെ കൊണ്ടുവന്ന് ഉയിർപ്പിക്കാനും, അത് ആ വചനത്തോടൊപ്പം നിന്ന് നിന്ദ സഹിച്ചവരെ ആയിരുന്നു. അത് ശരിയാണ്.

281 അവൻ വന്നിരുന്നില്ലെങ്കിൽ, നോഹയ്ക്ക് എഴുന്നേല്ക്കാൻ കഴിയില്ലായിരുന്നു. അവൻ വന്നിരുന്നില്ലെങ്കിൽ, ഏലിയാവിന് തിരികെവരാൻ കഴിയില്ലായിരുന്നു. അവൻ വന്നിരുന്നില്ലെങ്കിൽ, നോഹ ഒരിക്കലും ഉയിർക്കില്ലായിരുന്നു, അവനു കഴിഞ്ഞിരുന്നില്ലെങ്കിൽ...അവൻ വന്നിരുന്നില്ലെങ്കിൽ. കാരണം, മുൻനിർണ്ണയിക്കപ്പെട്ടിരുന്ന കുഞ്ഞാട് അവനായിരുന്നിട്ട്, വന്ന് തന്റെ മേൽ സ്വയം ആ നിന്ദ എടുത്തിട്ട്, അരുളി ചെയ്ത സകല ദൈവ വചനത്തിനും വേണ്ടി, ഈ നീതിമാന്മാരായ മനുഷ്യർ നിലകൊണ്ടിരുന്നതിനു വേണ്ടി മരിക്കുക. അതു അവന് ചെയ്യേണ്ടതുണ്ടായിരുന്നു. മറ്റാർക്കും അത് ചെയ്യാൻ കഴിഞ്ഞില്ല. ദൈവത്തിനു തന്നെ, അവന് വീണ്ടെടുക്കാനും നിത്യ ജീവൻ നൽകാനുമായി, അവൻ വന്ന് ആ സ്ഥാനം എടുത്ത് അതേ വചനത്തിനായി നിലകൊള്ളുകയും നിന്ദ അനുഭവിക്കുകയും ചെയ്യുന്ന ഓരോ ദൈവപുത്രനും വേണ്ടി ആയിരുന്നു. കാലങ്ങളിലൂടെ വന്ന, ഓരോ ദൈവപുത്രനും, നിന്ദയെ അഭിമുഖീകരിക്കാൻ നിന്നപ്പോൾ, അവിടെ അവനെ വീണ്ടെടുക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല,

എന്നാൽ വിശ്വാസത്താൽ വീണ്ടെടുപ്പുകാരൻ വരുന്നു എന്നു കണ്ടിരുന്നു.

282 ഇയ്യോബ് അവനെ കണ്ടു. ഇയ്യോബ് പിന്നിൽ അവിടെ നിൽക്കുമ്പോൾ, അവർ പറഞ്ഞു, "ഓ, നീ ഒരു രഹസ്യ പാപിയാണ്. ദൈവം നിന്നോട് മോശമായി പെരുമാറുകയാണ്, കാരണം നീ ഒരു രഹസ്യ പാപിയാണ്."

283 അവൻ പറഞ്ഞു, "എനിക്കറിയാം എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു. ഒടുവിൽ അവൻ പൊടിമേൽ നിൽക്കും. ചർമ്മത്തിലെ പുഴുക്കൾ ഈ ശരീരത്തെ നശിപ്പിക്കുമെങ്കിലും, എങ്കിലും, ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും."

284 അവന്റെ ഭാര്യ ചോദിച്ചു, "നിങ്ങൾ അവനെ ത്യജിച്ചു കളഞ്ഞ് മരിച്ചുകളയാത്ത് എന്താ?" പറഞ്ഞു, "നീ ഒരു നികൃഷ്ടയായ സാധുവിനെ പോലെ കാണപ്പെടുന്നു."

285 അവൻ പറഞ്ഞു, "നീ ഒരു പൊട്ടി സംസാരിക്കുന്നതു പോലെ സംസാരിക്കുന്നു." ആമേൻ. അവിടെ ആയിരുന്നു അവൻ. "അവൻ ജീവിക്കുന്നു എന്ന് ഞാൻ അറിയുന്നു, അവൻ ഒടുവിൽ നിൽക്കും."

286 യേശു വന്നിരുന്നില്ലെങ്കിൽ, ഇയ്യോബിനെ വീണ്ടെടുക്കാൻ കഴിയുമായിരുന്നില്ല, എന്തുകൊണ്ടെന്നാൽ ലോകത്തിനു അടിസ്ഥാനം ഇടും മുമ്പ് കൊല്ലപ്പെട്ട കുഞ്ഞാടായിരുന്നു അവൻ. അവൻ തന്റെ സ്ഥാനം അറിഞ്ഞിരുന്നു. അവന്റെ അധികാരം അവൻ അറിഞ്ഞിരുന്നു.

287 അതുകൊണ്ടാണ്, ആ ദിവസം അവിടെ നിന്ന് അവൾ അവിടേക്ക് വരുമ്പോൾ, മറിയ ആ സ്ഥാനം തിരിച്ചറിഞ്ഞത്. അവൻ പറഞ്ഞു..."ഞാൻ...നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ, എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു."

അവൻ പറഞ്ഞു, "നിന്റെ സഹോദരൻ ഉയർത്തെഴുന്നേൽക്കും."

പറഞ്ഞു, "അതെ, കർത്താവേ, പുനഃരുത്ഥാനത്തിൽ. അവൻ ഒരു നല്ല ബാലനായിരുന്നു."

യേശു പറഞ്ഞു, "എന്നാൽ ഞാൻ ആകുന്നു ആ പുനഃരുത്ഥാനം. നീ ഇത് വിശ്വസിക്കുന്നോ?"

288 അവൾ പറഞ്ഞു, "അതെ, കർത്താവേ, ലോകത്തിൽ വരാനിരുന്ന ദൈവപുത്രൻ നീ തന്നെ എന്നു ഞാൻ വിശ്വസിക്കുന്നു."

അവൻ ചോദിച്ചു: "നീ അവനെ എവിടെ അടക്കം ചെയ്തു?" ഓ! അവിടെയാണ് നിങ്ങൾ. ഉം-ഹം.

289 അവൾ അത് തിരിച്ചറിഞ്ഞിരുന്നു. ആ കൊച്ചു സ്ത്രീ അങ്ങനെ പറഞ്ഞില്ല. അവളിൽ നിന്ന് ഏഴു പിശാചുക്കളെ പുറത്താക്കിയിട്ടുണ്ടായിരുന്നു. ദൈവത്തിന്റെ ശക്തി അവൾക്കറിയാമായിരുന്നു, അത് അഹങ്കാരവും സമ്മർദ്ദവും എല്ലാം, അവളിൽ നിന്ന് ദൂരമാക്കിയിരുന്നു, അത് ആ ചെറിയ, സ്വാർത്ഥമായ ഹൈസ്കൂൾ ആത്മാവിനെ അവളിൽ നിന്ന് പുറത്തെടുക്കുകയും, അവളെ ഒരു പുതിയ സൃഷ്ടിയാക്കുകയും ചെയ്തിരുന്നു. അവൻ ഏഴു പിശാചുക്കളെ പുറത്താക്കിയിരുന്നു. അവനെ സ്വീകരിച്ചിരുന്നിട്ട്, അവൻ എന്തായിരുന്നു എന്നു ആ സ്ത്രീകൾ അറിഞ്ഞിരുന്നു.

290 അവർക്കുവേണ്ടി അവന് എന്തു ചെയ്യാനാകുമെന്ന് അവർ അറിഞ്ഞിരുന്നു. ഇന്നും, അവർ അതു പോലെ തന്നെ ചെയ്യുന്നു. അത് സ്വീകരിക്കുക. അതാണ് അടുത്ത കാര്യം.

291 അവിടെയാകുന്നു അവൻ. അവൾ അത് പറഞ്ഞു. അവന്...എന്തു സംഭവിച്ചെന്ന് നിങ്ങൾക്കറിയാം. ഓ!

292 അതേ വചനത്തിനായി കഷ്ടം അനുഭവിക്കുന്നവരെല്ലാം, ആ കാരണത്തിനായി അവൻ മരിച്ചു. മരിച്ചുകൊണ്ട്, അതു ചെയ്യാൻ കഴിയുന്നത് അവനു മാത്രമായിരുന്നു, കാരണം അവൻ വചനമായിരുന്നു. അവൻ വചനമായിരുന്നു, വചനം ജഡമായി തീർന്നതായിരുന്നു. മറ്റെല്ലാവർക്കും ചെറിയ കുറവുകൾ ഉണ്ടായിരുന്നു, എന്നാൽ അവനിൽ, അവിടെ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ആയിരുന്നു. അവൻ ഇന്നും അനന്യൻ തന്നെ. എബ്രായർ 13:8, "യേശു ക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യൻ തന്നെ." ശ്രദ്ധിക്കു.

293 വാസ്തവമായും, ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ അത് ചെയ്യാൻ പോകുന്നു, ചെയ്യേണ്ടതുണ്ട്. എന്റെ സമയം കഴിഞ്ഞിരിക്കുന്നു.

294 അവൻ ഒരിക്കലും ഒരു വചനം എഴുതിയിട്ടില്ല. അവൻ എഴുതിയോ? [കൂട്ടായ്മ പറയുന്നു, "ഇല്ല"—Ed.] ഒരിക്കലും ഒരു വാക്കും എഴുതിയിട്ടില്ല. എന്തുകൊണ്ടാണ്? അവൻ വചനമായിരുന്നു. അവൻ എന്തായിരുന്നു? എഴുതപ്പെട്ടിരുന്ന വചനങ്ങളായി, അവൻ ആ വചനത്തിന്റെ പ്രകടനമായിരുന്നു. മഹത്വം! വൂ! ഇപ്പോൾ എനിക്ക് നന്നായി തോന്നുന്നു. അവൻ വചനം ആയിരുന്നു. അവന് ഒന്നും എഴുതേണ്ട ആവശ്യമില്ലായിരുന്നു. അവൻ വചനം ആയിരുന്നു, ഈ എഴുതപ്പെട്ട വചനം പ്രത്യക്ഷമായതായിരുന്നു. ദൈവത്തിനു മഹത്വം! അവനു ഇന്നും മാറ്റില്ല, ഇന്നലെയും ഇന്നും, എന്നെന്നേക്കും മാറ്റമില്ലാത്തവൻ. അവൻ വചനമായി, വചനത്തെ പ്രത്യക്ഷമാക്കി.

നിങ്ങൾ ചോദിക്കും, "ബ്രദർ ബ്രൺഹാം, അത് ശരിയാണോ?"

295 യഹോവ അവിടെ പിന്നിൽ നിന്നിട്ട് അവിടെ ശക്തമായി വീശിക്കൊണ്ടിരുന്ന തിരമാലകൾക്കു കുറുകെ ഒരു കരയുണ്ടാക്കുന്നു, യിസ്രായേലിനു നടക്കാൻ ഒരു വഴി ഉണ്ടാക്കുകയാണ്.

296 യഹോവയെ ജഡത്തിൽ ശ്രദ്ധിക്കു, പറഞ്ഞു, "അനങ്ങാതിരിക്കു, അടങ്ങു." തിരമാലകൾ കരകളിൽ ആഞ്ഞടിക്കുകയും, അങ്ങനെയും മറ്റുമായി, കൊടുങ്കാറ്റിനാൽ, പിശാച് എല്ലാറ്റിനേയും നക്കുകയായിരുന്നു, അവൻ പറഞ്ഞു, "അനങ്ങാതിരിക്കു, അടങ്ങു." അതു അവനെ അനുസരിച്ചു; കാറ്റുകളും മറ്റെല്ലാം ആകുന്നു. അവൻ യഹോവ ആയിരുന്നു. ആമേൻ.

297 അങ്ങ് അകലെ നിന്നുകൊണ്ട് കുറച്ച് മഞ്ഞു തുള്ളികൾ തളിക്കാൻ കഴിയുന്ന യഹോവ, ഒരു ജനത്തെ പോറ്റാൻ, അതു ഭൂമിയിൽ വീണ് അപ്പമായി തീരട്ടെ.

298 അവൻ നിന്നു അഞ്ച് മീനുകൾ, അല്ലെങ്കിൽ, അഞ്ച് ബിസ്കറ്റും രണ്ട് മത്സ്യവും എടുത്ത്, അയ്യായിരം പേരെ തൃപ്തരാക്കി.

299 അവൻ വചനമായിരുന്നു. ആമേൻ. ആമേൻ. അവൻ വചനമാകുന്നു, അവൻ എന്നേക്കും വചനം ആയിരിക്കും. ഞാനും എന്റെ കുടുംബമോ, ഞങ്ങൾ വചനത്തെ സേവിക്കും.

ഓ, എനിക്ക് അവനെ കാണേണം, അവന്റെ മുഖത്തേക്ക് നോക്കാൻ ആഗ്രഹിക്കുന്നു,
അവന്റെ രക്ഷയുടെ കൃപയ്ക്കായി എന്നേക്കും പാടും;
മഹത്വത്തിൻ തെരുവുകളിൽ, ഞാൻ ശബ്ദം ഉയർത്തട്ടെ;
സകല ചിന്താ ഭാരവും തീർന്ന്, അവസാനം വീട്ടിലെത്തി, എന്നെന്നേക്കും ആനന്ദിക്കുമ്പോൾ.

300 ഓ, എന്റെ! അതെ. വചനത്തിന്റെ നിന്ദ സഹിക്കുക. വചനത്തോടൊപ്പം ഒരു നിന്ദയും പോകുന്നുണ്ട്. വചനത്തോട് ശരിക്കും ചേർന്നു നിൽക്കു, നിന്ദ സഹിക്കു.

നമുക്ക് പ്രാർത്ഥിക്കാം.

301 യേശുവേ, കഴിഞ്ഞ രാത്രിയിലെപ്പോലെ, കർത്താവേ, ഞാൻ നിലവിളിച്ചു, "ഓ യേശുവേ, ഞാൻ നിനക്കായി എന്തു ചെയ്യണം? കർത്താവേ, എനിക്ക് എന്തു ചെയ്യാൻ കഴിയും? ഇവയെല്ലാം കാണുകയും, ഞങ്ങൾ ജീവിക്കുന്ന കാലത്തെ അറിയുകയും ചെയ്തിട്ട്, കർത്താവേ, എനിക്ക് എന്തു ചെയ്യാൻ കഴിയും? എനിക്ക് എന്ത് ചെയ്യാൻ കഴിയും?"

302 കർത്താവേ, എന്റെ ചെറിയ സഭയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ദർശനത്തിലെ ചെറിയ പക്ഷികളെക്കുറിച്ചും, അതിൽ ഉണ്ടായിരുന്ന കാര്യങ്ങളെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു; പിന്നെ മറ്റെ പക്ഷികളായി, അവ വലിയ കാര്യങ്ങളായിരുന്നു. കർത്താവേ, അവയിൽ മൂന്നു തട്ടുകളുണ്ടായിരുന്നു. എന്നാൽ ആ ദൂതന്മാർ അടുത്തു വന്നപ്പോൾ, അവിടെ ഒരു പക്ഷിയും ശേഷിച്ചിരുന്നില്ല. ചെറിയ സന്ദേശവാഹകർ അതിശയകരമായിരുന്നു, കർത്താവേ, എന്നാൽ എന്തോ ചിലത് സംഭവിക്കാൻ പോകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവേ, അങ്ങനെയാകട്ടെ. ഞങ്ങളെ ഉടച്ച് നിന്റേതായ രീതിയിൽ വാർക്കണമെ. ഞങ്ങൾ—ഞങ്ങൾ കളിമണ്ണാകുന്നു. നീ കുശവനും.

303 ഈ ക്രിസ്തുമസ് രാവിന്റെ തലേന്ന്, കർത്താവേ, ഞങ്ങൾക്ക് ദൈവം നൽകിയ ദാനത്തിനായി, ഞങ്ങൾ വളരെ നന്ദിയുള്ളവരാണ്. ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വസിക്കുന്നതുപോലെ, ഇത് എന്തോ ചിലതാണെങ്കിലും, ഒരു ദിവസത്തുണ്ടായിരുന്ന ചില സംഘം ചേരലും പുറജാതീയ അന്ധവിശ്വാസങ്ങൾ പോലെ അവർ അതിനെ ഒരു— ഒന്ന് ഉണ്ടാക്കാൻ ശ്രമിക്കുന്നു, ക്രിസ്തു ദിവ്യബലി, പക്ഷേ ഞങ്ങൾ സാന്താ ക്ലോസ് പിന്നെ—പിന്നെ ക്രിസ്തുമസ് ട്രീ എന്നിങ്ങനെയുള്ള രീതിയിലൂടെ അല്ല വരുന്നത്. എന്നാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ആരാധിക്കാൻ, ഞങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിൽ വരുന്നു, ഞങ്ങളെ വീണ്ടെടുക്കാൻ, ഞങ്ങളെപ്പോലെ ശരീരത്തോടെ, ഞങ്ങളുടെ ഇടയിൽ വസിച്ച്, ജഡമായി തീർന്ന്; നാമത്തിന്റെ നിന്ദയാൽ കഷ്ടം അനുഭവിച്ചു, ക്രൂശിന്റെ നിന്ദയും സഹിച്ചു, അവൻ ഞങ്ങളിലേക്ക് നിത്യ ജീവനെ കൊണ്ടുവരാനായി, ലോക സ്ഥാപനത്തെ ഇമ്മാനുവേലിനെ കൊല്ലാൻ അനുവദിച്ചു.

304 ഞങ്ങൾ ആരാണ്, കർത്താവേ? എന്തെങ്കിലും വിധത്തിലുള്ള നിന്ദ ഒഴിവാക്കാൻ, ഞങ്ങൾ ആരാണ്? ദൈവമേ, ഞങ്ങളെ ധീരരായ സൈനികരാക്കിയാലും. പിതാവേ, ഞാൻ ഈ വാക്കുകളെ നിനക്കു സമർപ്പിക്കുന്നു. അവ പൊട്ടി മുറിഞ്ഞവ ആയിരിക്കാം; എന്നെപ്പോലെ ക്ഷീണിച്ചും മുഷിഞ്ഞതും. പക്ഷേ, പിതാവേ, ഇരുന്നുകൊണ്ട് കേൾക്കുന്ന ഈ ജനങ്ങൾക്ക് പ്രതിഫലം നൽകിയാലും. ഈ അന്ത്യ കാലത്ത്, ഒരു രക്ഷകനായി ഇവിടെ ഞങ്ങൾക്ക് സമർപ്പിച്ച, ഞങ്ങളുടെ കർത്താവിനെ വളർത്തിയ ആ ശക്തി, കർത്താവേ, ഇവിടെയുള്ള സകല ആത്മാവിനെയും ഉത്തേജിപ്പിച്ച് കർത്താവായ യേശുവിന്റെ വരവിനോട് അടുപ്പിക്കട്ടെ. പിതാവേ, അത് അങ്ങനെയാകട്ടെ.

305 ഞങ്ങളുടെ ഇടയിലുള്ള രോഗികളെയും പീഡിതരേയും സൌഖ്യമാക്കിയാലും. ഹൃദയം-തകർന്നവരെ വെച്ചു കെട്ടിയാലും.

കർത്താവേ, ഞങ്ങൾ...ഞങ്ങൾ വളരെ ദൂരം പോയിരിക്കുന്നു, കർത്താവേ, കഠിനമായ പോരാട്ടങ്ങളിൽ നിന്ന്, എന്റെ ഹൃദയത്തിൽ മുറിപ്പാടുകൾ ഉണ്ടായിട്ടുണ്ട്. ഞാൻ ഒരു പണ്ടത്തെ അനുഭവ സമ്പത്തുള്ളവനാണ്. കർത്താവേ, എന്നെ സഹായിച്ചാലും. എനിക്ക് നിന്റെ സഹായം ആവശ്യമുണ്ട്. ഒരുപക്ഷേ ഈ പരിശീലനമെല്ലാം ഒരു ഉദ്ദേശ്യത്തിനായിരിക്കാം. കർത്താവേ, അങ്ങനെ സംഭവിച്ചെന്നു ഞാൻ വിശ്വസിക്കുന്നു. ഓ ദൈവമേ, എന്നെ സഹായിക്കൂ. ഈ സഭയെ സഹായിക്കൂ. ഞങ്ങളെ ഒരുമിച്ച് അനുഗ്രഹിക്കേണമേ.

306 കൊച്ചു കുട്ടികളെ അനുഗ്രഹിച്ചാലും. ഞാൻ ഇന്ന് പലരേയും കുറിച്ച് ചിന്തിക്കുന്നു, ചെറിയ, പാവപ്പെട്ട ചെറിയ കുട്ടുകാർക്ക് അവിടെ ഒന്നും ലഭിച്ചിരിക്കില്ല. നീ അവരോടൊപ്പം ആയിരിക്കാനും അവരെ സഹായിക്കാനും ഞാൻ—ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവേ, അവർക്ക് നിത്യ ജീവൻ നൽകിയാലും. അതാണ് മികച്ചത്...അതാണ് ഞങ്ങൾക്ക് വേണ്ട ക്രിസ്തുമസ് സമ്മാനം, എന്റെ ഹൃദയത്തിൽ ഭരിക്കാനും വാഴാനുമുള്ള യേശു ക്രിസ്തുവിന്റെ ജീവൻ. അതാണ് എനിക്ക് വേണ്ടത്, കർത്താവെ.

307 ഞങ്ങളെ, ഇപ്പോൾ ഒരുമിച്ച് അനുഗ്രഹിച്ചാലും. ഞങ്ങൾ ഈ വാക്കുകളെ നിനക്ക് സമർപ്പിക്കുന്നു. കർത്താവേ, അവ എവിടെ വീഴേണം എന്നു തീരുമാനിച്ചിരിക്കുന്നോ അവിടെ വീഴട്ടെ. ആ ഹൃദയങ്ങൾ എവിടെല്ലാം തുറക്കുന്നിരിക്കുന്നോ, യേശുവിന്റെ നാമത്തിൽ, അവർ ഒരു വലിയ രക്ഷാ സമയത്തെ പുറപ്പെടുവിക്കട്ടെ. ആമേൻ.

308 എപ്പോഴെങ്കിലും...എത്രപേർ അവനെ സ്നേഹിക്കുന്നു? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] എങ്ങനെയും, അതിനുവേണ്ടി അത്രയും തിരക്കിലാണോ? ഓ, ഞാൻ അവനെ സ്നേഹിക്കുന്നു! ഞാൻ അവനെ സ്നേഹിക്കുന്നു. "കർത്താവെ, ഞാൻ അങ്ങേക്കായി ഞാൻ എന്തു ചെയ്യേണം?"

309 ഇന്ന് രാത്രിയിലെ ശുശ്രൂഷ മറക്കരുത്. ക്രിസ്തുമസ് എന്നാൽ എന്തു അർത്ഥമാക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായോ? ഓ, *ഇതാണ്* എന്റെ ക്രിസ്തുമസ് സമ്മാനം. *ഇത്* ആ വചനമാണ്. കർത്താവേ, എനിക്ക് എന്നെ മാറ്റി നിർത്താൻ കഴിഞ്ഞാൽ, എനിക്ക് എന്നെ സ്വയം വഴിയിൽ നിന്നും മാറ്റാൻ കഴിഞ്ഞാൽ അതിനാൽ നിന്റെ വചനത്തിനു അത് പ്രകടിപ്പിക്കാൻ കഴിയും, അതിനു സ്വയം *ഇവിടെക്കൂടെ*, അതാണ്—അതാണ് ഞാൻ അറിയുന്ന ഏറ്റവും വലിയ കാര്യം.

310 ഇപ്പോൾ കുട്ടികൾക്ക് നൽകാൻ ആഗ്രഹിക്കുന്ന ചില സാധനങ്ങൾ അവർക്ക് കിട്ടി എന്നു ഞാൻ കരുതുന്നു. ഇപ്പോൾ ഞാൻ ശുശ്രൂഷ സഹോദരൻ നെവിലിനു തിരികെ കൊടുക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സഹോദരൻ നെവിൽ.

വചനത്താൽ ഉളവായ നിന്ദ MAL62-1223

(The Reproach For The Cause Of The Word)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1962, ഡിസംബർ 23, ഞായറാഴ്ച രാവിലെ, അമേരിക്കൻ ഐക്യനാട്ടിലെ, ഇൻഡ്യാനെയിലുള്ള, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS

P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.

www.branham.org